2020 MAY \ VOL 19 \ ISSUE 5 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## കൊറോണ പഠിപ്പിക്കുന്നത്

ഫാ. ജോർജ് അമ്പഴത്തുങ്കൽ

## ഞാൻ പറഞ്ഞിട്ടാണോ?

ജോയിച്ചൻ മണലാൽ

## ഐ ഡോണ്ട് കെയർ! ബട്ട്...

എൽസീന ജോസഫ്

JESUS YOUTH A MISSIONARY MOVEMENT AT THE SERVICE OF THE CHURCH



സേവ്യർ വീവീ പി.വി

പരിശുദ്ധ അമ്മയുടെ പ്രതിബിംബം

# ധന്യയായ മരിയ തെരേസ ഗൊൺസേലസ് ക്വവേദോ

## Venerable Maria Teresa Gonzalez Quevedo



പരിശുദ്ധ അമ്മയോട് പ്രത്യേകമാംവിധം സ്നേഹവും ഭക്തിയും പ്രകടിപ്പിക്കാത്ത വിശുദ്ധർ തിരുസഭയിൽ ഇല്ലെന്നുതന്നെ പറയാം! ക്രിസ്തുവിൽ എത്തിച്ചേരാനുള്ള എളുപ്പ മാർഗം പരിശുദ്ധ അമ്മയാണെന്ന് മരിയഭക്തരായ വി.ജോൺ പോൾ പാപ്പയും, വി. കൊച്ചു ത്രേസ്യയും, വി. പാദ്രേ പിയോയും, വി. ലൂയിസ് ഡി മോൺഫ് ഫോർട്ടുമെല്ലാം അവരുടെ ജീവിതങ്ങളിലൂടെ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ധന്യ മരിയ തെരേസ ക്വവേദോയുടെ ജീവിതവും ഇതിൽ നിന്നു വ്യത്യസ്തമല്ല.

"പരിശുദ്ധ ദൈവമാതാവേ, എന്നെ കാണുന്നവർ എന്നിലൂടെ അങ്ങയെ കാണട്ടെ" – ഇതായിരുന്നു തെരേസിറ്റ എന്ന് ഓമനപ്പേരുള്ള മരിയ തെരേസയുടെ ആപ്തവാക്യം. പതിന്നാലാം വയസ്സിൽ മരിയൻ സൊഡാലിറ്റിയിൽ അംഗമായി ചേർന്നപ്പോൾ അവളുടെ മെഡലിൽ ആലേഖനം ചെയ്യാൻ അവൾ തെരഞ്ഞെടുത്ത ഈ വാക്യം സ്വജീവിതത്തിൽ അവൾ അന്വർഥമാക്കിയതിനാലാണ് തെരേസിറ്റയുടെ ജീവചരിത്രകാരന്മാർ അവളെ പരിശുദ്ധ അമ്മയുടെ കണ്ണാടി/പ്രതിബിംബം എന്നു വിശേഷിപ്പിച്ചിരുന്നത്.

കുഞ്ഞു തെരേസിറ്റ ഒരു പിടിവാശിക്കാരിയും വികൃതിയും ചില നേരങ്ങളിൽ തന്നിഷ്ടക്കാരിയും ആയിരുന്നു. തീൻമേശയിൽ മിക്കപ്പോഴും അവൾക്കിഷ്ടപ്പെടാത്ത ഭക്ഷണ സാധനങ്ങളെക്കുറിച്ച് പരാതി പറയുകയും പിറുപിറുക്കുകയും ചെയ്യുമായിരുന്നു അവൾ. അവളുടെ ആഗ്രഹത്തിനെതിരായി എന്തെങ്കിലും സംഭവിച്ചാൽ അതുമതി തെരേസിറ്റയുടെ കണ്ണു നിറയാൻ. ആദ്യകുർബാന സ്വീകരണത്തോടെ ഇക്കാര്യങ്ങളിൽ കുറച്ചൊക്ക മാറ്റം വന്നെങ്കിലും ഇത്തരം സ്വഭാവം പൂർണമായും മാറ്റണമേയെന്ന് അവൾ പരിശുദ്ധ കന്യകാമറിയത്തോട് നിരന്തരം മാധ്യസ്ഥം യാചിച്ചിരുന്നു. ക്രമേണ ഇത്തരം സാഹചര്യങ്ങളിൽ വീട്ടുകാരെപ്പോലും അതിശയിപ്പിക്കുന്ന വിധത്തിൽ വിവേകത്തോടും മുതിർന്നവർക്കടുത്ത പക്വതയോടുംകൂടെ പെരുമാറാനായി തെരേസിറ്റയ്ക്കു സാധിച്ചു. പഠനത്തിലും ബാസ്കറ്റ്ബോൾ കളിയിലുമെല്ലാം മികച്ചു നിന്ന തെരേസിറ്റ സ്കൂളിലെ അറിയപ്പെടുന്ന താരമായിരുന്നു. അതുകൊണ്ടുതന്നെ പതിനേഴാം വയസ്സിൽ കർമലീത്താ സന്യാസിനിയാവണമെന്ന് അവൾ തീരുമാനമെടുത്തപ്പോൾ ചിലർക്കെങ്കിലും അത് അമ്പരപ്പിനു കാരണമായി.

ആയിടക്കാണ് തെരേസിറ്റയ്ക്ക് വായിക്കാൻ ഒരു ആത്മീയ പുസ്തകം ആരോ കൊടുത്തത്. പൊതുവേ പുസ്തകം വായിക്കാൻ മടികാണിച്ചിരുന്ന തെരേസിറ്റ, മെയ് മാസമായതിനാൽ പരിശുദ്ധ അമ്മയോടുള്ള സ്നേഹത്തെ പ്രതി ഈ കുഞ്ഞുത്യാഗം ഏറ്റെടുക്കാൻ തീരുമാനിച്ചു. വിവിധ ജീവിതാന്തസ്സുകളിലേക്കുള്ള ദൈവവിളിയെക്കുറിച്ച് പ്രതിപാദിക്കുന്ന ആ പുസ്തകത്തിൽ സന്യാസത്തെക്കുറിച്ചുള്ള ഭാഗം വായിച്ചുകഴിഞ്ഞപ്പോൾ ഇതാണ് തന്റെ ദൈവവിളി എന്ന് സന്തോഷത്തോടെ അവൾ തിരിച്ചറിഞ്ഞു. അങ്ങനെയാണ് ഉപവിയുടെ കർമലീത്താ സന്യാസിനിമാരുടെ സഭയിൽ തെരേസിറ്റ ചേരുന്നത്. തെരേസിറ്റയ്ക്ക് പരിശുദ്ധ അമ്മയോടുണ്ടായിരുന്ന ഭക്തിയും ജപമാല ചൊല്ലുമ്പോൾ അവൾ കാണിച്ചിരുന്ന ഏകാഗ്രതയും മഠത്തിലെ യുവ സന്യാസിനിമാർക്ക് പലർക്കും മാതൃകയും പ്രചോദനവുമായിത്തീർന്നു.

ആയിടയ്ക്കാണ് പന്ത്രണ്ടാം പീയൂസ് പാപ്പ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിയത്. തെരേസിറ്റ ഈ വാർത്ത അറിഞ്ഞ് അതീവ സന്തോഷവതിയായി. എന്നാൽ സഹസന്യാസിനിമാരോട് അവൾ പറഞ്ഞു: "ഈ പ്രഖ്യാപനം ഞാൻ പരിശുദ്ധ അമ്മയോടുകൂടെ സ്വർഗത്തിലിരുന്നായിരിക്കും വീക്ഷിക്കുക!" അവർ അവളെ കളിയാക്കി, കാരണം ആരോഗ്യപരമായി തെരേസിറ്റയ്ക്ക് ഗുരുതരമായ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അധികം വൈകാതെ കഠിനമായ തലവേദന അവളെ അസ്വസ്ഥതപ്പെടുത്താൻ തുടങ്ങി; ട്യൂബർക്കുലസ് മെനിഞ്ചൈറ്റിസ് ആണെന്ന് പരിശോധനാഫലത്തിൽ നിന്നും മനസ്സിലായി. എന്നാൽ കഠിനമായ വേദനയിലും ബുദ്ധിമുട്ടുകളിലും പുഞ്ചിരിക്കുന്ന മുഖവുമായി പരിശുദ്ധ അമ്മയിൽ ആശ്രയിച്ചുകൊണ്ട് സഹനങ്ങൾക്ക് അവൾ നന്ദി പറഞ്ഞു. മരണവിനാഴികയിൽ അവളുടെ മുഖം പ്രകാശമാനമായി. മുകളിലേക്കു നോക്കി പുഞ്ചിരിച്ചുകൊണ്ട് അവൾ ഇപ്രകാരം വിളിച്ചു പറഞ്ഞു: "ഓ എത്ര സുന്ദരം! മാതാവേ, അങ്ങ് അതീവ മനോഹരിയായിരിക്കുന്നു!" തന്റെ പ്രിയ മകളെ സ്വർഗത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ പരിശുദ്ധ അമ്മ തന്നെ നേരിട്ടുവന്നതാവണം!

അധികം വൈകാതെതന്നെ മരിയ തെരേസയുടെ നാമകരണ നടപടികൾക്ക് ആരംഭം കുറിച്ചു. 1983–ൽ വി. ജോൺ പോൾ രണ്ടാമൻ പാപ്പ അവളെ ധന്യയായി പ്രഖ്യാപിച്ചു.

മരിയ തെരേസയുടെ മാതൃക പിഞ്ചെന്ന് ഈ മാസത്തിൽ നമുക്കും പരിശുദ്ധ അമ്മയോട് കൂടുതൽ സ്നേഹവും ഭക്തിയും പ്രകടിപ്പിക്കാം, നമ്മുടെ അമ്മയുടെ വിരൽത്തുമ്പിൽ പിടിച്ച് ഈശോയിലേക്ക് നടന്നടുക്കാം.

# എഡിറ്റേഴ്സ് റൂം



അഡ്വ. കെ.ജെ. ജോൺസൺ



# ഈ നാട് നമ്മുടേതാണോ ?

"മോനെ ഇതെല്ലം നിന്റേതാണ്. കേട് വരുത്തരുതട്ടോ." കളിപ്പാട്ടങ്ങൾ ചെറുമകനെ ഏൽപിച്ചിട്ട് മുത്തശ്ശി തൊടിയിലേക്കിറങ്ങി. തിരിച്ചുവന്നപ്പോൾ കളിപ്പാട്ടങ്ങൾ കേടാക്കിയിരിക്കുന്നതു കണ്ട് അരിശത്തോടെ നിന്ന മുത്തശ്ശിയോട് അവൻ പറഞ്ഞു: "മുത്തശ്ശീ, എന്റെ കളിപ്പാട്ടങ്ങളല്ലേ ഞാൻ കേടാക്കിയത്."

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ മുത്തശ്ശി പറഞ്ഞു: "ഇവിടയുള്ളതൊന്നും നിന്റേതല്ല. നിന്റെയച്ഛന്റെതാണ്." കുറച്ചു സമയം കഴിഞ്ഞു വന്ന മുത്തശ്ശി കാണുന്നത്, വീട്ടിലെ ഫോൺ എടുത്തു കളിക്കുന്ന ചെറുമകനെയാണ്. അമർഷത്തോടെ നിന്ന മുത്തശ്ശിയെ നോക്കി അവൻ പറഞ്ഞു: "മുത്തശ്ശി ഇതെന്റെയല്ലല്ലോ കേടുവന്നാൽ പിന്നെ  എന്താകുഴപ്പം?"

വിവിധങ്ങളായ മൂല്യങ്ങളിലാണ് മനുഷ്യസമൂഹം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. എന്നാൽ മൂല്യങ്ങളെ സ്വന്തം വീക്ഷണകോണിലൂടെ നോക്കിക്കാണാനും സ്വന്തം താത്പര്യ പ്രകാരം വ്യാഖ്യാനിക്കാനുമുള്ള വ്യഗ്രതയും ഇന്ന് കൂടിവരുകയാണ്. ഈ മൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മറ്റുള്ളവരോടുള്ള കരുതലാണ്. എല്ലാവരും വിശന്നിരിക്കുന്ന കാലത്ത് ഒരാൾക്ക് കിട്ടുന്ന ഭക്ഷണപ്പൊതി കൂടെയുള്ളവർക്കുകൂടി പങ്കുവയ്ക്കാൻ കാണിക്കുന്ന മനോഭാവമാണ് ഈ കരുതൽ. ലോക്ഡൗൺ കാലത്ത് തന്റെ കൂടെ ആദ്യനാളുകളിൽ പ്രവർത്തിച്ചിരുന്നവരെ ഓർത്തെടുത്ത് അവരെ വിളിച്ചതിന്റെ അനുഭവം പങ്കുവയ്ക്കുന്നുണ്ട്, ചലച്ചിത്ര നടൻ ശ്രീ.മോഹൻലാൽ. ധനം പങ്കുവയ്ക്കുന്നത് മാത്രമല്ല, ഈ  കരുതലിന്റെയർഥം. ഗുരുസ്ഥാനീയനായ ഡോക്ടറുടെ മൃതശരീരം മറവു ചെയ്യാൻ കഷ്ടപ്പാടുകൾ സഹിച്ച ഡോക്ടർ പ്രദീപ്, വൈറസ് ബാധിതരെ ആത്മാർഥതയോടെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകർ, സാമൂഹിക അകലം പരിശീലിക്കുന്നതിനും രോഗവ്യാപനം തടയുന്നതിനുമായി അക്ഷീണം പരിശ്രമിക്കുന്ന സേനാ വിഭാഗങ്ങൾ എന്നിങ്ങനെ പോകുന്നു കരുതലിന്റെ ഉദാഹരണങ്ങൾ.

കോവിഡ് 19 എന്ന മഹാമാരിയുടെ കാലഘട്ടം നമ്മിലുള്ള ഈ മൂല്യത്തെ ഉണർത്താനുള്ള സമയം കൂടിയാണ്. സഹജീവികളോട് കരുതൽ കാണിക്കാൻ ഓരോ മനുഷ്യനും വ്യത്യസ്ത രീതികളുണ്ട്. പക്ഷേ, അടിസ്ഥാനപരമായി വേണ്ടത് അതിനായുള്ള മനോഭാവമാണ്. മനുഷ്യരോടും ജീവജാലങ്ങളോടുമുള്ള കരുതലാണ് ഇതിൽ പ്രധാനപ്പെട്ടത്. നമ്മളിന്നേവരെ കാണാത്തതും വിഭാവനം ചെയ്യാത്തതുമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ സാഹചര്യത്തിനനുസൃതമായി മറ്റുള്ളവരെ എങ്ങനെ സഹായിക്കാം, ക്രിസ്തുവിന്റെ കണ്ണിലൂടെ അവരെ എങ്ങനെ കാണാമെന്നുമാണ് നാമറിയേണ്ടത്. ദൈവവചനം നമ്മെ ഓർമിപ്പിക്കുന്നുണ്ടല്ലോ, "ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോര, മറിച്ച് മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ.".

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

കെയ്റോസ്

Kairos | May 2020 | Vol 19 | Issue 5

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Joseph Ezhumayil *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
Ginees Francis 9562379515 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@kairos.global)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

**Circulation Managers**
Leena Shaju +91 6238279115 circulations@kairos.global
Leema Alex +91 6238105775 circulations@kairos.global

**Associate Circulation Managers**
*Australia:* Mintu Vijoy, Melbourne +61 452538785
*Bahrain:* Roshan George, Manama + 973 36906995
*Cambodia:* Sophearong Ravy, Phnom Penh +855 964265472
*Canada:* Joby Joseph, Ontario +12899 686 074
*Germany:* Anna Paul, Berlin +49 176 83495451
*India:* Leena Shaju, Cochin +91 6238279115
Jackulin Sheela, Mumbai +91 9967329244
*Ireland:* Suresh V Joy, Dublin. +35 3879630904
*Israel:* Jaison K Thattil, Tel Aviv +972 559425308
*Kuwait:* Anish Thomas Kappil, Salmiya +965 90063685
*Malaysia:* Deepu James, KL Sentral +60 12649 4628
*Netherlands:* Jojo Varghese, Utrecht +31 684974552
*New Zealand:* Derick Daniel, Auckland +64 291270650
*Oman:* Jiju Paul, Muscat +968 99467516
*Papua New Guniea:* Abin Michael, Port Moresby +675 74794368
*Qatar:* Jomichan P George, Doha + 974 33688437
*Singapore:* Jilu Nobin, Sengkang +65 93294529
*Switzerland:* Joseph C Robert, Zurich +41 762499295
*Thailand:* Mary Harris, Bangkok +66 843138626
*UAE:* Thomas Komban, Dubai + 971 553009006
*Uganda:* Dominic Mathew, Kampala +256 757207200
*UK:* Mathachan Madukkakuzhy Stoke on Trent + 44 7969365686
*USA:* Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@kairos.global

**Office**
Smitha Jose: smitha.jose@kairos.global

**Mailing Address**
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos Twitter.com/kairosmalayalam

**Design**
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

# താളുകളിൽ




Cover Photo by Vitalik Radko
depositphotos.com

LOCKDOWN

**12**
**കൊറോണ പഠിപ്പിക്കുന്നത്**
ഫാ. ജോർജ് അമ്പഴത്തുങ്കൽ

**കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ**

PRINT | ONLINE (ENG) | ONLINE (MAL)

# മറുപടീസ്




## ഐ ഡോണ്ട് 18 കെയർ! ബട്ട്...

എൽസീന ജോസഫ്


06 ദൈവത്തിന്റെ മൗനം
ജോയിച്ചൻ മണലാൽ

08 എഡ്യിസ്പീക്കിങ്
ഡോ. എഡ്‌വേർഡ് എടേഴത്ത്

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

44 സ്മാർട്ട്കിഡ്സ്
ആൽഡ്രിൻ ജോസഫ് & വെങ്കി


പ്രിയ കെയ്റോസ് സുഹൃത്തുക്കളെ, തുടർച്ചയായി കെയ്റോസ് വായിക്കുന്നുണ്ട്. എന്റെ ഇടവകയിൽ മാസിക വിതരണം ചെയ്യുവാൻ സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയുന്നു. ഒത്തിരി ഹൃദയസ്പർശിയായ ലേഖനങ്ങളും, ദൈവാനുഭവമുള്ള ഉള്ളടക്കങ്ങളും സമൂഹത്തിനു നൽകുവാൻ കെയ്റോസ് വലിയ പങ്കുവഹിക്കുന്നു എന്ന് ഈ അവസരത്തിൽ എടുത്തു പറയുന്നു. കഴിഞ്ഞ ലക്കത്തിൽ യുവ മൈസ്റ്റോറി എന്നെ വളരെ ചിന്തിപ്പിച്ചു. ആയിരിക്കുന്ന ഇടങ്ങളിൽ സ്വന്തമായിട്ടുള്ള സന്തോഷം വേണ്ടെന്നുവച്ച് സമൂഹത്തിനു വേണ്ടി 'നന്മരങ്ങൾ' ആകുന്ന സാധാരണക്കാർ. ഇനിയും ഇങ്ങനെയുള്ള ജീവിതാനുഭവങ്ങളെ കെയ്റോസിലൂടെ പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ജീവിക്കുന്ന സുവിശേഷമാകുവാൻ പ്രചോദനമാകട്ടെ എന്ന പ്രാർഥനയോടെ.

അജോ അഗസ്റ്റിൻ, കുവൈറ്റ്.

### ശ്രദ്ധിക്കുമല്ലോ

പ്രിയമുള്ളവരേ കെയ്റോസ് മാസികയുടെ വരിക്കാരാകാനാഗ്രഹിക്കുന്നവർക്കും കെയ്റോസിന്റെ ഈ യുവജന ശുശ്രൂഷയിൽ, സാമ്പത്തികമായി സഹായിക്കുവാനാഗ്രഹിക്കുന്നവർക്കും NEFT വഴിയോ, മറ്റേതെങ്കിലും രീതിയിലോ ബാങ്കിലേക്കു പണമടയ്ക്കാവുന്നതാണ്. ഇങ്ങനെ ബാങ്കിൽ പണമടയ്ക്കുന്നവർ ഈ വിവരം ദയവായി ഓഫീസിലേയ്ക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

94465 63335, 0484 2984327

*ബാങ്കുവഴി പണമടയ്ക്കുവാൻ:*

KAIROS TRUST, SB A/c No. 13060100110898
IFSC - FDRL 0001012
FEDERAL BANK, KALAMASSERY

*ഓഫീസ് വിലാസം:*

കെയ്റോസ് മീഡിയ, 8/174
നവോദയ സ്റ്റുഡിയോ കോംപ്ലക്സ്
തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682030
0484 2984327
kairosmag@kairos.global



ജോയിച്ചൻ മണലാൽ

# ഞാൻ പറഞ്ഞിട്ടാണോ?

**ഇന്നു ലോകം ചോദിക്കുന്നു; ഈ കോവിഡ് 19 വൈറസിനെ ദൈവമെന്തുകൊണ്ടു തടയുന്നില്ല. ഇതു ദൈവമില്ല എന്നതിന്റെ തെളിവല്ലേയെന്ന് നിരീശ്വരർ ചോദിക്കുന്നു.**

അപ്പോൾ കൊറോണ ലോകത്തെ മുഴുവൻ നിശ്ചലമാക്കി. ഒപ്പം, ദൈവത്തെപ്രതി വാദപ്രതിവാദം നടത്തുകയും ആക്രോശിക്കുകയും കലഹിക്കുകയും കൊല്ലുകയും ചെയ്തുപോന്ന മതവിശ്വാസികളെയും മതതീവ്രവാദികളെയും നിരീശ്വരരെയും, അവരുടെ ആരാധനാലയങ്ങളൊക്കെ അടച്ചുപൂട്ടി. ആ പരിപൂർണ നിശ്ശബ്ദതയിൽ ദൈവം സംസാരിച്ചു തുടങ്ങി.

ഇന്നു ലോകമെങ്ങും എന്റെ മക്കൾ ചോദിക്കുന്നു: ഈ കോവിഡ് 19 വൈറസിനെ ദൈവമെന്തുകൊണ്ടു തടയുന്നില്ലെന്ന്. “ഇതു ദൈവമില്ല എന്നതിന്റെ തെളിവല്ലേ?” അവരിൽ നിരീശ്വരർ ചോദിക്കുന്നു. നിരീശ്വരരുടെ ചോദ്യത്തിലുള്ള അജ്ഞതയെക്കാൾ ഗൗരവമുള്ളത് വിശ്വാസികളുടെ അജ്ഞതയാണെന്നറിയുക. വിശ്വാസികളും ഉള്ളിൽ ചോദിക്കുന്നുണ്ട്, എന്തുകൊണ്ടു ദൈവമേ എന്ന്.

ആരാണ് ഉത്തരവാദിയെന്ന് പറയുക.

ഞാൻ പറഞ്ഞിട്ടാണോ ആദിമാതാപിതാക്കൾ പാപം ചെയ്തത്? കായേൻ ആബേലിനെ വധിച്ചത്? സോദോം ഗോമോറയിൽ ദുഷ്ടതയും പാപവും കുന്നുകൂട്ടിയത്? പ്രവാചകന്മാരിലൂടെ പലവുരു സംസാരിച്ചിട്ടും ജനം പാപത്തിലും ദുശ്ശാഠ്യങ്ങളിലും തുടർന്നത്? പ്രവാചകന്മാരെ വധിച്ചത്? ഒടുവിൽ രക്ഷകനായി വന്ന ദൈവപുത്രനെത്തന്നെയും നിഷ്ഠൂരമായി ക്രൂശിച്ചത്? അവനെപ്പോലെ ജീവിച്ച വിശുദ്ധരെ വധിച്ചത്? ഇന്നും വധിക്കുന്നത്? പിറക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട കുഞ്ഞുങ്ങൾ നിസ്സഹായരായി അമ്മമാരുടെ ഗർഭപാത്രങ്ങളിൽ വധിക്കപ്പെടുന്നത്...?

ഞാൻ പറഞ്ഞിട്ടാണോ മനുഷ്യ വംശത്തിന്റെതന്നെ അന്ത്യം കുറിക്കാൻ കഴിവുള്ള ആണവായുധങ്ങളും രാസായുധങ്ങളും വൻതോതിൽ നിർമിക്കപ്പെടുന്നത്? ജനിതകമാറ്റം വരുത്തി മാരകമായ വൈറസുകൾ ലാബുകളിൽ സൃഷ്ടിക്കപ്പെടുന്നത്? ദാരിദ്ര്യം അനുഭവിക്കുന്ന ലോകമെങ്ങുമുള്ള എന്റെ പ്രിയപ്പെട്ട മക്കളുടെ ആവശ്യങ്ങൾക്കുള്ള സമ്പത്ത് സർവനാശത്തിനുവേണ്ടി ഉപയോഗിക്കുന്നത്...?

നിങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഞാൻ സൃഷ്ടിച്ച ഓസോൺ പാളികളിൽ ഞാൻ പറഞ്ഞിട്ടാണോ നിങ്ങൾ ഫാക്ടറികളിൽ നിന്നുള്ള മാരകമായ വിഷപ്പുകകൊണ്ട് വിള്ളലുകൾ സൃഷ്ടിക്കുന്നതും പ്രപഞ്ചത്തിന്റെ നിലനില്പിനുതന്നെ ഭീഷണി സൃഷ്ടിക്കുന്നതും? ഫാക്ടറികളിൽ നിന്നുള്ള വിഷമാലിന്യങ്ങളൊഴുക്കി നദികളും സമുദ്രവും വിഷലിപ്തമാക്കുന്നതും അവയിലെ അസംഖ്യം ജീവജാലങ്ങളെ കൊന്നൊടുക്കുന്നതും? പ്രകൃതിയുടെ ശ്വാസകോശങ്ങളായ നിബിഢവനങ്ങൾ കൈയേറി തീയിട്ട് നിങ്ങൾക്കു ശ്വസിക്കുന്നതിനുള്ള ശുദ്ധവായു ഇല്ലാതാക്കുന്നതും അവയിലെ പക്ഷികളുടെയും മൃഗങ്ങളുടെയും ജീവൻ നശിപ്പിക്കുന്നതും...?

ഞാൻ പറഞ്ഞിട്ടാണോ മനുഷ്യർക്കു ഭക്ഷിക്കാനായി തയ്യാറാക്കുന്ന ഭക്ഷ്യധാന്യങ്ങളും പഴങ്ങളും പച്ചക്കറികളും മത്സ്യവും മാംസവുമെല്ലാം വിഷത്തിൽ കുളിപ്പിച്ചെടുക്കുന്നതും അതു കഴിക്കുന്ന എന്റെ മക്കളെ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്കും മരണത്തിനും എറിഞ്ഞു കൊടുക്കുന്നതും...?

എന്നിട്ട് ഇതിന്റെയൊക്കെ പരിണിതഫലം അവരെ തേടിയെത്തുമ്പോൾ ഇതെല്ലാം ചെയ്യുന്നവർ തന്നെ എന്റെ നേരെ വിരൽ ചൂണ്ടുന്നു. വിശ്വാസികൾ “കർത്താവേ രക്ഷിക്കണേ” എന്നു കേണപേക്ഷിച്ചു കൊണ്ടിരിക്കുന്നു. രണ്ടും തെറ്റ്. രക്ഷിക്കണേ, രക്ഷിക്കണേയെന്ന് നിങ്ങൾ നിരന്തരം കേണപേക്ഷിക്കുമ്പോൾ കുട്ടികളും നിരീശ്വരരും ഉൾപ്പെടെയുള്ളവർക്ക് എന്നെക്കുറിച്ച് നിങ്ങൾ നൽകുന്ന ചിത്രമെന്താണ്? ഞാനാണ് ഈ ദുരിതങ്ങളൊക്കെ നൽകുന്നതെന്നായിരിക്കില്ലേ? മനുഷ്യരുടെ കുറ്റങ്ങളും പാപങ്ങളും സൂക്ഷ്മതയോടെ നിരീക്ഷിച്ച്, ശിക്ഷിക്കാൻ കാത്തിരിക്കുന്ന ക്രൂരനായ ഒരു ദൈവം ആണെന്നായിരിക്കില്ലേ? ഈ ദൈവത്തിന് ഇവരെ രക്ഷിക്കാൻ കഴിവില്ല എന്നായിരിക്കില്ലേ?

അപ്പോൾ നിങ്ങൾ ചോദിക്കുന്നു, എന്നാൽ അങ്ങെന്താ ഇതൊന്നും തടയാത്തത്?

ഞാൻ മനുഷ്യമക്കളെ സൃഷ്ടിച്ചത് പാവകളോ യന്ത്രങ്ങളോ ആയിട്ടല്ല. എന്റെ സാദൃശ്യത്തിൽ, സ്വതന്ത്രമനസ്സോടെ.

ഞാൻ ചോദിക്കട്ടെ, നിങ്ങൾ നിങ്ങളുടെ വീട്ടിലോ ഓഫീസിലോ ചെയ്യുന്ന ഓരോ കാര്യങ്ങളിലും, അതു നല്ലതോ അല്ലാത്തതോ ആകട്ടെ, അതു പരസ്യമോ രഹസ്യമോ ആകട്ടെ, അതതു സമയത്ത് ഞാൻ ഇടപെടുകയും തടസ്സപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ അതു നിങ്ങൾക്കിഷ്ടമാകുമോ? നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ നിയന്ത്രിച്ചപ്പോൾ എത്രമാത്രം ഒച്ചപ്പാട് നിങ്ങളുണ്ടാക്കി? ഞാൻ എന്റെ മക്കൾക്കു നൽകിയ സ്വതന്ത്രമനസ്സിനെതിരെ ഞാൻ പ്രവർത്തിച്ചാൽ എന്നെത്തന്നെ എതിർക്കുകയല്ലേ ഞാൻ ചെയ്യുന്നത്?

ഇനി പറയുന്നത് മനസ്സിരുത്തി കേൾക്കുക.

ആദിയിൽ ഞാൻ ഭൂമിയെ സൃഷ്ടിക്കുമ്പോൾ തന്നെ എന്റെ ചൈതന്യം അതിന്റെ മേലുണ്ടായിരുന്നു. മനുഷ്യൻ മനുഷ്യനെതി

രെയോ, പ്രകൃതിക്കെതിരെയോ, ദൈവത്തി നെതിരെയോ മറുതലിക്കുമ്പോൾ ഈ വിശുദ്ധ കൂട്ടായ്മയുടെ പാരസ്പര്യം നഷ്ട പ്പെടുന്നു. എനിക്കു വിരുദ്ധമായി ചെയ്ത പാപം ഭൂമിയ്ക്കെതിരെയായി ഭൂമിയും കണ്ടു. എനിക്കെതിരെ പാപം ചെയ്ത ആദത്തിനു മുമ്പിൽ മുള്ളുകളും മുൾച്ചെടികളും പുറ പ്പെടുവിച്ചതു ഭൂമിയാണ് (ഉത്പ 3,18). കായേൻ വധിച്ച ആബേലിന്റെ രക്തം ദൈവത്തെ വിളിച്ചു കരഞ്ഞ കായേന്റെ കൃഷിയിടത്തിൽ വിളവു നൽകാതിരുന്നതും ഭൂമി തന്നെ. (ഉത്പ 4,12). ഇന്നും അതേ മനു ഷ്യർ മനുഷ്യർക്കെതിരെയും പ്രകൃതിക്കെ തിരെയും ചെയ്തുകൂട്ടുന്ന അതിക്രമ ങ്ങൾക്കെതിരെ, പ്രകൃതി തന്നെ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നു.

"സ്രഷ്ടാവായ അവിടുത്തെ സേവിക്കുന്ന സൃഷ്ടി അധർമികളെ ശിക്ഷിക്കാൻ വെമ്പൽ

**അന്നത്തെ യുവതലമുറ 40 വർഷങ്ങൾ കഴിഞ്ഞ് വാർധക്യത്തിലെത്തി നിൽക്കുമ്പോൾ തങ്ങൾ ആശ്രയിച്ച ഭൗതിക സൗകര്യങ്ങളോ സമ്പത്തോ തങ്ങളെ സഹായിക്കാനില്ലാതെ കൊറോണയിൽ ശ്വാസം മുട്ടുന്നു.**

കൊള്ളുന്നു"വെന്ന് തിരുവചനത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ? (ജ്ഞാനം 16,24)

മനുഷ്യപുത്രൻ ക്രൂശിക്കപ്പെട്ട് നിലവിളിച്ചു പ്രാണൻ വെടിയുമ്പോൾ ഞാനല്ല സൂര്യന്റെ പ്രകാശം കെടുത്തി ഭൂമിയെ അന്ധകാരത്തി ലാഴ്ത്തിയത്; മനുഷ്യന്റെ ദുഷ്ടതയ്ക്കെ തിരെ സൂര്യൻ ക്ഷോഭിക്കുകയായിരുന്നു. ഞാനവിടെ പാറ പൊട്ടിക്കാൻ വന്നില്ല; കുഞ്ഞാടിന്റെ ബലിയർപ്പണം കണ്ടിട്ടും ഹൃദയം കൂടുതൽ കഠിനമാക്കിയ മനുഷ്യ രോടു പ്രതിഷേധിച്ച് പാറകൾ സ്വയം പൊട്ടി പ്പിളരുകയായിരുന്നു. ദേവാലയം തന്നെ യാണ് അതിന്റെ തിരശ്ശീല നടുവേ രണ്ടായി കീറുന്നത്. "പ്രപഞ്ചം നീതിമാന്മാർക്കു വേണ്ടി പോരാടുന്ന"താണ് ഇവിടെല്ലാം നിങ്ങൾ കണ്ടത് (ജ്ഞാനം 16,17).

ഞാൻ നിങ്ങൾക്കുവേണ്ടി എന്തു ചെയ്യുന്നു വെന്നു തിരുവചനം നിങ്ങൾക്കു പറഞ്ഞു തരുന്നുണ്ടല്ലോ.. "അങ്ങ് എല്ലാവരോടും കരുണ കാണിക്കുന്നു. അവിടത്തേക്ക് എന്തും സാധ്യമാണല്ലോ. "മനുഷ്യൻ പശ്ചാത്തപി ക്കേണ്ടതിന്" അവിടന്ന് അവരുടെ പാപ ങ്ങളെ അവഗണിക്കുന്നു. "എല്ലാറ്റിനെയും അങ്ങ് സ്നേഹിക്കുന്നു" (ജ്ഞാനം 11,23-24).

കടന്നു പോകുന്ന കാലത്തിന്റെ അടയാള ങ്ങൾ ശ്രദ്ധിക്കാതെ പോകരുത്. പുറപ്പാടു യാത്ര ശ്രദ്ധിക്കുക. "നിങ്ങളിൽ ഇരുപതും അതിലേറെയും വയസ്സുള്ളവരിൽ, എനിക്കെ തിരായി പിറുപിറുത്ത ഒരാൾ പോലും, നിങ്ങളെ പാർപ്പിക്കാമെന്നു ഞാൻ വാഗ്ദാനം ചെയ്ത ദേശത്തു പ്രവേശിക്കുകയില്ല. യഫുന്നയുടെ മകൻ കാലെബും നൂനിന്റെ മകൻ ജോഷ്വയും മാത്രം അവിടെ പ്രവേ ശിക്കും" (സംഖ്യ (14,30). ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തിയ ആ തലമുറ 40 വർഷം മരുഭൂമിയിൽ അലയുന്നു. ഒടുവിൽ വാഗ്ദത്ത ഭൂമി അവർക്കു പ്രവേശനവും നിഷേധിക്കുന്നു. വാഗ്ദത്ത ഭൂമിയുടെ നീതിനിർവഹണമാണിത്!

"അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങ ളുടെ സന്തതികളുടെ മേലും ആയിക്കൊ ള്ളട്ടെ" (മത്താ 27,25) എന്നാക്രോശിച്ച് യേശുവിനെ വധിച്ച യേശുവിന്റെ കാലത്തെ തലമുറയെയും അവരുടെ മക്കളെയും ഏതാണ്ട് 40 വർഷങ്ങൾക്കു ശേഷം സ്വന്തദേശം തന്നെ തിരസ്കരിക്കുന്നു. ലോകമെങ്ങും ചിതറിക്കുന്നു. അവരുടെ അഭിമാനമായ ദേവാലയം യേശു പ്രവചിച്ച തുപോലെ കല്ലിൻമേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടുന്നു.

1970-കളിൽ ശക്തിപ്രാപിച്ച ഭൗതികതയും ദൈവനിഷേധവും എതിർസാക്ഷ്യങ്ങളും യൂറോപ്പിൽ എത്രമാത്രം ദേവാലയങ്ങൾ അടച്ചു പൂട്ടുന്നതിനിടയാക്കി. എന്നിട്ടവ യെല്ലാം പബ്ബുകളും മ്യൂസിയങ്ങളുമാക്കി ലോകത്തിനു മുമ്പിൽ എന്റെ സഭയെ, എന്നെത്തന്നെ നിന്ദിച്ചു. പൊതുസമൂഹത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും അവർ എന്നെ പുറത്താക്കി! അന്നത്തെ യുവതല മുറ 40 വർഷങ്ങൾ കഴിഞ്ഞ് വാർധക്യത്തി ലെത്തി നിൽക്കുമ്പോൾ തങ്ങൾ ആശ്രയിച്ച ഭൗതിക സൗകര്യങ്ങളോ സമ്പത്തോ തങ്ങളെ സഹായിക്കാനില്ലാതെ കൊറോണ യിൽ ശ്വാസം മുട്ടുന്നു. ഓക്സിജൻപോലും നിഷേധിക്കപ്പെടുന്നു. 2020-ലും പ്രകൃതി അതിന്റെ അധ്യാപനം തുടരുകയാണ്.

മനുഷ്യർക്കെതിരെ മനുഷ്യൻ സ്വരുക്കൂ ട്ടുന്ന ആയുധങ്ങൾ കോവിഡ് 19 പോലെ പല പേരുകളിൽ തങ്ങളെത്തന്നെ ശിക്ഷി ക്കുന്നു. സ്നേഹവിരുദ്ധവും ക്രൂരവുമായ തങ്ങളുടെ ചെയ്തികളിൽനിന്നു മനം തിരിഞ്ഞ് പശ്ചാത്താപത്തിലേക്കും നിത്യ സ്നേഹമായ എന്നിലേക്കും തിരികെ വരാൻ പ്രപഞ്ചം തന്നെ ഈ തലമുറയെ ഒരുക്കുകയാണ്. ഞാനുമത് എത്രയധിക മായി ആഗ്രഹിക്കുന്നു!

ഇതെല്ലാം കേട്ട് പ്രാർഥിക്കാൻ വരട്ടെ. അതിനു മുമ്പ് ചെയ്യേണ്ടത് ഒന്നുണ്ട്. "അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർ ത്തനങ്ങളിൽ പങ്കുചേരരുത്, പകരം അവയെ കുറ്റപ്പെടുത്തുവിൻ" (എഫേ 5,11).

രാസവിഷങ്ങളിട്ടുണ്ടാക്കിയ വിളകൾ മനു ഷ്യനു ഭക്ഷിക്കുന്നതിനായി വില്പനശാല യിൽ എത്തിക്കുന്ന കർഷകരും ലബോറട്ടറി കളിൽ മനുഷ്യനെ കൊല്ലാൻ വൈറസുകളു ണ്ടാക്കുന്നവരും ഒരേ പാപത്തിലാണു പങ്കുചേരുന്നത് എന്നറിയുക. രോഗികളാക്കു ന്നവരുടെയും കൊല്ലുന്നവരുടെയും എണ്ണ ത്തിൽ മാത്രമേ വ്യത്യാസമുള്ളൂ. ആദ്യമേ കർഷകൻ തന്റെ കൃഷിയിടം പവിത്രമായി കാത്തുസൂക്ഷിക്കട്ടെ. മനുഷ്യനെതിരെ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ ഭാരിച്ച ശമ്പളം വേണ്ടെന്നുവച്ച് മറ്റു ജോലികളിലേക്കു തിരിയട്ടെ. അതുപോലെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും തിരുത്തലുകൾ സംഭവിക്കട്ടെ.

തീർന്നില്ല, കുറ്റപ്പെടുത്തേണ്ടവയെ കുറ്റപ്പെടു ത്തണം. പരിസ്ഥിതിക്കുവേണ്ടി ശബ്ദമുയർ ത്തിയ സ്വീഡനിലെ ഗ്രേറ്റ തുൻബെർഗ് എന്ന കൊച്ചുപെൺകുട്ടിയെപ്പോലെ.

ഇനി പ്രാർഥിക്കാം: സഹനങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യർക്കുവേണ്ടി; അവരെ സഹായിക്കുന്നതിനുള്ള ഉദാരമന സ്സിനുവേണ്ടി; സ്നേഹരഹിതനായി ജീവി ക്കുന്ന മനുഷ്യന്റെ മനസ്സു മാറുന്നതിന്; (ദൈവത്തിന്റെ മനസ്സു മാറാനല്ല). ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള സ്നേഹ ത്തിന്റെ പാരസ്പര്യം വീണ്ടെടുക്കുന്നതിന്...

പ്രാർഥിക്കുന്നതിനു മുമ്പു തന്നെ നിങ്ങളുടെ ആവശ്യങ്ങളറിയുന്നവനാണ് ഞാനെന്നറി യുക. അതുകൊണ്ട് അതിഭാഷണം ഒഴി വാക്കാം. വചനം ധ്യാനിക്കുക. പ്രപഞ്ചത്തിൽ അതിന്റെ തുടർച്ച നിങ്ങൾക്കു വായിച്ചെടു ക്കാനാവും. സ്നേഹത്തിന്റെ പ്രവൃത്തികൾ പ്രാർഥനയ്ക്ക് ഒപ്പമുണ്ടാകട്ടെ!

സംഭവിക്കുന്ന എല്ലാറ്റിലുംനിന്ന് നിങ്ങൾ ക്കായി ഞാൻ നന്മ ഉളവാക്കുന്നുവെന്ന് എപ്പോഴും ഓർമിക്കുക (റോമ 8,28).

ജാഗരൂഗരായിരിക്കുക. നിങ്ങൾക്കു സമാധാനം! ■

# എഡ്ഡിസ്പീക്കിങ്



ഡോ. എഡ്വേർഡ് എടേഴത്ത്

*ആദ്യ നാളുകൾ മുതലേ ജീസസ് യൂത്ത് മൂവ്മെന്റിന്റെ മുൻനിരയിൽ സജീവമായുള്ള പ്രധാനിയും മികച്ച അധ്യാപകനും വാക്ചാതുര്യമുള്ള പ്രഭാഷകനും വാഗ്മിയുമാണ് ലേഖകൻ.* edward.edezhath@gmail.com

# കളിചിരി തമാശകൾ ജീസസ് യൂത്തിൽ വേണോ?

"നമ്മുടെ യുവജന ഗ്രൂപ്പുകളിൽ കളികളും തമാശകളുമെല്ലാം അത്യാവശ്യമല്ലേ?" ഒരിക്കൽ ഫസ്റ്റ് ലൈൻ ഗ്രൂപ്പിൽ വന്ന ഒരു ചർച്ചയായിരുന്നു ഇത്. എന്നാൽ ചിലർ അതിനെ കാര്യമായി എതിർത്തു. "അതൊരിക്കലും പാടില്ല. കാരണം നമ്മുടെ ചെറുപ്പക്കാർ അല്ലാതെതന്നെ കളികൾക്കും തമാശകൾക്കുമായി കാത്തിരിക്കുകയാണ്. നമ്മൾ ഒന്നിച്ചു വരുന്നത് പ്രാർഥനയ്ക്കും സുവിശേഷവത്ക്കരണത്തിനുമാണ്. തമാശകളും കളികളും ആയാൽ നമ്മുടെ യഥാർഥ ചൈതന്യം നഷ്ടപ്പെട്ടു പോകാൻ ഇടയുണ്ട്. മറ്റേതൊരു യുവജന ഗ്രൂപ്പുകളെ പോലെ നമ്മളും ആയിത്തീരും."

ഏറെ ചർച്ചകൾക്കും വാഗ്വാദങ്ങൾക്കും ശേഷം അവസാനം ആ പുതിയ വഴി തേടാൻ തന്നെ ഗ്രൂപ്പ് തീരുമാനിച്ചു. ഞങ്ങൾക്ക് തന്നെ ഈ തലത്തിൽ ഒരു പരിശീലനം ആവശ്യമായിരിക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി. കാരണം ഇതു പോലെ കളിയും തമാശയും ഒന്നും കരിസ്മാറ്റിക് രീതികളുടെയും പഠനങ്ങളുടെയും ഭാഗമായിരുന്നില്ല. അങ്ങനെ, ഞങ്ങളുടെ ഗ്രൂപ്പുമായി ഒരു ബന്ധവും ഇല്ലാതിരുന്ന ആലപ്പുഴയിൽ നിന്നുള്ള ഒരു ടോമിയെ ഞങ്ങളെ പരിശീലിപ്പിക്കാൻ ക്ഷണിച്ചു. മുന്നേറ്റത്തിൽ മുതിർന്നവർ ആയിരുന്ന ഞങ്ങളുടെ 'ബലംപിടിത്തം' ഒക്കെ ഒന്ന് മാറ്റി ഓടി നടക്കാനും പൊട്ടിച്ചിരിക്കാനും കളിക്കാനും കുട്ടികളെപ്പോലെ പരസ്പരമുള്ള സൗഹൃദത്തിൽ ആനന്ദിക്കാനും ഒക്കെ ആ മൂന്നു ദിവസം ഞങ്ങളെ അദ്ദേഹം പരിശീലിപ്പിച്ചു. ഇത് 1983-ൽ ആയിരുന്നു. ഇതോടെ ഞങ്ങളുടെ വ്യക്തിജീവിതത്തിലും ഗ്രൂപ്പുകൾ നടത്തുന്ന ശൈലിയിലും പരിശീലന രീതികളിലും ധ്യാനങ്ങൾ നടത്തുന്ന കാര്യത്തിലുമൊക്കെ ഏറെ വ്യത്യാസമുണ്ടായി.

തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം നടത്തേണ്ട ഒരു നേതൃത്വ പരിശീലനം ഞങ്ങൾ തയ്യാറാക്കി. അതിന്റെ വിഷയങ്ങളും കൊടുക്കേണ്ട രീതികളുമൊക്കെ ഞങ്ങൾ ഒരു ടീം കുത്തിയിരുന്ന് വിശദമായി ഒരുങ്ങി. "സ്വയം അറിയുക" എന്ന പേരിൽ 4 ദിവസം നീളുന്ന ആ പരിശീലനം ധാരാളം കളികളും തമാശകളും സജീവ ചർച്ചകളും ഗ്രൂപ്പുവിചിന്തനങ്ങളും ഒക്കെ ഉൾക്കൊള്ളുന്നതായിരുന്നു. മറ്റൊരു സംരംഭം, 1984-ൽ  തേവരയിൽ വച്ച് നടന്ന 'യുവജന ക്യാമ്പ്' ആയിരുന്നു. അത് യഥാർഥത്തിൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള ഒരു ധ്യാനമായിരുന്നു എങ്കിലും "പുതിയ തോൽക്കുടത്തിൽ" കളികളും തമാശകളും ഒക്കെ ആയിട്ട് ക്രമീകരിച്ചിരുന്നത് യുവജനങ്ങളുടെ ജീവിതം ആഴത്തിൽ മാറിമറിയുന്നതിന് ഏറെ സഹായകരമായി. ഈയൊരു അടിത്തറയിൽ തന്നെയായിരുന്നു മുന്നേറ്റത്തിന്റെ ഗതി മുഴുവൻ തിരിച്ചുവിട്ട 'ജീസസ് യൂത്ത് 85' എന്ന സുപ്രധാന സമ്മേളനവും.

ഈ പുതുസമീപനം കൊണ്ടുവന്ന പ്രധാന മാറ്റം എന്തായിരുന്നു? യുവജന കൂട്ടായ്മ കളിലും പരിശീലനങ്ങളിലും ഏറെ ഉല്ലാസവും കളികളും കടന്നു വരാൻ തുടങ്ങിയതോടെ മുന്നേറ്റത്തിൽ ഏറെ ആനന്ദകരമായ ഒരു അന്തരീക്ഷവും തുറവിയും ഉണ്ടായി. അറിഞ്ഞോ അറിയാതെയോ ഞങ്ങളുടെ കൂട്ടായ്മകളും മറ്റ് ഇടങ്ങളും ഏറെ യുവജന ഹൃദ്യതയാർന്ന വേദികളായി തീർന്നു. തീവ്ര നിലപാടുകൾ കുറഞ്ഞു; ക്രിയാത്മകത വർധിച്ചു; യുവജനങ്ങളുടെ കൊഴിഞ്ഞുപോക്ക് കാര്യമായി കുറഞ്ഞു.

## എന്തിനാണീ കളിതമാശകൾ?

ജിനോ അച്ചൻ നൽകിയ ഒരു പരിശീലനം ഈ തീരുമാനങ്ങൾ എടുക്കുന്നതിന് ഞങ്ങളെ ഏറെ സഹായിച്ചു; പ്രാർഥന, ആധ്യാത്മികത, മിഷൻ എന്നിവയെക്കുറിച്ചുള്ള ഞങ്ങളുടെ മനോഭാവം തിരുത്തുന്നതിന് അത് കാരണമായി. മുൻപ് സൂചിപ്പിച്ച ചർച്ചകളും ഈയൊരു പശ്ചാത്തലത്തിൽ ആയിരുന്നു. നാമെല്ലാം ധരിക്കുന്ന മുഖംമൂടികളെകുറിച്ച് അദ്ദേഹം പരാമർശിച്ചിരുന്നു. "നല്ല അനുസരണക്കുട്ടി",

**യഥാർഥ ഞാൻ മുഖംമൂടികളില്ലാതെ എവിടെ നിൽക്കുന്നു എന്നുള്ള ഒരു അവബോധം വളരണം. അങ്ങനെ മാത്രമേ പ്രാർഥനാ ജീവിതത്തിൽ എനിക്ക് മുന്നോട്ടു പോകാനാവുകയുള്ളൂ.**

'നല്ല വിദ്യാർഥി', 'ഭക്തിയുള്ളവൾ' എന്നു തുടങ്ങി പല നാട്യങ്ങളും നമ്മൾ മുഖംമൂടി പോലെ ധരിച്ചു നടക്കുന്നുണ്ടാകാം. നാം ധരിക്കുന്ന മുഖംമൂടികൾ മിക്കവാറും മറ്റുള്ളവരെ പ്രീതിപ്പെടുത്താനാണ്. എന്നാൽ യഥാർഥ ഞാൻ മറ്റൊന്നാകാം. ഉള്ളിലുള്ള ആഗ്രഹങ്ങളോ സ്വപ്നങ്ങളോ ചിലപ്പോഴെങ്കിലും ഞാൻ പരിഗണിക്കാതെ പോകാം.

ആത്മാർത്ഥതയുള്ള, കലർപ്പില്ലാത്ത ഒരു വ്യക്തിത്വം വളർത്തണമെങ്കിൽ, അങ്ങനെ വിശുദ്ധിയിൽ മുന്നേറണമെങ്കിൽ, ഞാൻ ആരാണ്, യഥാർഥ ഞാൻ മുഖംമൂടികളില്ലാതെ എവിടെ നിൽക്കുന്നു എന്നുള്ള ഒരു അവബോധം വളരണം. അങ്ങനെ മാത്രമേ പ്രാർഥനാ ജീവിതത്തിൽ എനിക്ക് മുന്നോട്ടു പോകാനാവുകയുള്ളൂ. ഞാൻ എന്റെ സുവിശേഷ ദൗത്യവുമായി ഇറങ്ങി പുറപ്പെടുമ്പോഴും യഥാർഥ എന്നെയാണ് മറ്റുള്ളവർക്ക് കാണേണ്ടത്, അതല്ലാതെ ഒരു മുഖംമൂടിയെ അല്ല. നിർഭാഗ്യകരമായ ഒരു കാര്യം നാം പലപ്പോഴും യഥാർഥ ഞാൻ ആര് എന്നുള്ള ഒരു അവബോധം ഇല്ലാതെ വലിയ മാതൃകകളെ, വിശുദ്ധരെ ഒക്കെ അനുകരിക്കാൻ ശ്രമിക്കും. പക്ഷേ, ഞാൻ ലളിതമായ ഒരു സ്വായാവബോധത്തിൽ തുടങ്ങിയില്ലെങ്കിൽ എങ്ങും എത്തില്ല. പലർക്കും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് മുഖംമൂടികൾ അഴിച്ചുവച്ച് യഥാർഥ 'ഞാൻ' ആകാനുള്ള ആദ്യപടിയാണ് ചിരിക്കാനും കളിക്കാനും പറ്റുന്ന ലളിതമായ ഒരു കൂട്ടായ്മ.

ഞങ്ങളുടെ ചർച്ചകളിൽ ഉയർന്ന ചില ചിന്തകൾ ഉണ്ടായിരുന്നു. ഇതല്ലേ യേശു കുട്ടികളെ പോലെയാവുക എന്ന് പറഞ്ഞപ്പോൾ ഉദ്ദേശിച്ചത്? ആരോ പറഞ്ഞതു പോലെ, യഥാർഥ കുട്ടികളെ കാണണമെങ്കിൽ നമ്മൾ കളിസ്ഥലത്ത് ചെല്ലേണ്ടിവരും. ചിലപ്പോഴെങ്കിലും നമുക്ക് ഒരു കുഞ്ഞിനെ ഇല്ലാതാക്കണം എങ്കിൽ കളിക്കാൻ അനുവദിക്കാതിരുന്നാൽ മാത്രം മതി. നിഷ്കളങ്കമായ കളിയും തമാശയും പലപ്പോഴും നമ്മിൽ നിന്ന് ഏറെ അകലെയാണ്. എന്നാൽ, പല പ്രായപൂർത്തിയായവരും സന്തോഷിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത് മറ്റുള്ളവരെ കളിയാക്കുമ്പോൾ മാത്രമാണ്. ആധ്യാത്മികതയിൽ ഏറെ വളർന്ന വളർന്നവർ പോലും മറ്റുള്ളവരെ കളിയാക്കുന്നതിൽ മുന്നിലാണ്, എന്നാൽ കളിയാക്കപ്പെടുന്നത് അവർക്ക് അസഹനീയവുമാണ്. ലളിതമായി മറ്റുള്ളവരുമായി പങ്കുചേരുന്ന കളിചിരി തമാശകൾ നമ്മുടെ അഹങ്കാരത്തെ മറികടക്കാനും സ്വയം ന്യായീകരണ മനോഭാവത്തെ ഇല്ലാതാക്കി വിശുദ്ധിയിൽ വളരാനും നല്ലൊരു വഴിയാണ്. യുവജനങ്ങളെ ഏറെ സ്നേഹിച്ച വിശുദ്ധ ഡോൺ ബോസ്കോ ഇങ്ങനെ പറയുമായിരുന്നത്രേ, "വേണ്ടപോലെ നിങ്ങൾ ഓടിയും ചാടിയും കളിതമാശകൾ നടത്തിയും ഒക്കെ സമയം ചെലവഴിക്കുക, പക്ഷേ ദൈവത്തെ പ്രതി നിങ്ങൾ പാപം മാത്രം ചെയ്യരുത്".

ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ ഒന്നു ശ്രദ്ധിച്ചേ: "നമ്മൾ ഒരുവ്യക്തിയുടെ ആഴങ്ങൾ കണ്ടെത്തണം അതായത്, നല്ല ആരോഗ്യത്തിന്റെ അടിസ്ഥാനമായ, ഉല്ലസിക്കാനുള്ള കഴിവ്, ക്രിയാത്മകമായി കളിയിൽ ഏർപ്പെടാനുള്ള പ്രാപ്തി. ജ്ഞാനത്തിന്റെ ഗ്രന്ഥം സൂചിപ്പിക്കുന്നതുപോലെ ദൈവം ഉല്ലാസത്തിൽ മുഴുകുന്നവനായിരുന്നു. ദൈവത്തിന്റെ ജ്ഞാനം വിനോദ ശീലമുള്ളതാണ്. അതുകൊണ്ട്, അറിവിന്റെ അനുഭവമായി, ഒരു പഠനോപാധിയായി നാം കളികളെ കണ്ടെത്തേണ്ടതുണ്ട്. അങ്ങനെയായാൽ വിദ്യാഭ്യാസം വിവരശേഖരണം മാത്രമാകില്ല, മറിച്ച് ക്രിയാത്മകതയുടെ ഉല്ലാസമാകും. ഈ ഉല്ലാസ ഭാവം കണ്ടെത്തുന്നതിലൂടെ നാം ക്രിയാത്മകതയിൽ വളരുകയും ഒന്നിച്ചുള്ള പ്രവർത്തനങ്ങളിൽ മുന്നേറുകയും ചെയ്യും." പാപ്പാ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കുന്നു, കുട്ടികളെയും ചെറുപ്പക്കാരെയും സന്തോഷവന്മാരായി ഇരിക്കാനും കളിതമാശകളിൽ ഏർപ്പെടാനും പ്രോത്സാഹിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം അത് നല്ല ആന്തരികതയുടെ സൂചനയാണ്, അത് സ്നേഹത്തിലും ശരിയായ ആധ്യാത്മികതയിലും ഒരാൾ വളരുന്നു എന്നതിന് ഉറപ്പു നൽകുകയുംചെയ്യുന്നു.

## മുഖംമൂടി മാറ്റി സന്തോഷവും ഉല്ലാസവും നിറയണം

"1991-ലാണ് ഞാൻ ജീസസ് യൂത്തിലെ റെക്സ് ബാന്റിനെ പരിചയപ്പെട്ടത്. സ്റ്റേജിലെ അവരുടെ പരിപാടി ഏറെ മനോഹരവും ആധ്യാത്മിക നിറമുള്ളതും ആയിരുന്നു. പക്ഷേ അതേത്തുടർന്ന് അവരുമായി ഞാൻ ചെലവഴിച്ച ഒരു ദിവസം എന്നെ അസ്വസ്ഥനാക്കി. അവരുടെ കളിതമാശകളും സൗഹൃദവുമാണ് എന്നെ അലോസരപ്പെടുത്തിയത്." മുംബൈയിൽ നിന്നുള്ള ഒരു യുവ കരിസ്മാറ്റിക് നേതാവിൻറെ വാക്കുകളായിരുന്നു ഇത്. പക്ഷേ കുറച്ചു ദിവസംകൊണ്ട് അയാൾ ഈ യുവകലാകാരന്മാരുടെ ഉറ്റസ്നേഹിതനും വലിയ ആരാധകനുമായി തീർന്നു. അവരുടെ ആത്മാർഥതയും ദൈവത്തോടുള്ള ആഴത്തിലുള്ള പ്രതിബദ്ധതയുമാണ് അദ്ദേഹത്തെ ഒരു അഭിപ്രായമാറ്റത്തിലേക്ക് നയിച്ചത്. പിന്നീട് അയാൾ പങ്കുവച്ച ഒരു കാര്യം, ഈ അനുഭവത്തിനു മുൻപ് ആധ്യാത്മികർ ഒരു പ്രത്യേക രീതിയിൽ ഉള്ളവരാകണം എന്നാണ് അയാൾ കരുതിയത്. ഈ ചെറുപ്പക്കാരുടെ 'പച്ച സ്വഭാവം' ആദ്യമെന്നെ അത്ഭുതപ്പെടുത്തിയെങ്കിലും പിന്നീട് ആഴങ്ങൾ തേടാനുള്ള നല്ല വെല്ലുവിളിയായി.

ഇന്നത്തെ ഇളംതലമുറ തേടുന്നത് ആത്മാർഥത തുളുമ്പുന്ന, യുവത്വം നിറയുന്ന ഒരു ആധ്യാത്മികതയാണ്. സന്തോഷവും തമാശയും കളികളും ഒക്കെ അതിന്റെ ഭാഗമാണ്. അപ്രകാരം നാട്യങ്ങളില്ലാത്ത ഒരു സമീപനം അവരെ തീർച്ചയായും ആകർഷിക്കും, കാരണം അവരാണ് യഥാർഥത്തിൽ "പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവർ" (യോഹ 4:23) ■



ജോഷിൻ, പൊഴിയൂർ, തിരുവനന്തപുരം



# സങ്കീർത്തനം പോലെ

പ്ലസ് വണ്ണിന് പഠിക്കുന്ന നാൾ മുതലേ, ജീസസ് യൂത്തിന്റെ പരിപാടികളിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ ദിവസവും പള്ളിയിൽ പോകുന്നത് എനിക്ക് ശീലമാണ്. ഇതിനിടയിലാണ് എന്റെയുള്ളിൽ ഒരു ചിന്ത ശക്തമായി കടന്നു വരുന്നത്. എന്റെ പ്രാർഥനയും വിശ്വാസവും പള്ളിയിൽ പോകലുമൊക്കെ ഒരനുഭവതലത്തിലേക്കു വരുന്നില്ല. ഉള്ളിൽ തട്ടുന്ന ദൈവാനുഭവങ്ങളൊന്നും എന്റെയുള്ളിൽ ഉണ്ടാകുന്നില്ല. ഇതെന്റെയുള്ളിൽ ഒരു ചെറിയ സങ്കടമായി നിറഞ്ഞു. ധ്യാനങ്ങളും ക്ലാസ്സുകളും പലതിലും പങ്കെടുക്കുമ്പോഴും ആ ചിന്ത തന്നെയായിരുന്നു മനസ്സു നിറയെ.

സി.എ എക്സാം മൂന്ന് തവണ എഴുതി; ഫലമുണ്ടായില്ല; മനസ്സുതളർന്നു.

അങ്ങനെയിരിക്കെ, ജീസസ് യൂത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രോഗ്രാമിൽ നിന്ന് കിട്ടിയ ഒരു ചിന്ത എന്റെ മനസ്സിനെ പിടിച്ചു നിറുത്തി. എന്തെന്നില്ലാത്ത ഒരു സന്തോഷത്തിലേക്ക് അതെന്നെ നയിച്ചു. അതുവരെയുണ്ടായിരുന്ന ചിന്തകളൊക്കെ മാറി പുതിയതെന്തൊക്കെയോ എന്നിൽ നിറയ്ക്കുന്നു...
To know Him more clearly, To love Him more dearly, To feel Him more nearly...
ഈ വരികൾ ഒരു സങ്കീർത്തനം പോലെ എന്റെയുള്ളിൽ പതിഞ്ഞു. ശരിക്കും അതെന്നെ മാറ്റുകയായിരുന്നു. കൂടുതൽ വ്യക്തതയോടെ ദൈവത്തെ അറിയാനും കൂടുതൽ ഹൃദ്യമായി അവിടത്തെ സ്നേഹിക്കാനും കൂടുതൽ അടുത്ത് അനുഗമിക്കാനും ഞാൻ തയ്യാറായി.

ഈയൊരുൾക്കാഴ്ചയിൽ പ്രാർഥിക്കുന്തോറും എന്റെയുള്ളിലെ നെഗറ്റിവ് ചിന്തകളും അലസതയുമൊക്കെ മാറി, എല്ലാത്തിനും ഒരു വ്യക്തത വരുന്നപോലെ. ഒരു വൈദികനാകാനാണ് ഇന്ന് ഞാൻ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും. വീട്ടിലെ സാമ്പത്തിക സ്ഥിതികൾ എന്റെ ചിന്തയെ ഭാരപ്പെടുത്തുന്നുണ്ടെങ്കിലും പ്രാർഥനയിൽ എല്ലാം സമർപ്പിക്കുന്നു. വഴിയുണ്ടാകും, വൈദികനാകണം ■



# ബിഷപ്പ് കാമിലോ ബാലിൻ

1944–2020

സാർവത്രിക കത്തോലിക്ക സഭ ഏൽപിച്ച ആ ശ്രേഷ്ഠ ദൗത്യത്തിന്റെ വാഹകനായി വടക്കൻ അറേബ്യയിൽ പ്രവാസികളായ 25 ലക്ഷം കത്തോലിക്കരുടെ പരമാചാര്യനായി പ്രശോഭിച്ച അഭിവന്ദ്യ കാമിലോ ബാലിൻ പിതാവ് ഓർമകളിലെ, തിളങ്ങുന്ന പുണ്യ നക്ഷത്രമായി മാറിയിരിക്കുന്നു.

ജീസസ് യൂത്തിനെ സംബന്ധിച്ചിടത്തോളം പിതാവ് ഒരു നല്ല സുഹൃത്തും മൂവ്മെന്റിനു നല്ലൊരു പിന്തുണയുമായിരുന്നു.
Jesus Youth, a missionary movement at the service of the church എന്ന വരികളുടെ ആഴത്തിലുള്ള അർഥത്തെക്കുറിച്ചും പിതാവിനെ അറേബ്യയിലെ തന്റെ ദൗത്യത്തിൽ, അതും പ്രയാസകരമായ ഈ ദൗത്യവഴികളിൽ തന്നെ സഹായിക്കുന്ന 'മാഫിയ' ആണ് ജീസസ് യൂത്തെന്ന് പറഞ്ഞ് ദൗത്യനിർവഹണത്തിന്റെ ഗൗരവം ഓർമപ്പെടുത്തിയതുമൊക്കെ ജീസസ് യൂത്തിനോടുള്ള പിതാവിന്റെ പ്രത്യേക സ്നേഹവും കരുതലുമാണെന്ന് ജീസസ് യൂത്ത് ഫോർമേഷൻ ഡയറക്റ്റർ ശ്രീ. മനോജ് സണ്ണി പങ്കുവച്ചിരുന്നു. കുവൈറ്റിലെ ജീസസ് യൂത്ത് ലീഡേഴ്സിന്റെ ഒത്തുചേരലിനിടെ ആയിരുന്നു പിതാവിന്റെ ഈ വാക്കുകൾ. മൂവ്മെന്റിന്റെ മിഷൻ സ്വഭാവമുള്ളതും പ്രാർഥനാ ചൈതന്യമുള്ളതുമായ പ്രവർത്തന രീതികൾ ശ്രദ്ധിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്ന പിതാവ് മൂവ്മെന്റിന് പൊന്തിഫിക്കൽ അപ്രൂവലിനായി പരിശുദ്ധ പിതാവിന് കത്തെഴുതിയ പിതാക്കന്മാരിൽ ഒരാളും കൂടിയായിരുന്നു.

അറബി ഭാഷയിലും സംസ്കാരത്തിലും പാരമ്പര്യത്തിലുമുള്ള പിതാവിന്റെ ആഴമായ പാണ്ഡിത്യത്തെ അംഗീകരിച്ച് ഏതാനും വർഷങ്ങൾക്കു മുമ്പ് ബഹ്റൈൻ ഭരണകൂടം പൗരത്വം നൽകി അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

കഴിഞ്ഞ ഏതാനും മാസങ്ങളായി ശ്വാസകോശാർബുദ ചികിത്സയിലായിരുന്ന അഭിവന്ദ്യ പിതാവ് 2020 ഈസ്റ്റർ ഞായറാഴ്ച (12/4/2020) രാത്രി പത്ത് മണിക്ക് റോമിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൂവ്മെന്റിന്റെ തുടക്കകാലം മുതലേയുള്ള നല്ല സുഹൃത്തും വഴികാട്ടിയുമായ പിതാവ്, ഇന്ന് നമ്മിൽ നിന്ന് ദൈവസന്നിധിയിലേക്കു പ്രവേശിക്കുമ്പോൾ നമുക്ക് പ്രാർഥനയോടെ പ്രത്യാശിക്കാം, സ്വർഗത്തിൽ നമുക്കായി ഒരു മധ്യസ്ഥൻകൂടി ജനിച്ചിരിക്കുന്നു.



ഫാ. ജോർജ് അമ്പഴത്തുങ്കൽ

# കൊറോണ പഠിപ്പിക്കുന്നത്

**എന്റെ ദൈവം ക്രിസ്ത്യാനിയല്ല എന്ന് ഫ്രാൻസിസ് മാർപാപ്പയെക്കൊണ്ട് പറയിപ്പിച്ചത് ഈ ആത്മീയതയാണ്. മതാനുഷ്ഠാനങ്ങൾക്കപ്പുറത്തുള്ള ഒരു ആന്തരിക ബോധത്തിലേക്ക് ആത്മീയത മനുഷ്യനെ നയിക്കും.**

ഇത് 2020 മാർച്ചുമാസം! ഒരു കുഞ്ഞു വൈറസ്, തിയറി ഒന്നും കൂടാതെ പ്രയോഗവത്ക്കരണത്തിലൂടെ ആഗോളവത്ക്കരണം എന്താണെന്ന് നമുക്ക് വ്യക്തമാക്കി. നിർഭാഗ്യവശാൽ അതിന്റെ ദൂഷ്യഫലങ്ങളിലൂടെയാണെന്നുമാത്രം. 2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ തുടങ്ങിയ കോവിഡ് 19 എന്ന് ലോകാരോഗ്യ സംഘടന പേരുവിളിച്ച കൊറോണ വൈറസ് എന്തൊക്കെ കാര്യങ്ങളാണ് നമ്മെ പഠിപ്പിച്ചത്! എന്നിട്ടും പഠിക്കാത്തവർ ഈ ഭൂമിമലയാളത്തിൽ ഇനിയുമുണ്ടാകും. പഠിച്ചതെല്ലാം പരീക്ഷ കഴിയുമ്പോൾ മറക്കുന്ന കുട്ടിയെപ്പോലെയാകും നമ്മൾ. ഈ സമാധികാലത്ത് എന്റെ മനസ്സിലൂടെ കടന്നു പോയ കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

## 1. ജീവിക്കാൻ ഇത്തിരി കാര്യങ്ങൾ മതി

പ്രമുഖ ഭാരതീയ തത്ത്വചിന്തകനും എഴുത്തുകാരനുമായ ജിദ്ദു കൃഷ്ണമൂർത്തി ഒരിക്കൽ പറഞ്ഞു. എനിക്ക് ജീവിക്കാൻ മൂന്ന് കാര്യങ്ങൾ മതി. ഈ കൊറോണ പഠിപ്പിച്ച ആദ്യ പാഠം അതാണെന്നു തോന്നുന്നു.

### a. തുറന്നിട്ട ഒരു ജാലകം

ഏറെ അർഥ സമ്പുഷ്ടിയുള്ള ഒരു പ്രയോഗമാണത്. മനസ്സിന്റെ ജാലകങ്ങൾ തുറക്കുമ്പോൾ ഈ ലോകത്തെ മുഴുവൻ എന്റെ മുറിയിലിരുന്ന് എനിക്ക് ദർശിക്കാനാവും. ഹൃദയം തുറക്കുമ്പോൾ അതുവരെ ദൃഷ്ടിയിൽപ്പെടാത്തതൊക്കെ ദൃശ്യമാകാനും അതുവരെ കാതുകളിൽ എത്താത്തതൊക്കെ മൃദുസ്വരമായി എത്താനും തുടങ്ങും. വീടിന്റെ സ്വീകരണമുറിയിലിരുന്ന് ദൃശ്യമാധ്യമങ്ങളിലൂടെ 206 രാജ്യങ്ങളിലെ കൊറോണാ ബാധിതരെക്കുറിച്ച് എനിക്ക് വിചാരമുണ്ടാകുന്നു. എന്റെ ചുറ്റുവട്ടം വികസിക്കുന്നു.

### b. വായിക്കാനൊരു പുസ്തകം

അകലെയുള്ള ചിന്തകരേയും പ്രതിഭാധനരേയും നമ്മുടെ ചങ്ങാതിമാരാക്കുന്നവയാണ് പുസ്തകങ്ങൾ. അവരുടെ ചിന്താലോകത്തിലേക്ക് നാമും അറിയാതെ നടന്നു കയറുന്നു. ജീവിതത്തിന്റെ അതിസൂക്ഷ്മ കാര്യങ്ങളെക്കുറിച്ചും സമസ്യകളെക്കുറിച്ചും നിത്യസംഭവങ്ങളുടെ അനിതര സാധാരണമായ ഭാവാത്മകതയെക്കുറിച്ചും ചിന്തിക്കാനും വിശകലനം ചെയ്യാനും അവർ നമ്മളെ പ്രേരിപ്പിക്കുന്നു. ഏതെല്ലാം ലോകത്തിലേക്കാണ് അവർ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. ഇവരുമായുള്ള ചങ്ങാത്തം എല്ലാ മുഷിപ്പും മാറ്റും.

### c. സ്നേഹിക്കാൻ ഒരാൾ

തന്റെ ഭാര്യയെയോ, കാമുകിയെയോ, സുഹൃത്തിനെയോ, ബന്ധുവിനെയോ ആരെയെങ്കിലുമായിരിക്കാം അദ്ദേഹം ഉദ്ദേശിച്ചത്. ഒരാളല്ല ഒരായിരം പേർ നമുക്കു ചുറ്റുമുണ്ട് സ്നേഹിക്കാൻ. ആദ്യചുവട് ആരെടുക്കും എന്ന ഒരു ചോദ്യമുണ്ട്. അതു ഞാൻ തന്നെയായാൽ എല്ലാം എളുപ്പമായി. ജീവിക്കാൻ എന്തെല്ലാം വേണം എന്ന് നമ്മൾ തിരിച്ചറിയുകയായിരുന്നു. ആവശ്യങ്ങൾ പരിമിതപ്പെടുത്തുമ്പോഴും ജീവിതം സന്തോഷകരമായിത്തന്നെ മുന്നോട്ടു പോകും എന്ന പാഠവും നമുക്കുമുന്നിലുണ്ട്.

## 2. ഗ്രാമങ്ങളെ തിരിച്ചു പിടിക്കണം

ജീവിക്കാൻ കൊച്ചുകൊച്ചു കാര്യങ്ങൾ മതി എന്ന് ഗുരുവായ 'വൈറസ്' നമ്മെ പഠിപ്പിക്കുന്നു. ഗ്രാമീണത എന്നൊക്കെ പറയുന്നതിന് ഇന്ന് കൂടുതൽ അർഥവ്യാപ്തിയുണ്ടായിരിക്കുന്നു. ഗ്രാമത്തിലാകുമ്പോൾ കപ്പയും ചക്കയും മാങ്ങയും പേരക്കയും ചീനിയും കോവലും...ഒക്കെയുണ്ടാവും. അങ്ങനെ കുടുംബ ബജറ്റ് താളം തെറ്റിക്കാതെ മുന്നോട്ടു കൊണ്ടുപോകാം. മക്കൾക്കുവേണ്ടി സമ്പാദിക്കുന്നതു തന്നെ ശരിയല്ല എന്ന തത്ത്വം അംഗീകരിച്ചാൽ സ്വരുക്കൂട്ടൽ കുറയും. അവർക്കു ജീവിക്കാനുള്ള വഴി കാണിച്ചു കൊടുക്കുക, അത്രമാത്രം. സ്വച്ഛമായ ജീവിതത്തിന് ഗ്രാമംതന്നെ ഇപ്പോഴും മെച്ചം. മഹാത്മജിയുടെ 'ഗ്രാമസ്വരാജിന്' ഇപ്പോൾ കൂടുതൽ പ്രസക്തി ഉണ്ടെന്നു തോന്നുന്നു. ഇപ്പോഴത്തെ വികസനത്തിന്റെ ഫലങ്ങളോ, മുന്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളോ വേണ്ടന്നല്ല; പുറംരാജ്യങ്ങളുമായുള്ള ബന്ധവും നല്ലതുതന്നെ. പക്ഷേ വേരുകൾ ഗ്രാമത്തിൽ തന്നെയാകണം. ഇത് ഉട്ടോപ്യൻ ചിന്താഗതി അല്ലേ? അല്ല. ബൗദ്ധരും ജൈനരും മഹർഷിമാരും

ഗാന്ധിജിയും ഗാന്ധി അനുയായികളും ജീവിച്ച നാടിന് ഇത് അന്യമല്ല. സാധ്യത തന്നെയാണ്.

### 3. മതാത്മകതയും ആത്മീയതയും ഒരു പുനർവായന

അനുഷ്ഠാനപരവും ആചാര ബദ്ധവുമാണ് മതം. അതുകൊണ്ടാണ് പള്ളികളിലേയും അമ്പലങ്ങളിലേയും മോസ്കുകളിലേയും അനുഷ്ഠാനകർമങ്ങൾ അവസാനിക്കുമ്പോൾ മതം ഉപയോഗശൂന്യമാണ്, എന്നൊക്കെ തത്പരകക്ഷികൾ പ്രസ്താവനയിറക്കുന്നത്. ഒരു മൗലിക ദർശനത്തെ – മനോഭാവത്തെ – ജീവിതചര്യയെ, അനുഷ്ഠാനമാക്കി ചുരുക്കിയതിന്റെയും സ്ഥാപനവത്ക്കരിച്ചതിന്റെയും പ്രശ്നമാണിത്. – കുർബാനയും കുമ്പസാരവുമൊക്കെ അനുഷ്ഠാന കർമത്തിൽ മാത്രം ചുരുക്കിയതിന്റെ പ്രശ്നം. ആമസോൺ സിനഡിനെക്കുറിച്ചുള്ള നിരീക്ഷണങ്ങളും വിലയിരുത്തലുകളും ശ്രദ്ധിച്ചാൽ മനസ്സിലാകും, എത്രയോ വിഭിന്നമായ രീതിയിലാണ് അവിടെ ക്രൈസ്തവജീവിതം മുന്നേറുന്നത്. ഒമ്പത് രാജ്യങ്ങളും 400 ഗോത്രവംശങ്ങളും 240–തിലധികം ഭാഷകളുമുള്ള ആമസോൺ പ്രദേശത്ത് നീണ്ട മാസങ്ങളോളം പുരോഹിത കേന്ദ്രീകൃതമായ അനുഷ്ഠാനങ്ങളില്ല. ഒന്നും രണ്ടും നൂറ്റാണ്ടുകളിലേ സഭ ക്രിസ്തുവിന്റെ ദർശനങ്ങളുടെ വെളിച്ചത്തിൽ കുടുംബ കേന്ദ്രീകൃതവും സമൂഹകേന്ദ്രീകൃതവുമായ ഒരു ജീവിതചര്യയായിരുന്നു. അനുഷ്ഠാന രീതികളെല്ലാം വ്യത്യസ്തമായിരുന്നു.

2019 ഓഗസ്റ്റ് 21 ബുധനാഴ്ച പൊതുദർശനവേളയിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ, അപ്പസ്തോല പ്രവർത്തനങ്ങളെക്കുറിച്ചുള്ള തന്റെ വ്യാഖ്യാനത്തിൽ ഒരു പദപ്രയോഗം നടത്തി. 'ആത്മീയ വിനോദസഞ്ചാരി' ആരാണിയാൾ. പങ്കുവയ്ക്കലിൽ ഉൾപ്പെടാത്തയാൾ! അയാൾക്ക് അനുഷ്ഠാനങ്ങൾ മാത്രം മതി. അത്തരം അനുഷ്ഠാനങ്ങൾ കപടഭക്തിയായിമാറുന്നു. ആത്മീയ വിനോദ സഞ്ചാരമാണ് തങ്ങൾ ക്രൈസ്തവരാണെന്ന് വിശ്വസിക്കുന്നതിലേക്ക് ഇത്തരക്കാരെ നയിക്കുന്നത്. മതത്തിന്റെ ആത്മീയതയിലേക്ക് നടന്നുകയറാനുള്ള അവസരമായി ഈ കൊറോണക്കാലത്തെ കാണുന്നതാണ് നന്മയുടെ വശം.

അപരനുവേണ്ടി ജീവൻ ബലികൊടുത്ത എത്രയെത്ര അനുഭവങ്ങൾ ഈ ദിവസങ്ങളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും നാം കേട്ടു. അതിൽ ഡോക്ടർമാരും നഴ്സുമാരും വൈദികരും സിസ്റ്റേഴ്സും മറ്റുള്ളവരും ഉൾപ്പെടും. അവരാരും അപരന്റെ വിശ്വാസം നോക്കിയല്ല ജീവിത ബലിയർപ്പിച്ചത്. തിരിച്ച് ഒന്നും പ്രതീക്ഷിച്ചുകൊണ്ടുമല്ല. അതാണ് ആത്മീയത. എന്റെ ദൈവം ക്രിസ്ത്യാനിയല്ല എന്ന് ഫ്രാൻസിസ് മാർപാപ്പയെക്കൊണ്ട് പറയിപ്പിച്ചത് ഈ ആത്മീയതയാണ്. മതാനുഷ്ഠാനങ്ങൾക്കപ്പുറത്തുള്ള ഒരു ആന്തരികബോധത്തിലേക്ക് ആത്മീയത മനുഷ്യനെ നയിക്കും.

**'ആത്മീയ വിനോദസഞ്ചാരി' ആരാണിയാൾ. പങ്കുവയ്ക്കലിൽ ഉൾപ്പെടാത്തയാൾ! അയാൾക്ക് അനുഷ്ഠാനങ്ങൾ മാത്രം മതി. അത്തരം അനുഷ്ഠാനങ്ങൾ കപടഭക്തിയായി മാറുന്നു. ആത്മീയ വിനോദ സഞ്ചാരമാണ് തങ്ങൾ ക്രൈസ്തവരാണെന്ന് വിശ്വസിക്കുന്നതിലേക്ക് ഇത്തരക്കാരെ നയിക്കുന്നത്. മതത്തിന്റെ ആത്മീയതയിലേക്ക് നടന്നുകയറാനുള്ള അവസരമായി ഈ കൊറോണക്കാലത്തെ കാണുന്നതാണ് നന്മയുടെ വശം.**

### 4. പ്രതിവിധി സ്വയം പ്രതിരോധം

ശരീരം തീർക്കുന്ന സ്വയം പ്രതിരോധമാണ് വൈറസിനെ ഓടിക്കാൻ ഏറ്റവും എളുപ്പമായ മാർഗമെന്ന് ശാസ്ത്രജ്ഞന്മാരും ഡോക്ടർമാരും ആവർത്തിച്ചു പറയുകയുണ്ടായി. ശരീരത്തിന്റെ ഇമ്മ്യൂണിറ്റി (പ്രതിരോധശക്തി) വർധിപ്പിക്കാൻ നിരവധി മാർഗങ്ങൾ വിദഗ്ധന്മാർ നിർദേശിക്കുകയുണ്ടായി. മനസ്സിനെയും ആത്മാവിനെയും ബാധിക്കുന്ന വൈറസുകളെ അകറ്റാൻ ചില സ്വയം പ്രതിരോധ ക്രമീകരണങ്ങളും നാം ചെയ്യേണ്ടതല്ലേ? ഈ ദിവസങ്ങളിൽ ചാനലുകളിലൂടെയും യുട്യൂബിലൂടെയും വാട്ട്സാപ്പിലൂടെയും നിരവധി മാർഗങ്ങൾ നമ്മൾ ശ്രദ്ധിക്കുകയുണ്ടായല്ലോ. അതിൽ നമുക്കു വേണ്ടത് തെരഞ്ഞെടുക്കുക എന്നേയുള്ളൂ. ഓൺലൈൻ അനുഷ്ഠാന ക്രമങ്ങൾ തുടങ്ങിയതും അതിന്റെ ഭാഗമായി തന്നെയാണ്. ഒരുതരം ഇമ്മ്യൂണൈസേഷൻ.

### 5. മണിമുഴങ്ങുന്നത് നിനക്കു വേണ്ടി

ഏണസ്റ്റ് ഹെമിങ്‌വേയുടെ പുസ്തകത്തിന്റെ ഈ തലക്കെട്ട് കടമെടുത്താൽ കൊറോണാ പാഠങ്ങൾ സ്വയം പ്രയോഗവത്ക്കരിക്കാൻ കഴിയും. 'മനുഷ്യൻ ഒത്തിരി പഠിക്കാനുണ്ട് അച്ചാ'; ഈ ദിവസങ്ങളിൽ കൂടുതലായി കേട്ട ഒരു പ്രയോഗമാണിത്. ആരാണീ മനുഷ്യൻ! അതിൽ ഞാനില്ലേ? എന്റെ മനോഭാവത്തിൽ ഏതെല്ലാം മാറ്റങ്ങളുണ്ടായി? മനസ്സിന്റെ ആഴങ്ങളിലേക്ക്, ഹൃദയകോണുകളിലേക്ക് ഒരു എത്തിനോട്ടം നടത്താൻ ഈ മഹാമാരി എനിക്കു പ്രേരണയായോ? ഞാൻ ആരെന്ന് ഓർമിപ്പിക്കാൻ വേണ്ടി ഒരു മണി എനിക്കായി മുഴങ്ങുന്നുണ്ട്! ഞാൻ അതുകേട്ട് ഉണർന്നിരുന്നെങ്കിൽ.

### നന്ദി കൊറോണ ബ്രോ

ഈ ദിവസങ്ങളിൽ നവമാധ്യമങ്ങളിലൂടെ വൈറൽ ആയ, ഒന്നര നൂറ്റാണ്ട് മുമ്പ് 1869–ൽ കാത് ലീൻ ഒ മേറ എന്ന ഐറിഷ് – ഫ്രഞ്ച് എഴുത്തുകാരി കുറിച്ച പ്രസിദ്ധമായ 'വീട്ടിലിരുന്നപ്പോൾ' എന്ന കവിതയുടെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

വീട്ടിലിരുന്നപ്പോൾ ചിലർ പുസ്തകങ്ങൾ വായിച്ചു, വിശ്രമിച്ചു, കലയിലും കളിയിലും ഏർപ്പെട്ടു. ചിലർ ധ്യാനിച്ചു, ഉപവസിച്ചു, പ്രാർഥിച്ചു. നൃത്തംചെയ്ത് സ്വന്തം നിഴലുകളെ സന്ധിച്ചു. ജനങ്ങൾ വ്യത്യസ്തമായി ചിന്തിക്കാൻ തുടങ്ങി. മനുഷ്യർ പുതിയ മാർഗങ്ങൾ തെരഞ്ഞെടുത്തു. ജീവിതത്തിന്റെ പുതുവഴികൾ കണ്ടെത്തി. അവർ ഭൂമിയെ പൂർണമായും സുഖപ്പെടുത്തി. സ്വയമവർ സുഖപ്പെടുത്തിയ പോലെ ■

ഷാജി ജോസഫ് അറക്കൽ



# കൊടുങ്ങല്ലൂർ മാർത്തോമാലയം

**ആത്മദാഹത്തിനു പുണ്യതീർഥം നൽകി ഉന്മേഷം പകരാനുള്ള സാധ്യതകളാണ് ഓരോ തീർഥാടനങ്ങളും.**

കാഴ്ചകളിലൂടെ സൗന്ദര്യബോധത്തെയും കണ്ടെത്തലിലൂടെ അന്വേഷണത്വരയെയും പുതുരുചികളിലൂടെ രസമുകുളങ്ങളെയും തൃപ്തിപ്പെടുത്താൻ മാത്രമുള്ള ഒരു വിനോദസഞ്ചാരമാകരുത് നമ്മുടെ തീർഥാടനങ്ങൾ. ദാഹാർത്തർ നീരുറവകൾ തേടുന്നതു പോലെ ആത്മദാഹത്തിനു പുണ്യതീർഥം നൽകി ഉന്മേഷം പകരാനുള്ള സാധ്യതകളാകണ മത്. ആത്മാവിൽ നവചൈതന്യം നിറയ്ക്കുന്നതാകണം ഓരോ തീർഥാടനങ്ങളും.

ചരിത്രപരമായ സ്ഥലങ്ങളിലേയ്ക്ക് പോയി മതാവശിഷ്ടങ്ങളും തിരുശേഷിപ്പുകളും കണ്ടു വിസ്മയിക്കുകയും സായൂജ്യമടയുകയും ചെയ്യുക എന്നതിനേക്കാൾ ആത്മീയമായ ആഴങ്ങളും അർഥവുമുള്ള ഒരു യാത്രയാണത്. നാഥന്റെ നിണംവീണ മണ്ണിലൂടെ സഞ്ചരിക്കുന്ന തീർഥാടകന്റെ മിഴികൾ ഈറനണിയുന്നതും ആത്മാവ് ചിറകടിച്ചുയരുന്നതും അവിടെ സ്വാഭാവികമാണ്. കൗറീൻകാരനായ ശിമയോനായോ, തിരുമുഖം തുടച്ച വെറോനി ക്കയായോ, പടയാളികളിലൊരുവനായോ, ഒറ്റുകാരൻ യൂദാസായോ, അവനെ കൊല്ലുക എന്നു വിളിച്ചുപറഞ്ഞവരിൽ ഒരുവനായോ തീർഥാടകൻ അവിടെ ആത്മവിസ്താരം നടത്തുന്നു. അതുപോലെതന്നെ ക്രിസ്തുവിന്റെ വിശുദ്ധരുടെ കാല്പാടുകളെ അനുധാവനം ചെയ്ത് ആ പുണ്യാത്മാക്കളുടെ ത്യാഗജീവിത സ്മരണകൾ ധ്യാനിച്ച് നിർമലതയുടെ പടവുകൾ കയറുവാനുള്ള പഠനയാത്രയുമാണ് തീർഥാടനങ്ങൾ.

എ.ഡി.52-ൽ ക്രിസ്തുവിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹാ കൊടുങ്ങല്ലൂർ തുറമുഖ ത്തിൽ കപ്പലിറങ്ങി എന്നു വിശ്വസിക്കപ്പെടുന്നു. തുടർന്ന് അപ്പസ്തോലൻ നടത്തിയ സുവിശേഷ പ്രഘോഷണ യാത്രയിൽ അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും അനേകർ മാനസാന്തരപ്പെട്ടു മാമോദീസ സ്വീകരിച്ചു. കേരളത്തിൽ ഏഴു പള്ളികൾ സ്ഥാപിച്ച അദ്ദേഹം പുരോഹിതരെ അഭിഷേചിച്ചു ശുശ്രൂഷയ്ക്കായി നിയോഗിച്ചിരുന്നു. പരമ്പരാഗത വിശ്വാസമനുസരിച്ച് ഈ ഏഴു പള്ളികൾ കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, ചായൽ, കൊക്കമംഗലം, കൊട്ടേക്കാവ്, പാലയൂർ എന്നിവയാണ്. കൂടാതെ, ഒരു അരപ്പള്ളിയെ ക്കുറിച്ചും പറയപ്പെടുന്നുണ്ട്. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ തിരുവിതാംകോടി ലുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയാണ് അരപ്പള്ളിയായി അറിയപ്പെടുന്നത്.

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ അഴിക്കോട് ഗ്രാമത്തിൽ പെരിയാർ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രധാന തീർഥാടന കേന്ദ്രമാണ് മാർത്തോമ പൊന്തിഫിക്കൽ ദേവാലയം (Marthoma Pontifical Shrine) അഥവാ മാർത്തോമാലയം പള്ളി. തോമാശ്ലീഹാ ഇന്ത്യയിൽ പണികഴിപ്പിച്ച ആദ്യ ക്രിസ്തീയ ആരാധനാലയമാണിതെന്നു കരുതപ്പെടുന്നു. സീറോ മലബാർ കത്തോലിക്കാ സഭയുടെ ഇരിങ്ങാലക്കുട രൂപതയിലുൾപ്പെടുന്നതാണ് ഈ പള്ളി.

Photos: Ramji Madambi



*ചീനവലകൾ - (ഒന്നര ദശാബ്ദങ്ങൾക്ക് മുമ്പുള്ള ചിത്രം). കായൽ തീരങ്ങളിലെ ഈ മനോഹര ദൃശ്യം നൂതന സാമഗ്രികളാൽ നിർമിതമായിട്ടാണ് ഇന്ന് നമുക്ക് കാണാനാവുന്നത്.*

അപ്പസ്തോലന്റെ വലതു കൈയുടെ അസ്ഥി ഇറ്റലിയിലെ ഒർട്ടോണയിൽ നിന്ന് കൊണ്ടുവന്ന് ഈ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. ജാതി മതഭേദമെന്യേ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ആളുകൾ വന്നണയുന്ന ഒരു തീർഥാടന കേന്ദ്രമാണ് ഈ ദേവാലയം.

'മാർത്തോമാ സ്മൃതി തരംഗം' എന്ന പേരിൽ ഒരു തിയറ്റർ ഇവിടെ പള്ളിയോടു ചേർന്ന് ഒരുക്കിയിട്ടുണ്ട്. വിശുദ്ധ തോമസ് അപ്പസ്തോലന്റെ ദർശനവും ദൗത്യവും ഇതിൽ ചിത്രീകരിച്ചിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതികതയും ഓഡിയോ-വിഷ്വൽ ഇഫക്റ്റുകളും അരമണിക്കൂർ ദൈർഘ്യമുള്ള അവതരണത്തിൽ ഉൾച്ചേർത്തിട്ടുണ്ട്.

എൺപതോളം പേർക്ക് ഇരിക്കാവുന്ന ഈ തിയറ്ററിൽ വിശുദ്ധന്റെ ജീവിതത്തെക്കുറിച്ച് മികച്ച വിവരണമാണ് നമുക്ക് ലഭിക്കുക. സംസ്കൃതത്തിലെ 'മാർത്തോമാ സ്മൃതി തരംഗം' എന്നതിനർഥം വിശുദ്ധ തോമസിനെക്കുറിച്ചുള്ള ഓർമകളുടെ തരംഗങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഇന്തോ-പേർഷ്യൻ ശൈലിയിൽ നിർമിച്ച 3500 ചതുരശ്രയടി വിസ്തീർണത്തിൽ സൗന്ദര്യാത്മകമായി രൂപകൽപ്പന ചെയ്ത ഒരു മാളികയിൽ സ്മാരക അവതരണം കലാമേന്മയോടെ ചിത്രീകരിച്ചിരിക്കുന്നു. മൾട്ടി-കളർ ഇമേജ് വർക്കുകളും ശില്പ രൂപകൽപ്പനകളും തീർഥാടകരുടെ ഹൃദയത്തെയും മനസ്സിനെയും ശ്ലീഹായുടെ ജീവിതത്തിലെ പ്രധാന പരമ്പരകളിലേക്കു നയിക്കും. ശാസ്ത്രീയമായും ക്രമമായും നാല് വ്യത്യസ്ത തലങ്ങളിൽ ഇത് ക്രമീകരിച്ചിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് യേശു ശിഷ്യന്മാരെ നിയോഗിച്ച രംഗം, ശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള പ്രവേശന കവാടം, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശുദ്ധന്റെ അപ്പസ്തോലിക പ്രവർത്തനങ്ങൾ, തമിഴ്നാട്ടിലെ മൈലാപ്പൂരിൽ അദ്ദേഹത്തിന്റെ ദൗത്യവും രക്തസാക്ഷിത്വവും മുതലായവ.

കൂടാതെ, ശ്ലീഹായെയും ഭാരതത്തിലെ ക്രിസ്തുമതത്തെയും കുറിച്ചുള്ള വിവരങ്ങൾ ഇവിടത്തെ മാർത്തോമ ഗവേഷണ കേന്ദ്രം നൽകുന്നു. തീർഥാടകർക്ക് പുസ്തക കേന്ദ്രത്തിൽ നിന്ന് പുസ്തകങ്ങളും വാങ്ങാം. സി.എം.ഐ. അച്ചന്മാരുടെ ഒരു ആശ്രമം ഇവിടെയുണ്ട്. ന്യായമായ നിരക്കിൽ ആവശ്യാനുസരണം താമസ സൗകര്യവും ഒരുക്കുന്നു. ഒരു കാന്റീനും പെരിയാർ നദിയിൽ ബോട്ട് സവാരി നടത്താനും തീർഥാടകർക്ക് സൗകര്യമുണ്ട്.



*⇧ ശ്ലീഹ സ്ഥാപിച്ച കൊട്ടേക്കാവ് പള്ളി. 1308-ൽ മൂന്നാം തവണ പുതുക്കി പണിതതാണ് ഇത്. വടക്കൻ പറവൂരിലുള്ള ഈ പള്ളി മാർത്തോമാലയം പള്ളിയിൽനിന്നും 14-16 കി.മീ. ദൂരമേയുള്ളൂ.*

കേരള സർക്കാരിന്റെ മുസിരിസ് പൈതൃക പദ്ധതിയിലുള്ള ഒരു പ്രധാന തീർഥാടന കേന്ദ്രം കൂടിയാണ് ഈ പള്ളി.

**സ്ഥലം: മാർത്തോമാ നഗർ, അഴിക്കോട്, കൊടുങ്ങല്ലൂർ, കേരളം**
**മികച്ച സീസൺ: സെപ്റ്റംബർ - മെയ്**
**സമയം:** 9:00 AM - 6:00 PM



*⇦ ഇറ്റലിയിലെ ഒർട്ടോണ കത്തീഡ്രലിൽ നിന്നും 1953-ൽ കർദിനാൾ ടിസെറന്റ് ഭാരതത്തിനു കൈമാറിയ വി. തോമസ് ശ്ലീഹായുടെ തിരുശേഷിപ്പ്*

ടിന്റു സോണി

*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം. tintusony@gmail.com*

# സംസാരപ്രിയൻ

**Q** ചേച്ചീ, എനിക്ക് 22 വയസ്സുണ്ട്. ഞാനൊരു സംസാര പ്രിയനാണെന്നു തോന്നുന്നു. പക്ഷേ, എവിടെയും ആരെന്തു പറഞ്ഞാലും ഞാനൊരു മറുപടി പറഞ്ഞിരിക്കും. വാട്ട്സാപ്പ് ഗ്രൂപ്പുകളിലും മറ്റും എല്ലാത്തിനോടും പ്രതികരിക്കും. അബദ്ധങ്ങൾ ഒരു പാട് പറ്റാറുണ്ട്. പിന്നീടാണ് ചിന്തിക്കുന്നത് വേണ്ടായിരുന്നുവെന്ന്. ഒന്നു സൈലന്റ് ആകണമെന്ന് തോന്നാറുണ്ട്. 10 മിനിറ്റിൽ കൂടുതൽ പറ്റാറില്ല. പക്വത ഇല്ലാത്തതാണോ ഇത്?

**A** അനിയാ, വാവിട്ട വാക്കും കൈവിട്ട ആയുധവും പ്രശ്നമാണെന്ന ആറാം തമ്പുരാനിലെ ലാലേട്ടന്റെ മാസ് ഡയലോഗ് വെറുതെ ഒന്നു ഓർത്തോളൂ...താങ്കൾ ഒരു സംസാരപ്രിയനാണ് എന്നത് ഒരു തെറ്റൊന്നുമല്ല. സംസാരപ്രിയരെ ഒരുപാടു പേർക്ക് ഇഷ്ടമാണ്.

ചിലപ്പോൾ ഒരു സ്റ്റാന്റപ്പ് കൊമേഡിയനോ റേഡിയോ ജോക്കിയോ മറ്റോ ആകേണ്ടവനാണെങ്കിലോ? പക്ഷേ, “Be sure to taste your words before you spit them out” എന്നത് ഒരു കാര്യം തന്നെയാണ്. ഉൽക്കണ്ഠ, ഭയം, ആത്മാഭിമാനമില്ലായ്മ എന്നിവയുള്ളവർ ഒട്ടും ചിന്തയില്ലാതെ പ്രതികരിച്ചു കാണാറുണ്ട്. അങ്ങനെയെന്തെങ്കിലുമാണോ താങ്കളുടെ ഇത്തരം സ്വഭാവത്തിന് കാരണമായിരിക്കുന്നത് എന്ന് പരിശോധിക്കാവുന്നതാണ്. അങ്ങനെയെങ്കിൽ അതിനു വേണ്ടുന്ന സഹായം സ്വയം സ്വീകരിക്കുകയോ അത്തരം കാര്യങ്ങളിൽ സഹായിക്കുമെന്നുറപ്പുള്ളവരുടെ സഹായം തേടുകയോ ചെയ്യണം.

മറ്റൊരു കാര്യം, വീണ്ടുവിചാരമില്ലാതെ കാണുന്ന എല്ലാ പോസ്റ്റിനും കമന്റ് ചെയ്യുന്നത് ഒരുപാട് പൊല്ലാപ്പുണ്ടാക്കുന്നു എന്ന് നിങ്ങൾതന്നെ പറയുന്നു. അത്രയ്ക്ക് വേണ്ടായിരുന്നു എന്ന് പിന്നീട് തോന്നുന്നു എന്നും. ഈ അവബോധം വളരെ നല്ലതാണ്. അപ്പോൾ ആദ്യപടി ഓക്കേ. ഇനി വേണ്ടത് ശ്രദ്ധയോടെ ഇതിനെ മാറ്റിമറിയ്ക്കാനുള്ള മറ്റു സ്റ്റെപ്പുകളാണ്. കേൾക്കുന്ന ഏതൊരു കാര്യത്തോടും കാണുന്ന ഏതൊരു മെസ്സേജിനോടും പ്രതികരിക്കാൻ കുറച്ച് സമയം



എടുക്കാൻ പരിശീലിച്ചാലോ? ഉദാഹരണത്തിന് പ്രതികരിക്കാൻ തോന്നുമ്പോഴേ നിങ്ങളുടെവായ പൊത്തി പിടിക്കാം. (വിചിത്രം അല്ലേ...), മനസ്സിൽ ഒരു വലിയ STOP പറയാം, ശ്വാസോച്ഛ്വാസം ക്രമീകരിക്കുന്ന എക്സ്സർസൈസ് ചെയ്യാം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പെട്ടെന്ന് ഓർക്കാൻ പറ്റിയ ചില നല്ലനല്ല വാക്യങ്ങളോ ചെറുകഥകളോ രണ്ടുവരി കവിതയോ ആകാം. സോഷ്യൽ മീഡിയായിൽ ഇങ്ങനെ പ്രതികരിക്കേണ്ടി വരുമ്പോൾ വായിക്കാൻ വച്ചിരിക്കുന്ന പുസ്തകങ്ങളോ മറ്റും സേവ് ചെയ്തത് വായിക്കാം. അല്ലെങ്കിൽ നോട്ട്സ് ആപ്പുകളിൽ നിങ്ങൾക്കു വന്ന ചിന്തകളൊക്കെ എഴുതിയിടൂ... എന്നിട്ട് അത് ആവർത്തിച്ചാവർത്തിച്ച് വായിക്കൂ...

ഇത്തരം ചില ടിപ്സുകൾ പെട്ടെന്ന് പ്രതികരിക്കാനുള്ള ആവേശത്തെ ഒന്നുകെടുത്തും. ആവേശം ഒന്നു കെട്ടുകഴിഞ്ഞാൽ ഇങ്ങനെ ഒന്നുചിന്തിക്കാം... ഞാൻ പറയാൻ പോകുന്ന വാക്കുകൾ, ടൈപ്പ് ചെയ്യാൻ പോകുന്ന കമന്റ്സ് ഇവയൊക്കെ

T-is true?
H-is helpful?
I-is it inspiring?
N-is it necessary?
K-is kind?

ഈ 5 ചോദ്യങ്ങളെ നേരിടുമ്പോഴേയ്ക്കും ഒരു സ്ഥായിയായ ഭാവത്തിലേയ്ക്ക് വരാൻ കഴിഞ്ഞേക്കും. മേൽപറഞ്ഞ കാര്യങ്ങൾ കൃത്യമായി പരിശീലിക്കാൻ ബോധപൂർവം ശ്രമിക്കുക. 21 ദിവസം, അല്ലെങ്കിൽ 45–90 ദിവസം ആവർത്തിക്കുക. ആദ്യമൊക്കെ നിന്നുപോകാം. വീണ്ടുംവീണ്ടും ശ്രമിക്കുക.

മരുഭൂമിയിൽ വച്ചാണ് അവന്റെ പരീക്ഷ. ഒന്നാന്തരം വിശപ്പും ദാഹവും... സാത്താനാണ് ചോദ്യങ്ങൾ ചോദിക്കുന്നത്. ക്രിസ്തുവിന്റെ Mindfulness, Body language, Eye contact, Micro expressions, Listening, Wisdom, Words... പിശാചിനോടു പോലും പ്രതികരിക്കുന്ന രീതി... ഇതുക്കും മേലെ ഒരു മാതൃക പറയാനുണ്ടോ? നാവിന് കടിഞ്ഞാണിടാനും അധര കവാടത്തിന് കാവലേർപ്പെടുത്താനും അവൻ നിങ്ങളെ സഹായിക്കും തീർച്ച ■



എൽസീന ജോസഫ്

# ഐ ഡോണ്ട് കെയർ! ബട്ട്...

COVID-19

ഇനി നിങ്ങൾ സ്വഭവനങ്ങളിൽ തന്നെ കഴിയണം. പുറത്തിറങ്ങരുത് എന്ന് കേന്ദ്രം. ഉത്തരവ് ലംഘിച്ചു പുറത്തിറങ്ങിയവർക്ക് പെരുവഴിയിൽ പണിഷ്മെന്റ് കൊടുത്ത ഉദ്യോഗസ്ഥർ. അനുസരണക്കേടു കാണിച്ചവർക്കെതിരെ നടപടി കടുപ്പിച്ച് മുഖ്യൻ.

ചില തല്ലുകൊള്ളികൾ പ്രതികരിച്ചതും പ്രവർത്തിച്ചതും ഈ രീതിയിലാണ്. “നിങ്ങൾ ആ ഓഫീസിലിരുന്ന് എന്തൊക്കെ പറഞ്ഞാലും ബ്രോ ഞങ്ങൾ ഇറങ്ങി നടക്കും. “We don't care...!” ഇതിനിടയിൽ വിദഗ്ധ പരിശോധനയ്ക്ക് അന്യസംസ്ഥാനത്തേക്ക് രോഗിയുമായി പോയ വാഹനം അതിർത്തിയിൽ തടഞ്ഞതിനെ തുടർന്ന് ചികിത്സകിട്ടാതെ രോഗി മരിക്കുന്നു. ഉത്തരം നിസ്സാരം. “അതിർത്തികൾ അടച്ചിട്ടിരിക്കുവാ. അതുകൊണ്ടു വാഹനങ്ങൾ കടത്തിവിട്ടില്ല. രോഗിക്ക് എന്ത് പറ്റിയാലും ഞങ്ങൾക്ക് ഒന്നുമില്ല.” ലോക്ക്ഡൗൺ കാലത്തേക്ക് ഒന്ന് ഫ്ളാഷ് ബാക്ക് അടിച്ചതാ. എന്തായിരുന്നുവല്ലേ ആ നാൽപതു ദിനരാത്രങ്ങൾ!

കാര്യങ്ങൾ ഇത്രത്തോളം എത്തിച്ചതിനു ചിലരെ പഴിപറഞ്ഞു ഒഴിഞ്ഞാലും അനുഭവിച്ചു തീർത്തത് ഭാരതീയ ജനത ഒന്നിച്ചാണ്. ലോകം മുഴുവനുമാണ്. ആരാണ് ശരിക്കും ഉത്തരവാദികൾ? ചൈനക്കാരെന്നു പറയാൻ തിടുക്കം കൂട്ടണ്ട. ആലോചിച്ച് ഉത്തരം പറഞ്ഞാൽ മതി. ഒന്നരാളാണ് ഇതിനൊക്കെ കാരണക്കാർ. അത് ആരാണെന്നു ചോദിച്ചാൽ – മനോഭാവം എന്നേ മറുപടി പറയാനുള്ളൂ. ഞാനുമായി നേരിട്ട് ബന്ധമില്ലാത്ത എന്തിനോടും നമുക്ക് പൊതുവിൽ തോന്നുന്ന ശ്രദ്ധയില്ലായ്മ അഥവാ കരുതലില്ലായ്മ എന്ന മനോഭാവം. കാണുമ്പോൾ കെട്ടിപ്പിടിച്ചും സെൽഫിയെടുത്തും സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്ന മില്ലേനിയം കൂട്ടുകാരെ ഈ വേഷം കെട്ടിനൊക്കെ എന്തേലും അടിസ്ഥാനമുണ്ടോ?

നാട്ടിലെ നിയമങ്ങളോട് നമുക്കൊരു പൊതു സമീപനമുണ്ട്. ‘അത്രക്ക് നിർബന്ധമാണേൽ അതൊന്നു തെറ്റിച്ചിട്ടുതന്നെ കാര്യം’ എന്ന ആറ്റിട്യൂഡ്. ഓരോ വർഷവും റോഡിൽ പൊലിഞ്ഞു പോയവരുടെ കണക്ക് വർഷാവസാനം മാധ്യമങ്ങൾ പുറത്തിറക്കുന്നത് കാണാം.

LOCKDOWN

അതിൽ ഹെൽമെറ്റില്ലാതെയും, മദ്യപിച്ചും, അമിതവേഗതയിൽ വാഹനമോടിച്ചും ജീവിതം പൊലിഞ്ഞവരാണ് അധികവും എന്ന് വ്യക്തമാക്കുന്ന കൃത്യമായ അവതരണം. പത്രത്താളിലെ കണക്കു കണ്ടു കണ്ണ് തള്ളുമ്പോഴും 'ഹോ ഇത് അവർക്കല്ലേ സംഭവിച്ചത്...'' എന്ന മട്ടിൽ ശങ്കരന്മാർ പിന്നെയും തെങ്ങിൽ തന്നെയിരിക്കും. ഇവരിൽ യോഗം കൂടുതൽ ഉള്ളവർ തൊട്ടടുത്ത വർഷത്തെ കണക്കിൽ ഇടം പിടിക്കുകയും ചെയ്യും. ആർക്കാണ് നഷ്ടമെന്നു മനസ്സിലാക്കാതെ ഇങ്ങനെ പോകുന്നതിനു പിന്നിലെ ഔചിത്യം മനസ്സിലാകുന്നില്ല.

ഒന്നും നമുക്ക് ബാധകമല്ലാത്ത പ്രതിരൂപങ്ങളായി മാറിയതിന്റെ പ്രതിഫലനങ്ങൾ പലയിടത്തും നമ്മൾ കാണുന്നുണ്ട്. അപ്പൻ പറമ്പിൽ അധ്വാനിക്കുമ്പോൾ അപ്പുറത്തിരുന്നു പാട്ടുകേട്ടും ചാറ്റ്ചെയ്തും രസിക്കുന്ന മക്കൾ നമ്മുടെ ഇടയിൽ ധാരാളം. ചോദിക്കുന്ന സമയത്തു ചോദിക്കുന്ന പണം കിട്ടിയില്ലേലും അതിനൊരല്പം സാവകാശം വന്നാലും തിരിച്ചുചോദിക്കുന്ന ചോദ്യമുണ്ട്. 'എങ്ങനെ എന്നൊന്നും എനിക്കറിയണ്ട. ചോദിച്ച കാര്യത്തിന് തീരുമാനം വേണം.' ആരെയും വകവയ്ക്കാതെയും ഒന്നിനെക്കുറിച്ചും കരുതലില്ലാതെയും കടന്നു പോകുന്ന ഒരു ജനതയുടെ 'ഈ കരുതലില്ലായ്മ' ഉലകം മുഴുവനും സമാധാനം പറയേണ്ടുന്ന ബാധ്യതയായി മാറുന്നില്ലേ എന്നൊരു ആശങ്ക മനസ്സിലുണ്ട്.

**നാട്ടിലെ നിയമങ്ങളോട് നമുക്കൊരു പൊതുസമീപനമുണ്ട്. 'അത്രക്ക് നിർബന്ധമാണേൽ അതൊന്നു തെറ്റിച്ചിട്ടുതന്നെ കാര്യം' എന്ന ആറ്റിട്യൂഡ്.**

മിക്ക ആശുപത്രികളുടെയും വൃദ്ധമന്ദിരങ്ങളുടെയും പരസ്യവാചകങ്ങൾ ശ്രദ്ധിച്ചാൽ അതിൽ ആവർത്തിക്കുന്ന ഒരു വാക്കേ ഉള്ളൂ. 'ഞങ്ങളുണ്ട് കൂടെ...' ശുശ്രൂഷയും കമ്പോളവും ഒക്കെ അവിടെയൊക്കെ ധാരാളം ഉണ്ട്. പക്ഷേ, അവർ നൽകുന്ന ഉറപ്പും നിർലോഭം നൽകുന്ന കരുതലുമാണ് ആവശ്യക്കാരുടെ ആശ്വാസം. ഇത്തരം സ്ഥാപനങ്ങളുടെ ആപ്തവാക്യത്തിൽ 'ഞങ്ങളെന്തിന്?' എന്നൊരുസൂചന ഉണ്ടെങ്കിൽ എന്നൊന്നാലോചിച്ചു നോക്കിക്കേ...

കഴിഞ്ഞ മാസം സമൂഹമാധ്യമങ്ങൾ പൊങ്കാലയിട്ട റാന്നിയിലെ ഇറ്റലിക്കാരോടുള്ള നന്ദിയോടെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു. യാതൊന്നും നിസ്സാരമായി തള്ളിക്കളയരുതെന്നു ഒരു ജനതയെ മുഴുവൻ ബോധവാന്മാരാക്കാൻ അവരുടെ ഈ യാത്ര കൊണ്ട് സാധിച്ചു. ഇത്തരമൊരവസ്ഥ നാടിനു സംഭവിച്ചപ്പോഴും പരാതിയോ അസ്വസ്ഥതയോ തെല്ലുമില്ലാതെ അവരെ പരിചരിച്ച, ജീവിതത്തിലേക്ക് കൈപിടിച്ചെഴുന്നേല്പിച്ച ആതുര സേവനരംഗത്തെ വിശുദ്ധ സംഘത്തോടുള്ള ഹൃദയത്തിന്റെ ആദരവും ചേർത്തു വയ്ക്കുന്നു.

ഓർക്കുക. എന്റെയും ചുറ്റുമുള്ളവരുടെയും ശ്വാസകോശം മാത്രമല്ല ജീവിതം തന്നെ സ്പോഞ്ചു പോലെയാണ്. ഇനിയും കരുതിയില്ലേൽ വലിയ വിലകൊടുക്കേണ്ടിവരും. മാനത്തു കാർമേഘം കൂടുകൂട്ടാൻ ഒരുങ്ങുന്നുണ്ട്. നല്ലൊരു മഴ പെയ്യട്ടെ. ഉള്ളിലെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വിത്തുകൾ മുളപ്പിക്കുവാൻ ഈ മഴക്കാലത്ത് കഴിയട്ടെ ■

ജീവൻ ജോൺ



# ചില സമാധാനക്കേടുകൾ

ലോക്ക്ഡൗൺ ദിനങ്ങളെ താങ്ങിനിറുത്തിയത് സുലഭമായ മൊബൈൽ ഡേറ്റയാണെന്നാണു പലരും പറയുന്നത്. വാട്ട്സാപ് മുതൽ നെറ്റ്ഫ്ളിക്സ്, പ്രൈം വിഡിയോ എന്നിവ വരെ. ഓരോ നോട്ടിഫിക്കേഷൻ വരുന്നു, നമ്മൾ അതുകാണുന്നു. എത്ര നിലവാരമില്ലാത്തതായാലും. വേറെ ഒന്നും ചെയ്യാനില്ലല്ലോ. ലോക്ക്ഡൗൺ ഇനിയും അധികം നീളില്ല എന്ന് വിശ്വസിച്ചുതുടങ്ങിയ ദിവസം മുതൽ ഈ ശീലം ഞാൻ ഉപേക്ഷിച്ചുവരുകയാണ്. എന്നുവച്ചാൽ നോട്ടിഫിക്കേഷനുകൾ ശ്രദ്ധിക്കാതെ വിടുകയാണെന്ന്. അല്ലെങ്കിലും ശ്രദ്ധിക്കാതെ വിടേണ്ട കാര്യങ്ങൾ കൂടിവരികയാണെന്നു തോന്നുന്നു. ആകെയുള്ള ഒരു ജീവിതത്തിന്റെ വളരെ പരിമിതമായ സമയം തിന്നുതീർക്കാൻ ശ്രമിക്കുന്ന എത്രയോ പുതിയ കാര്യങ്ങളാണുള്ളത്? എല്ലാ വെബ്സീരിസുകളും നമ്മൾ കാണണമെന്നുണ്ടോ? ക്യാമറ ഉണ്ടെന്ന ഒറ്റക്കാരണംകൊണ്ട് തുടങ്ങുന്ന യൂട്യൂബ് ചാനലുകളെല്ലാം സബ്സ്ക്രൈബ് ചെയ്യണോ? ബക്കറ്റ് ചിക്കൻ കഴിക്കാതെ ഇനി ജീവിക്കാൻ പറ്റില്ലെന്നുണ്ടോ? മീശപ്പുലിമല കാണാത്തവൻ മറ്റൊരു മലയിലും പോയിട്ടുകാര്യമില്ലെന്നാണോ? ഇങ്ങനെയാണെങ്കിൽ എങ്ങനെ ജീവിക്കും.

'ഐ ഡോണ്ട് കെയർ' എന്ന നിലപാട് അത്ര മോശപ്പെട്ട കാര്യമല്ലെന്ന് നേരത്തേ മനസ്സിലായിട്ടുണ്ട്. ആ നിലപാട് എടുക്കാനുള്ള ധൈര്യം സ്വയം ഇല്ലാതിരുന്നപ്പോഴും ആ ധൈര്യം കാണിച്ചവരെ കണ്ടിട്ടുണ്ട്. എല്ലാവരെയും പോലെയാകണമെന്ന് ചുറ്റുമുള്ളവർ ഒരുമിച്ചാക്രോശിച്ചപ്പോഴും



നടുക്കുനിന്ന് 'ഐ ഡോണ്ട് കെയർ' എന്നു
പറഞ്ഞ ചില കൂട്ടുകാർ. പരീക്ഷയുടെ
മാർക്ക് അറിയുമ്പോൾ സ്വന്തം പേപ്പറിനെ
ക്കാൾ മറ്റുള്ളവരുടെ പേപ്പർ കാണാൻ തല
നീട്ടിയവരെ കണക്കിനു കളിയാക്കിയവർ.
ആര് ആരൊയൊക്കെ പ്രേമിക്കുന്നുവെന്ന്
കവടി നിരത്തിപ്പറയുന്നവരെ നിർദാക്ഷിണ്യം
ഒഴിവാക്കിയവർ. സഹപ്രവർത്തകരുടെ
ശമ്പളസ്ലിപ്പ് വഴിയിൽക്കിടന്നു കിട്ടിയാൽ
പ്പോലും വായിക്കാൻ താത്പര്യമില്ലാത്തവർ.
ഇതൊക്കെ നിർദോഷകരമായ ചില ഇഷ്ട
ങ്ങളല്ലേ.. എന്നു ചോദിക്കുന്നവരെ ഒന്നുശ്ര
ദ്ധിച്ചു നോക്കണം. മറ്റുള്ളവരുടെ മാർക്കും
ശമ്പളരേഖയുമെല്ലാം വെറും രസമാണോ
അതോ സമാധാനാക്കേടാണോ ഉണ്ടാക്കു
ന്നതെന്ന് അവരുടെ മുഖത്തുണ്ടാകും.

പുതിയ പിള്ളേർക്ക് മറ്റുള്ളവരെ പറ്റി ചിന്ത
യില്ല എന്ന് പൊതുവേ ഒരു കുറ്റപ്പെടുത്ത
ലുണ്ടല്ലോ. ആ ചിന്തയില്ലായ്മയിൽ ഒരു
നന്മകൂടിയുണ്ട്. അടുത്ത വീട്ടിലേക്ക് വരു
ന്നതും പോകുന്നതും ആരാണെന്നും അവർ
അധികം ചിന്തിക്കാറില്ല. ഇന്നെന്തിനാണ്
അവർ 4 കിലോ മത്തിവാങ്ങിയതെന്നതും
അവരെ സംബന്ധിച്ചു പ്രശ്നമില്ല. സി.സി.
ടി.വി ക്യാമറകളുടെ ദൗത്യം ഏറ്റെടുത്ത
അയൽക്കാരൻ ചുറ്റുമുള്ളവർക്കുണ്ടാക്കുന്ന
പ്രശ്നങ്ങൾ അൽപമെങ്കിലും അനുഭവി
ച്ചിട്ടുള്ളവരായിരിക്കുമല്ലോ ഭൂരിപക്ഷം
മലയാളികളും. മിക്കവാറും എല്ലാ ഏഷണി
കളുടെയും പരദൂഷണത്തിന്റെയും വേരു
കൾ അയൽക്കാരനെക്കുറിച്ച് അറിഞ്ഞെന്ന്
അവകാശപ്പെടുന്ന രഹസ്യങ്ങളാണല്ലോ.
അതിൽ പലതും അപരന്റെ സ്വകാര്യത
യിൽ അതിക്രമിച്ചുകടന്ന് ഒളിച്ചുനിന്നു
കണ്ടതുമായിരിക്കും. കണ്ണുകളെ ദുഷ്ടമെ
ന്നുവിളിക്കുമ്പോൾ (മത്താ 6,23) ക്രിസ്തു
ഈ പ്രവൃത്തികളെയും ഉൾപ്പെടുത്തയി
ട്ടുണ്ടാകുമെന്നാണു തോന്നുന്നത്. അന്യനെ
വിധിക്കരുതെന്നും തടിക്കഷണത്തിന്റെ
ഭാരവുമായി നടക്കുന്നവൻ അടുത്തിരിക്കു
ന്നവന്റെ കണ്ണിലെ കരടിനെപ്പറ്റി അത്ര വേവ
ലാതിപ്പെടേണ്ടെന്നും (മത്താ 7,15) കർത്താവ്
പറയുന്നത് ആരെക്കുറിച്ചാണെന്ന് ശരിക്കു
നമ്മൾ മനസ്സിലാക്കണം.

അവസാനമായി മറ്റുള്ളവരെ ശ്വാസംമുട്ടി
ക്കുന്ന തരത്തിൽ അവരെപ്പറ്റി 'കരുതലുള്ള'
വരാകാതിരിക്കുന്നതാണു നല്ലതെന്നു തോ
ന്നുന്നു. കാരണം പലപ്പോഴും നമ്മുടെ ഉദ്ദേ
ശശുദ്ധിയിൽ നമുക്കുപോലും അത്ര ഉറപ്പി
ല്ലെന്നോർക്കണം. അതുകൊണ്ട് ഇടയ്ക്ക്
'ഐ ഡോണ്ട് കെയർ' പറയാം. ചില സമയ
ങ്ങളിൽ നമുക്കുവേണ്ടിയും. ചില സമയങ്ങ
ളിൽ അയൽക്കാരനുവേണ്ടിയും ■

*അറിവിനും ആസ്വാദനത്തിനും വിചിന്തനത്തിനും സാധ്യത നൽകുന്ന ക്യാമറ/മൊബൈൽ ചിത്രങ്ങൾ കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. കുറഞ്ഞത് 3 MP എങ്കിലും ഫയൽ സൈസുണ്ടാകണം. ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളവയാണ് പ്രസിദ്ധീകരിക്കുക. ഒറ്റ വാക്യത്തിലുള്ള അടിക്കുറിപ്പും നിങ്ങളുടെ പേരും സഹിതം നിങ്ങൾ പകർത്തിയ ഫോട്ടോ അയക്കുക: arakkalshaji@gmail.com*



**Praise the Lord, my soul**
Photo: Djgis

**The bell to wake His followers**
Photo: Mlorente





ബോണി ചെല്ലാനം



**നിങ്ങൾ വീട്ടിലെ ക്രിസ്തുവാണോ? ഒരാത്മപരിശോധനയ്ക്കുള്ള സമയമാണിത്. മനോഭാവങ്ങളെയും ബന്ധങ്ങളെയും നന്നായൊന്നു നിരീക്ഷിക്കാനും ക്രിസ്തുചൈതന്യം ചുറ്റും പരത്താനും നമ്മെ സഹായിക്കും.**

# വീട്ടിലെ ക്രിസ്തു

തലക്കെട്ട് തന്നെയാണീ ഈ കുറിപ്പിന്റെ സാരാംശം. നാട്ടിൽ ഞാനാരാണ്? ജീസസ് യൂത്ത്, നല്ല സംഘാടകൻ, പ്രോലൈഫെർ, വചനപ്രഘോഷകൻ, എഴുത്തുകാരൻ, പാട്ടുകാരൻ, മോട്ടിവേഷണൽ സ്പീക്കർ... അങ്ങനെ നാട്ടിൽ നമ്മൾ ആരുമാകാം. എന്നാൽ വീട്ടിൽ ആരാണ്? കുടുംബനാഥൻ/നാഥ, ഭാര്യ, ഭർത്താവ്, മകൻ, മകൾ... ഇങ്ങനെ പലതും നമുക്കു പറയാനുണ്ടാവും. അതെല്ലാം വീട്ടിലെ നമ്മുടെ സ്ഥാനങ്ങളാണ്. ഏതു സ്ഥാനത്തായാലും താങ്കൾ വീട്ടിലെ ക്രിസ്തുവാകണം!

താങ്കൾ, വീട്ടിലെ ക്രിസ്തുവാണോ? എങ്കിൽ ക്രിസ്തുവിനുള്ളതുപോലെ മുറിവുകളുണ്ടാവും. മുറിവുകളില്ലാതെ ക്രിസ്തുവില്ല. മുറിവില്ലാത്തയാൾ ക്രിസ്തുവല്ല. എല്ലാ മുറിവുകളും ഒരാളെ ക്രിസ്തുവാക്കണമെന്നുമില്ല. കൂടെയുള്ളവർക്കായി മുറിവേൽക്കുന്നവന്റെ പേരാണ് ക്രിസ്തു. താങ്കൾക്ക് എത്ര മുറിവുകളുണ്ട്? എത്ര തവണ കാലുകഴുകി? എത്ര തവണ ക്ഷമിച്ചു?

ഇതു കുറിക്കുമ്പോൾ കുഞ്ഞുമാഷിനെ ഓർക്കാതിരിക്കാനാവില്ല. എമ്പതിനോടടുക്കുന്ന മാഷിന്റെ മുഖത്തെ തേജസ്സ് അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കുഞ്ഞുങ്ങൾക്കായ് മിനിസ്ട്രി ചെയ്യുന്നതുകൊണ്ടാവാം മാഷിനെ നോടിത്തിരി ഇഷ്ടം കൂടുതലുണ്ട്. എപ്പോൾ കാണുമ്പോഴും കുഞ്ഞുങ്ങളുടെ മിനിസ്ട്രിയെക്കുറിച്ചന്വേഷിക്കും.

അന്നും കണ്ടപ്പോൾ പതിവു ചോദ്യങ്ങൾ: എന്തുണ്ട് കുട്ടികളുടെ വിശേഷങ്ങൾ? എവിടെയായിരുന്നു കുട്ടികളുടെ പരിപാടി? കുഞ്ഞുങ്ങളുടെ സങ്കടങ്ങൾ കേട്ട് മനസ് വിഷമിച്ചിരുന്ന ഒരു നേരമായിരുന്നു അത്. ഡിവോഴ്സായ ദമ്പതികളുടെ മകൾ, അപ്പയുടെ മദ്യപാനംമൂലം വിഷമിക്കുന്ന കുഞ്ഞുങ്ങൾ, അമ്മ ഉപേക്ഷിച്ചു പോയ മകൻ... ഇങ്ങനെ നൂറുകൂട്ടം സങ്കടങ്ങളിൽ ചിലത് മാഷിനോട് പങ്കുവച്ചു.

“നമ്മുടെ വീടുകളിൽ സ്നേഹം കുറഞ്ഞു പോകുന്നു. സ്നേഹം കുറയുമ്പോൾ വീടുകൾ സത്രങ്ങളാവുന്നു.” ഇത്രയും പറഞ്ഞിട്ട് മാഷെന്നോട് ചോദിച്ചു: സമയമുണ്ടോ? ഉണ്ടെങ്കിൽ ഞാനെന്റെ വീടിനെക്കുറിച്ചു പറയാം:

അപ്പയും അമ്മയും ലേറ്റ് മാര്യേജായിരുന്നു. അപ്പന് 42-ഉം അമ്മയ്ക്ക് 36-ഉം വയസ്സായിരുന്നു കല്യാണ സമയത്ത്. വൈകിയ കല്യാണം കഴിഞ്ഞ് നാലു വർഷങ്ങൾക്കു ശേഷമാണ് ഒരു കുഞ്ഞുണ്ടായത്. ആ കുഞ്ഞാണീ കുഞ്ഞുമാഷ്. അപ്പയും അമ്മയും അധ്യാപകരായിരുന്നതിനാൽ തന്നെയും T.T.Cക്കു വിട്ടു. കോഴ്സു കഴിഞ്ഞ് 21-ാമത്തെ വയസ്സിൽ പള്ളി സ്കൂളിൽ അധ്യാപകനായി. അന്ന് കിട്ടിയ പേരാണ് ‘കുഞ്ഞുമാഷ്’.

കുഞ്ഞു മാഷിന് 25 വയസ്സായപ്പോൾ അപ്പയ്ക്കും അമ്മയ്ക്കും വാർധക്യത്തിന്റെ വല്ലായ്മകൾ വർധിച്ചിരുന്നു. കുഞ്ഞുമാഷിനോടവർ കല്യാണത്തെക്കുറിച്ച് സംസാരിച്ചു. അല്ല നിർബന്ധിച്ചു. അപ്പയുടെയും അമ്മയുടെയും ആഗ്രഹമനുസരിച്ച് 25-ാം വയസ്സിൽ മാഷ് വിവാഹിതനായി. ഒറ്റമകന്റെ വിവാഹം ആഘോഷമായിട്ടാണ് നടത്തിയത്.

വിവാഹശേഷം മൂന്നാഴ്ചകൾ പിന്നിട്ടപ്പോൾ കുഞ്ഞുമാഷ് ഒരു സത്യം തിരിച്ചറിഞ്ഞു. താൻ വിവാഹം കഴിച്ചിരിക്കുന്നത് ഒരു മാനസിക രോഗിയായ പെൺകുട്ടിയെയാണ്.

കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു. ശരിയാണ്. മരുന്ന് കഴിക്കുന്ന കുട്ടിയായിരുന്നു. കല്യാണം കഴിയുമ്പോൾ ശരിയാകുമെന്നു കരുതി ഒരു പരീക്ഷണമായിരുന്നു. പാവം കുഞ്ഞുമാഷ്... എല്ലാവർക്കും അസ്വസ്ഥതയായി. മാതാപിതാക്കൾ പറഞ്ഞു: "നമുക്കീ ബന്ധം വേണ്ട. ഇത് ചതിയാ. നിനക്ക് 25 വയസ്സേ ആയിട്ടുള്ളൂ." കൂടെ പഠിപ്പിക്കുന്ന അധ്യാപകർ പറഞ്ഞു: "ഇവിടെ നിയമങ്ങളില്ലേ, ഇത് ന്യായമല്ല; ഡിവോഴ്സ് ചെയ്യണം". കൂട്ടുകാർ പറഞ്ഞു: "ഞങ്ങളുണ്ടെടാ കൂടെ. നമുക്കിതു വേണ്ട. നിനക്കു വേറെ പെൺകുട്ടിയെ ഞങ്ങൾ നോക്കി തരും". ആരെല്ലാം എന്തെല്ലാം പറഞ്ഞിട്ടും മാഷിന് മനസ്സമാധാനം കിട്ടിയില്ല. അസ്വസ്ഥതയുടെ ദിനങ്ങൾ...

ഒരു ദിവസം സ്കൂളിലെ ലഞ്ച് ബ്രേക്ക് ടൈം. ഭക്ഷണത്തോടു മടുപ്പായിരുന്നു. അധ്യാപകരെല്ലാം ഭക്ഷണം കഴിക്കുമ്പോൾ മാഷ് പുറത്തേക്കിറങ്ങും. അന്ന് മാഷ് പള്ളിയിൽ കയറി. അൾത്താരയ്ക്കു മുമ്പിൽ പോയിരുന്നു. പ്രാർഥിക്കാനൊന്നും തോന്നിയില്ല. യേശുവേ... എന്നൊന്ന് വിളിക്കാൻ പോലുമാകുന്നില്ല. കുറെയധികം നേരം വെറുതെയിരുന്നപ്പോൾ കാതിലാരോ ചോദിക്കുന്നു: "നീയിപ്പോൾ ഇരിക്കുന്നതെവിടെയാ?" ഉള്ളിൽ ഉത്തരം പറഞ്ഞു: "പള്ളിയിൽ". "പള്ളിയിലെവിടെയാ?" "അൾത്താരയുടെ മുന്നിൽ". "നീയിരിക്കുന്ന ഈ സ്ഥലത്തിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ?" മാഷും സ്വയം ചോദിച്ചു. എന്തായീ സ്ഥലത്തിന്റെ പ്രത്യേകത? പെട്ടെന്നാണോർമ വന്നത്. കല്യാണം നടന്ന പള്ളിയാ. കല്യാണ നേരത്ത് മണവാളനും മണവാട്ടിയും നിന്ന സ്ഥലത്താണിപ്പോൾ താനിരിക്കുന്നത്. "ഈ സ്ഥലത്തുനിന്ന് നിന്റെ ഭാര്യയുടെ കൈപിടിച്ച് പറഞ്ഞ ഒരു വാക്യം നീ ഓർക്കുന്നുണ്ടോ?" വിവാഹത്തിന്റെ ഉടമ്പടി ഓർമയിൽ തെളിഞ്ഞു. "ഈ നിമിഷം മുതൽ മരണം നമ്മെ വേർപ്പെടുത്തും വരെ സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ഒരുമിച്ച് സ്നേഹിച്ച് ആദരിച്ച് ബഹുമാനിച്ച് ജീവിക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു". പിന്നെ മാഷിന് പള്ളിയിലിരിക്കാനായില്ല. വീട്ടിലേക്കു നടന്നു.

പതിവില്ലാതെ ഉച്ചക്ക് വീട്ടിൽ ചെന്നതുകൊണ്ട് മാതാപിതാക്കൾ ഓടിയെത്തി. "എന്തായിന്നു നേരത്തെ..?" "അപ്പ, അമ്മ ഞാനവളെ ഉപേക്ഷിക്കുന്നില്ല." അതുകേട്ട് അവരൊന്നു ഞെട്ടി. "ഇതിപ്പോ നിനക്കു ഭ്രാന്തായോ..?" അമ്മ ചോദിച്ചു. "ഇല്ലമ്മേ, മരണം വരെ കൂടെയുണ്ടാവുമെന്ന് വാക്കു കൊടുത്തതല്ലേ..!" ആർക്കു

**വിവാഹശേഷം മൂന്നാഴ്ചകൾ പിന്നിട്ടപ്പോൾ കുഞ്ഞുമാഷ് ഒരു സത്യം തിരിച്ചറിഞ്ഞു. താൻ വിവാഹം കഴിച്ചിരിക്കുന്നത് ഒരു മാനസിക രോഗിയായ പെൺകുട്ടിയെയാണ്. കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു. ശരിയാണ്...**

വാക്കു കൊടുത്തെന്നാ നീ പറയുന്നേ? ദൈവത്തിന്! അൾത്താരയുടെ മുമ്പിൽ!

എന്റെ അപ്പനോ അമ്മയ്ക്കോ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എന്നെ മനസ്സിലാക്കാനായില്ല. എന്റെ തീരുമാനത്തോടെല്ലാവർക്കും എതിർപ്പായിരുന്നു. കണ്ണീരോടെ മാഷ് തുടർന്നു:

"മോനേ, അന്നുതൊട്ടിന്നുവരെ നീണ്ട 55 വർഷങ്ങൾ. എന്നും രാവിലെയും വൈകിട്ടും കൈനിറയെ ഗുളികയും ഒരു ഗ്ലാസ്സ് വെള്ളവുമായി ഞാനെന്റെ ഭാര്യയുടെ മുമ്പിൽ നില്ക്കും. അവൾക്കു വേണ്ടി ഞാൻ ജീവിച്ചു. ഇതിനിടയിൽ എത്ര നിന്ദാപമാനങ്ങൾ, പരിഹാസങ്ങൾ, എത്രയെത്ര ആശുപത്രികൾ..."

ഒഴുകുന്ന കണ്ണീർ തുടച്ചുകൊണ്ട് മാഷ് പറഞ്ഞു: "ഇത് സങ്കടത്തിന്റെ കണ്ണീരല്ല. സന്തോഷത്തിന്റേതാ. ദൈവം എന്നെ ഏല്പിച്ചത് ഞാനവസാനം വരെ കാത്തു എന്നതിന്റെ സന്തോഷം."

ഇപ്പോൾ ഞങ്ങൾ രണ്ടുപേർക്കും പ്രായമായില്ലേ... എനിക്ക് 80, അവൾക്ക് 76. ചില നേരങ്ങളിൽ ഞാനവളുടെ കട്ടിലിൽ അവളോടൊത്തിരിക്കുമ്പോൾ, അവളെന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു കൊണ്ടു പറയും, "എന്തിനെനിക്കു വേണ്ടിയിങ്ങനെ കത്തിയെരിഞ്ഞു തീർന്നു..?"

കുഞ്ഞുമാഷ് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ എന്റെ കണ്ണു നിറഞ്ഞു പോയി. ഇപ്പോഴിതു കുറിക്കുമ്പോഴും. നാട്ടിലെ കുഞ്ഞുമാഷ് വീട്ടിലെ ക്രിസ്തുവല്ലാതെ മറ്റാരാ? കൂടെയുള്ളവരുടെ കളഞ്ഞു പോയ സന്തോഷം വീണ്ടെടുക്കാനായി മുറിവുകളേറ്റ് സ്വയം കുരിശിലേറിയ ക്രിസ്തു.

വീട്ടിലൊരു ക്രിസ്തുവുണ്ടോ, വീട് സ്വർഗമാകും. ഫിലിപ്പി ലേഖനം 2,5-7 ഇതോടു ചേർത്തു വായിക്കണം; ധ്യാനിക്കണം. "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമയുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ – അതേ കുരിശു മരണം വരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി."

വീണ്ടും ആ ചോദ്യങ്ങൾ ഉയരുകയാണ്. എത്ര മുറിവുകളുണ്ട്? എത്ര തവണ കാലുകഴുകി? എത്ര തവണ പരിഹാസമേറ്റു? എത്ര തവണ ക്ഷമിച്ചു? ഓരോ ക്രിസ്ത്യാനിയും വീട്ടിലെ ക്രിസ്തുവാകണം ■



അലക്സി ജേക്കബ്, ജർമനി



# കൃതജ്ഞത

ആശുപത്രിയിൽനിന്നു കൊച്ചിനെ ഡിസ്ചാർജ് ചെയ്ത് നേരെ പോയത് വീടിനടുത്തുള്ള, ഭർത്താവിന്റെ ഏറ്റവും മൂത്ത ജ്യേഷ്ഠന്റെ വീട്ടിലേക്കാണ്. അവിടെയെത്തി വരാന്തയിൽ കൊച്ചിനെ കിടത്തി ജ്യേഷ്ഠന്റെ ഭാര്യയെ കെട്ടിപ്പിടിച്ച് കൊച്ചിന്റെ അമ്മ പൊട്ടിക്കരഞ്ഞു. അതിനു കാരണം ആശുപത്രിയിൽ നിന്നു പോരുമ്പോൾ ഡോക്ടർ പറഞ്ഞ ചില കാര്യങ്ങളാണ്. മൂത്ത മകൾക്കുശേഷം കുറച്ചു കാത്തിരിപ്പിനും പ്രാർഥനയ്ക്കുംശേഷം ലഭിച്ച ആൺകുട്ടിയാണ്. പക്ഷേ, ജനിച്ച നാൾ മുതൽ എപ്പോഴും അസുഖങ്ങളായിരുന്നു. പനി പെട്ടെന്ന് കൂടി ഫിറ്റ്സ് വരുന്നത് പതിവായിരുന്നു.

ഇന്നത്തെപ്പോലെ മുട്ടിനു മുട്ടിന് ആശുപത്രികൾ ഇല്ല. യാത്രാ സൗകര്യവും തീരെ കുറവ്. സന്ധ്യമയങ്ങിയാൽ ബസ്സുകൾ ഇല്ല. അന്നു കൊച്ചിന്റെ അച്ഛൻ ജോലിയുമായി കുറച്ചു നാൾ വടക്കേ ഇന്ത്യയിലായിരുന്നു. ഒരിക്കൽ ഫിറ്റ്സ് വന്നപ്പോൾ ഭർത്താവിന്റെ മൂത്ത ജ്യേഷ്ഠന്റെ ഭാര്യയാണ് കൊച്ചിനേയും കൊണ്ടോടിയത്. മറ്റൊരു സമയത്ത് കൊച്ചിനു ഫിറ്റ്സ് വന്ന് വണ്ടികിട്ടാതെ വിഷമിച്ചപ്പോൾ ട്രിപ്പ് കഴിഞ്ഞു പോയ ബസ്സുകാരാണ് കൃത്യസമയത്ത് ആശുപത്രിയിൽ എത്തിച്ചത്. ആങ്ങള കൊച്ചിനേയുംകൊണ്ട് ആശുപത്രി കയറിയിങ്ങുന്നത് പതിവ് പരിപാടിയായി. ഈ പ്രാവശ്യം ആശുപത്രിയിൽ നിന്ന് പോരുമ്പോൾ ഡോക്ടർ പറഞ്ഞു. വളരെയധികം മരുന്നുകൾ ഈ കൊച്ചിന് ചുരുങ്ങിയ കാലയളവിൽ നല്കേണ്ടിവന്നു. അതുകൊണ്ട് മറ്റുകുട്ടികളെപ്പോലെ പെരുമാറുന്നതിലോ, ബുദ്ധിയിലോ കുറവ് സംഭവിച്ചേക്കാം. ഈ വാക്കുകളാണ് ആ അമ്മയുടെ ഹൃദയം തകർത്തത്.

ഇത് കൊച്ചിന്റെ അച്ഛനും അമ്മയും അധികമാരോടും പറഞ്ഞില്ല. പകരം ദൈവത്തോട് ഉള്ളുരുകി പ്രാർഥിച്ചു. പക്ഷേ ദൈവത്തിനു അവനെക്കുറിച്ച് ഒരു പദ്ധതി ഉണ്ടായിരുന്നു. അവൻ വളർന്നു. എഞ്ചിനീയറിങ്ങിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. വിവാഹിതനായി, രണ്ടു കുട്ടികളുടെ അച്ഛനായി. ഇപ്പോൾ ഒരു മൾട്ടി നാഷണൽ ഐ.ടി. കമ്പനിയിൽ പ്രൊജക്റ്റ് മാനേജരായി ജോലിചെയ്യുന്നു. അവനു വല്ല ബുദ്ധിക്കുറവ് ഉണ്ടോ എന്നുചോദിച്ചാൽ ഭാര്യ പറയും, ബുദ്ധി കൂടിയിട്ട് കുറച്ചു കുരുട്ടു ബുദ്ധികൂടി കിട്ടിയിട്ടുണ്ട്.

ചിലപ്പോൾ ഈ ചിന്തകൾ എന്റെ മനസ്സിൽ കടന്നുവരാറുണ്ട്. പ്രത്യേകിച്ച് ജന്മദിനങ്ങളിൽ... ഏതാനും താളുകൾ മാത്രമുള്ള തീരെ ചെറിയ പുസ്തകമായി തീരേണ്ട എന്റെ ജീവിതത്തെ താളുകൾകൊണ്ടും നിറങ്ങൾ കൊണ്ടും അക്ഷരംകൊണ്ടും നിറച്ച നിരവധി പേരുണ്ട്. എന്റെ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, എന്നെ തോളിലിട്ട് ജീവൻ രക്ഷിക്കാൻ ഓടിയ എന്റെ അപ്പന്റെ ഏറ്റവും മൂത്ത ജ്യേഷ്ഠന്റെ ഭാര്യ – ഞാൻ സ്നേഹപൂർവം വിളിക്കുന്ന അമ്മച്ചി മുതൽ കൃത്യസമയത്ത് ആശുപത്രിയിൽ എത്തിച്ച ഊരും പേരും അറിയാത്ത ട്രിപ്പ് കഴിഞ്ഞു മടങ്ങിയ ബസ്സുകാർ... അറിയില്ല ആരൊക്കെയാണ് എന്റെ പുസ്തകം നിറച്ചത്. പക്ഷേ ഒന്നറിയാം ഇതിനു പിന്നിൽ ദൈവത്തിന്റെ കരസ്പർശമുണ്ട്. എല്ലാറ്റിനും നന്ദി ■

JESUS YOUTH MONTHLY REFLECTION

മെയ് 2020



# ആത്മാവേ എന്നിൽ ഉജ്ജ്വലിച്ചാലും!

എഫേ 1,14 & റോമ 8,23

Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org

# പരിശുദ്ധാത്മ ദാനത്തിന്റെ മറുപക്ഷം

പരിശുദ്ധാത്മാവ് നമ്മോടുകൂടെ വസിക്കുന്നവനാണ്, ആത്മാവിനെക്കൂടാതെ രക്ഷാകരമായി ഒന്നും പറയാനോ ചെയ്യാനോ നമുക്കാവില്ല, ആത്മാവിനായി ദാഹിച്ചു പ്രാർഥിക്കണം, ദൈവത്തെ അനുസരിക്കുന്നവർക്കാണ് ആത്മാവു ലഭിക്കുന്നത്, ആത്മാവിന്റെ വരദാനഫലങ്ങൾ നാം സ്വന്തമാക്കണം എന്നിങ്ങനെ പരിശുദ്ധാത്മാവിനെക്കുറിച്ചു നമുക്കു പൊതുവേയുള്ള ധാരണകൾ ബൈബിളധിഷ്ഠിതമാണെങ്കിലും, മനുഷ്യന്റെ വീക്ഷണകോണിലൂടെയുള്ള പരിശുദ്ധാത്മക്കാഴ്ചകൾ മാത്രമാണ്!

മറ്റൊരു വീക്ഷണസാധ്യതയും ബൈബിൾ സമ്മാനിക്കുന്നുണ്ട്. ദൈവത്തിന്റെ വീക്ഷണകോണിൽനിന്നും നമുക്കു പരിശുദ്ധാത്മാവിനെ നോക്കിക്കാണാനാകും. അത്തരത്തിലുള്ള കാഴ്ചപ്പാട് വി.പൗലോസിന്റെ ലേഖനങ്ങളിൽ സംലഭ്യമാണ്. രണ്ടു പദങ്ങളിലൂടെയാണ് പൗലോസ് ശ്ലീഹാ അതുമുന്നോട്ടു വയ്ക്കുന്നത്: 'അർറബോൺ' (2 കോറി 1,22; 5,5; എഫേ 1,14), 'അപ്പാർഖേ' (റോമാ 8,23).

## 1) അച്ചാരം ('അർറബോൺ')

നമുക്കുള്ള ദൈവത്തിന്റെ അച്ചാരമാണ് (ആദ്യഗഡു, പകിടി) പരിശുദ്ധാത്മാവ് എന്നാൽ എന്താണ് അർഥം?

നിങ്ങൾ ഒരു വീടു വാങ്ങാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. കാര്യമായ ഒരന്വേഷണത്തിനു ശേഷം മനസ്സിനിണങ്ങിയതും സാമ്പത്തികാവസ്ഥയ്ക്കു ചേർന്നതുമായ ഒന്ന് നിങ്ങൾ കണ്ടെത്തുന്നു. അത് മറ്റാരും കൈക്കലാക്കാതിരിക്കാൻ നിങ്ങളുടെ മുന്നിൽ ഒരു മാർഗമുണ്ട് - ടോക്കൺ നല്കുക! പിന്നീട് നിർദിഷ്ട ദിനത്തിൽ പൂർണ സംഖ്യ നല്കി നിങ്ങൾക്ക് അതു സ്വന്തമാക്കാം.

ദൈവത്തിനു നമ്മെ വേണം. നാം അവിടത്തേക്ക് അനിവാര്യരാണ്! "ദൈവം സ്നേഹമാകുന്നു" എന്ന സ്നേഹ ലെൻസിലൂടെ സൂക്ഷ്മമായി നോക്കിയാൽ മാത്രമേ ഈ അനിവാര്യതയുടെ ലോജിക്ക് നമുക്കു മനസ്സിലാകൂ. പുത്രനെ അയച്ചു നമ്മെ രക്ഷിച്ച ദൈവം, എന്നന്നേക്കുമായി നമ്മെ തന്റെ സ്വന്തമാക്കാൻ വേണ്ടി "നമ്മിൽ തന്റെ മുദ്ര പതിക്കുകയും അച്ചാരമായിട്ടു തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു പകരുകയും ചെയ്തിരിക്കുന്നു".

നമ്മെ നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുന്ന അവിടന്ന് ആദ്യ ഗഡുവായി പരിശുദ്ധാത്മാവിനെ നമുക്കു തന്നതിന്റെയർഥം മൂന്നാണ്: ഒന്ന്, നാം തന്റേതായിക്കഴിഞ്ഞെന്നു ദൈവം ഉറപ്പുവരുത്തിയിരിക്കുന്നു; രണ്ട്, ദൈവം നമുക്കു വലിയ മൂല്യവും ശ്രേഷ്ഠതയും കല്പിച്ചിരിക്കുന്നു; മൂന്ന്, നമ്മെ ഇനിയും സമ്മാന സമൃദ്ധി കാത്തിരിക്കുന്നു.

## 2) ആദ്യഫലം ('അപ്പാർഖേ')

നിലവും അതിലെ എല്ലാ ഉത്പന്നങ്ങളും ഇസ്രായേലിനുള്ള ദൈവത്തിന്റെ ദാനമാണെന്നതിനാൽ, വിളവിന്റെ ആദ്യഫലം പ്രാതിനിധ്യ സ്വഭാവത്തോടെ ദൈവത്തിനുള്ളതാണെന്നും അത് ദേവാലയത്തിൽ സമർപ്പിക്കണമെന്നും എല്ലാ യഹൂദരും നന്നായി മനസ്സിലാക്കിയിരുന്നു (പുറ 23,19; സംഖ്യ 15,20; 18,12; നിയ 26,2; നെഹ 10,35.37). ദൈവത്തിന്റെ സർവാധികാരത്തെ ഏറ്റുപറയുന്ന ഏർപ്പാടെന്ന നിലയിൽ, ആദ്യഫല സമർപ്പണത്തിന് വലിയ പ്രതീകാത്മക മൂല്യമുണ്ടായിരുന്നു.

അത്തരത്തിൽ വിശിഷ്ടമായ ഒരു അനുഷ്ഠാനത്തെ വി.പൗലോസ് പരിശുദ്ധാത്മ ദാനവുമായി ബന്ധിപ്പിച്ചത് തികച്ചും വിസ്മയകരമായിരിക്കുന്നു! 'റേഷീത്' എന്ന ഹീബ്രു പദത്തിന്റെ ഗ്രീക്കു പരിഭാഷയാണ് റോമാ 8,23-ൽ കാണുന്ന 'അപ്പാർഖേ'. വി. പൗലോസിന്റെ ഈ പ്രയോഗത്തിൽ ദാതാവായുള്ളത് ദൈവമാണ്! ദൈവം മനുഷ്യനോടു കടപ്പെട്ടിരിക്കുന്നതു പോലെ! മനുഷ്യരായ നമുക്ക് അവകാശപ്പെട്ടതെന്ന മട്ടിൽ, എല്ലാറ്റിന്റെയും ആദ്യഫലമെന്നോണം പരിശുദ്ധാത്മാവിനെ ദൈവം നമുക്കു തരുന്നു! ഈ തിരുവചനവും മനുഷ്യന്റെ മാന്യതയും ശ്രേഷ്ഠതയും ഏറെ ഉയർത്തിക്കാട്ടുന്ന ഒന്നാണ്. അങ്ങനെ, പരിശുദ്ധാത്മദാനം മനുഷ്യനെ ഏറെ മാനിക്കുന്ന ദൈവത്തെയാണ് വെളിപ്പെടുത്തുന്നത്.

### പെന്തക്കുസ്ത: മനുഷ്യന്റെയും ദൈവത്തിന്റെയും ആവശ്യം!

സുവിശേഷങ്ങളും അപ്പസ്തോല പ്രവർത്തനവും മനുഷ്യന്റെ ഭാഗത്തുനിന്ന് പരിശുദ്ധാത്മാവിനെയും ആത്മാഭിഷേകത്തെയും വർണിക്കുന്നുവെങ്കിൽ, മേല്പറഞ്ഞ പദപ്രയോഗങ്ങളിലൂടെ വി.പൗലോസ് ദൈവത്തിന്റെ ഭാഗത്തു നിന്നാണ് ദൈവാരൂപിയെയും അവിടത്തെ അഭിഷേകത്തെയും വിവരിക്കുന്നത്. രണ്ടും അനുപൂരകങ്ങളാണ്. ആത്മാവിനായി നമ്മൾ കൊതിക്കുന്നു; നമുക്ക് ആത്മാവിനെ തരാൻ ദൈവവും കൊതിക്കുന്നു. എങ്കിൽ, പിന്നെ എന്താണു തടസ്സം? അവബോധത്തിന്റെ അഭാവം മാത്രം!

പ്രാർഥന: ദൈവാത്മാവേ, അങ്ങയെക്കൂടാതെ ഞങ്ങളുടെ ദാഹമടങ്ങില്ല; അങ്ങയെക്കൂടാതെ ദൈവസ്നേഹം പൂർണമാകില്ല. ഞാൻ സ്വീകരിക്കാൻ കൊതിക്കുന്ന ആത്മാവേ, എനിക്ക് അച്ചാരമായും ആദ്യഫലമായും തരാൻ ദൈവം അത്യന്തം ആഗ്രഹിക്കുന്ന ആത്മാവേ, എന്നിൽ ഉജ്ജ്വലിച്ചാലും! ■



പരിഭാഷ: ഫാ. സാബു തോമസ് (ഫാ. ജോസഫ് കുമ്പുക്കൽ)
*സേക്രഡ് ഹാർട്ട് കോളേജ്, തേവര*

# തടവറയിലെ ദു:ഖവെള്ളി വിചാരങ്ങൾ

**മാർപാപ്പായുടെ ഈ വർഷത്തെ കുരിശിന്റെ വഴിയുടെ ഏഴു ഭാഗങ്ങൾ. അടുത്ത ലക്കത്തിൽ ഇതിന്റെ മറ്റു ഏഴു ഭാഗങ്ങൾ.**

"ഒരു വ്യക്തിയുടെ ജീവിതത്തിലുണ്ടാവുന്ന ഉത്ഥാന അനുഭവം അയാളുടെ മാത്രം പരിശ്രമം കൊണ്ടുണ്ടാകുന്നതല്ല. മറിച്ച്, അയാളോട് ബന്ധപ്പെട്ടു നിൽക്കുന്ന പലരുടെയും കൂട്ടായ ശ്രമത്തിന്റെ ഫലമാണ്." കഴിഞ്ഞ മാസം ഒരു ഇറ്റാലിയൻ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ അഭിപ്രായപ്പെട്ടു. ഈ ചിന്തയുടെ വെളിച്ചത്തിൽ 2020-ലെ ദുഃഖവെള്ളിയാഴ്ച ദിനത്തിൽ കുരിശിന്റെ വഴി പ്രാർഥനയ്ക്ക് വിചിന്തനങ്ങൾ എഴുതാൻ പാപ്പാ ചുമതലപ്പെടുത്തിയത് ആരെയാണെന്നോ? പാദുവയിലെ 'ദുവേ പലാറ്റ്സി' എന്ന ജയിലുമായി ബന്ധപ്പെട്ട സഭാ വിശ്വാസികളെ. തടവുകാർ മാത്രമല്ല, ജയിലർ, മജിസ്ട്രേറ്റ്, തടവുകാരുടെ കുടുംബാംഗങ്ങൾ, കുറ്റകൃത്യത്തിന് വിധേയരായവർ തുടങ്ങി പല വ്യക്തികൾ തങ്ങളുടെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കുരിശിന്റെ വഴിയുടെ ഓരോ സ്ഥലങ്ങളും ധ്യാനിച്ചെഴുതാൻ മാർപാപ്പ ആവശ്യപ്പെട്ടു. നിരപരാധി ആയിരുന്നിട്ടും കുറ്റക്കാരനായി വിധിക്കപ്പെട്ട ഒരു വൈദികനും അതിൽ ഉൾപ്പെടുന്നു.

ഏപ്രിൽ മൂന്നാം തിയതി ഇത്തരത്തിലുള്ള പതിനാലു പേരുടെ വിചിന്തനങ്ങൾ ഉൾപ്പെടുത്തിയ 'കുരിശിന്റെ വഴി' ഇറ്റാലിയൻ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. എല്ലാവരുടെയും സ്വകാര്യത മാനിക്കപ്പെടാൻ വേണ്ടി എഴുതിയവരുടെ പേരുകൾ വെളിപ്പെടുത്തിയിട്ടില്ല. കുരിശിന്റെ വഴികളിലൂടെ യഥാർഥ ജീവിതത്തിൽ കടന്നു പോകുന്നവരുടെ ഈ വിചിന്തനങ്ങൾ നിശ്ചയമായും നമ്മുടെ കണ്ണുകളെ ഈറനണിയിക്കും.

വ്യത്യസ്തത നിറഞ്ഞ ഈ കുരിശിന്റെ വഴിയിലൂടെ സമൂഹത്തിൽ മാറ്റിനിറുത്തപ്പെടുന്നവരെ ചേർത്തു പിടിച്ച ക്രിസ്തുഹൃദയം തന്നെയാണ് തന്റേത് എന്ന് ഒരിക്കൽക്കൂടി ഫ്രാൻസിസ് പാപ്പാ തെളിയിക്കുകയാണ്. ഈ വ്യാകുലനാളുകളിൽ തങ്ങൾ ഒറ്റപ്പെട്ടുപോയെന്ന് ആർക്കും തോന്നരുതെന്ന് ആ നല്ല ഇടയന് സ്നേഹശാഠ്യം ഉള്ളതുപോലെ തോന്നും. കുരിശിന്റെ വഴി 'പ്രകാശത്തിന്റെ വഴി' ആയി മാറുന്ന ഈ വിചിന്തനങ്ങൾ ധ്യാനാത്മകമായി വായിക്കുന്നത് നമ്മുടെ ആത്മീയജീവിതത്തിന് തീർച്ചയായും ഉപകരിക്കും.

## പ്രാരംഭ പ്രാർഥന

ഓ! ദൈവമേ, സർവശക്തനായ പിതാവേ, അങ്ങയുടെ ഏകജാതനായ ഈശോയുടെ കുരിശുമരണത്തിലൂടെ മനുഷ്യകുലത്തിന്റെ സകലവിധ മുറിവുകളും യാതനകളും അവിടന്ന് ഏറ്റെടുത്തല്ലോ. അതിനാൽ തന്നെ, നല്ല കള്ളനോട് ചേർന്ന് 'എന്നെയും ഓർക്കണമേ' എന്ന് നിലവിളിക്കാൻ ഞങ്ങൾക്ക് ധൈര്യം ലഭിച്ചിരിക്കുന്നു. ഈ തടവറയുടെ ഇരുട്ടിൽ ഒറ്റപ്പെട്ടവനായി ദാഹിക്കുന്നവനും നഗ്നനും പരിത്യക്തനുമായ ഞാനിതാ അങ്ങയുടെ തിരുമുമ്പിൽ നിൽക്കുന്നു. എന്റെ മുറിവുകളിൽ ക്ഷമയുടെയും ആശ്വാസത്തിന്റെയും തൈലം പുരട്ടി സുഖപ്പെടുത്തണമേ. ഹൃദയത്തിൽ സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും ബലം പകരുന്ന വീഞ്ഞ് നിറയ്ക്കണമേ. അങ്ങേ കൃപ എന്നെ സുഖപ്പെടുത്തട്ടെ. നിരാശയിൽ പ്രത്യാശ കൈവിടാതിരിക്കാൻ എന്നെ പഠിപ്പിച്ചാലും.

എന്റെ കർത്താവേ, എന്റെ ദൈവമേ, ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസം പരിഹരിച്ച് തുണയാകണമേ. കരുണയുള്ള ദൈവമേ, പുതിയ അവസരങ്ങൾ തന്നും ദിവ്യസ്നേഹത്താൽ പൊതിഞ്ഞും ഇപ്പോഴും അങ്ങ് എന്നിൽ വിശ്വാസം അർപ്പിക്കുന്നുണ്ടെന്ന് തെളിയിക്കേണമേ. അവിടത്തെ സഹായത്താലും പരിശുദ്ധാത്മകൃപയാലും എനിക്കും അങ്ങയെ തിരിച്ചറിയാനും സഹോദരങ്ങളിൽ അങ്ങേയ്ക്ക് ശുശ്രൂഷ ചെയ്യാനും സാധിക്കട്ടെ. ആമേൻ.



## 1 ഈശോ മരണത്തിനു വിധിക്കപ്പെടുന്നു (ലൂക്കാ 23,20-25)

*വിചിന്തനം: ജീവപര്യന്തം തടവ് ശിക്ഷ അനുഭവിക്കുന്ന ഒരാൾ*

"അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക" എന്ന ആക്രോശം എത്രയോ തവണ കോടതിമുറികളിലും പത്രമാധ്യമങ്ങളിലും ഞാനും കേട്ടിരിക്കുന്നു. വിക്കനായിരുന്നതിനാൽ കുഞ്ഞുനാളിലേ ആരംഭിച്ചതാണ് എന്റെ കുരിശാരോഹണങ്ങൾ. എല്ലാവരാലും പരിഹസിക്കപ്പെട്ട് പഠനം ചെറിയ ക്ലാസ്സിലെ അവസാനിപ്പിക്കേണ്ടി വന്നു. തുടർന്ന്, ഓരോ തരത്തിലുള്ള ജോലികൾ ചെയ്തു ജീവിക്കുന്നതിനിടെ ജീവിതം കൈവിട്ടു പോകുന്നത് ഞാൻ അറിഞ്ഞില്ല. പതിയെ ഒരു ബറാബ്ബാസ് ആയി മാറുകയായിരുന്നു ഞാൻ. ഏറ്റവും വലിയ ശിക്ഷ ഞാനിപ്പോൾ അനുഭവിക്കുന്നത് മനഃസ്സാക്ഷിയിൽ നിന്നു തന്നെയാണ്. ഈ തടവറയിൽ ഏകനായിരുന്ന് ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ വായിക്കുമ്പോൾ ഞാൻ വിതുമ്പിക്കരയാറുണ്ട്. ഇതിനുള്ളിൽ ഇരുപത്തിയൊമ്പത് വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും കരയാൻ കണ്ണീർ എനിക്ക് ശേഷിക്കുന്നുണ്ട്. കണ്ണീരൊഴുക്കുന്ന ശിമയോനും ദുഷ്ടനായ ബറാബ്ബാസും ആർത്തിപൂണ്ട യൂദാസുമൊക്കെ എന്റെ ഉള്ളിൽത്തന്നെ മിന്നിമറയുന്നത് ഞാൻ അറിയുന്നു.

ഞാനും എന്റെ പിതാവും ഒരുമിച്ചാണ് ശിക്ഷയ്ക്ക് വിധിക്കപ്പെട്ടത്. തൊട്ടപ്പുറത്തുള്ള സെല്ലിൽ നിന്ന് പല രാത്രികളിലും അദ്ദേഹത്തിന്റെ തേങ്ങൽ കേൾക്കാമായിരുന്നു. അദ്ദേഹം ഇപ്പോൾ ജീവനോടെയില്ല. സത്യത്തിൽ, ഈ ഇരുമ്പഴികൾ എന്നെ രക്ഷയിലേയ്ക്ക് നയിക്കാൻ കാരണമായെന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു. നിരപരാധിയായിരുന്നിട്ടും ശിക്ഷയ്ക്കു വിധിക്കപ്പെട്ട ക്രിസ്തു എന്റെ ഇരുളടഞ്ഞ ജീവിതത്തിലേയ്ക്ക് കടന്നുവന്ന് പലപ്പോഴും സാന്ത്വനപ്പെടുത്തുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ബറാബ്ബാസിനെപ്പോലെ ജീവിക്കാനിടയായ നാളുകളോർത്ത് പശ്ചാത്തപിക്കുകയും ദൈവകരുണ യാചിക്കുകയും ചെയ്യാറുണ്ട്.

ഈശോയെ, ഇന്നും നിന്നെ കുരിശിൽ തറയ്ക്കാൻ ആക്രോശിക്കുന്നവരുടെ കൂട്ടത്തിൽ ഒരുപക്ഷേ, ഞങ്ങളും ഉണ്ടായേക്കാം. ഞങ്ങൾ അത് തിരിച്ചറിയുന്നുണ്ടാവില്ല. ഈ തടവറയ്ക്കുള്ളിൽ നിന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. നിന്നെപ്പോലെ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു ജയിലഴികൾക്കുള്ളിൽ കഴിയുന്ന എല്ലാവരോടും യുഗാന്ത്യത്തിൽ നിന്റെ യഥാർഥ വിധി കാത്തിരിക്കുന്ന സകലരോടും കരുണയായിരിക്കേണമേ.

**നമുക്ക് പ്രാർഥിക്കാം**

ദൈവമേ, അനുരഞ്ജന കൂദാശയിലൂടെ അവിടത്തെ കരുണാർദ്രസ്നേഹം അനുഭവിക്കാൻ ഞങ്ങൾക്കിടയാകുന്നുവല്ലോ. എല്ലാവരിലുമുള്ള ദൈവസാന്നിധ്യം തിരിച്ചറിഞ്ഞു പരസ്പരം മാനിക്കുവാൻ ഞങ്ങൾക്ക് കൃപയരുളേണമേ.

## 2 ഈശോയുടെ മേൽ ഭാരമുള്ള കുരിശ് ചുമത്തപ്പെടുന്നു (മർക്കോ 15,6-20)

***വിചിന്തനം: കൊല്ലപ്പെട്ട ഒരു പെൺകുട്ടിയുടെ മാതാപിതാക്കൾ***

ഞങ്ങളുടെ രണ്ടു പെൺമക്കളിൽ ഒരാൾ അവളുടെ സുഹൃത്തിനൊപ്പം ദാരുണമായി കൊല്ലപ്പെട്ടു. മറ്റെയാൾ അക്രമിയിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെട്ടെങ്കിലും ഭീകരമായ ആ അനുഭവം അവളുടെ പുഞ്ചിരി എന്നേയ്ക്കുമായി മായ്ച്ചു കളഞ്ഞിരിക്കുന്നു. ദൈവം എന്തിനാണ് ഇങ്ങനെ ചെയ്തത് എന്ന് പലപ്പോഴും ചോദിച്ചു പോയിട്ടുണ്ട്. തോളിൽ വയ്ക്കപ്പെട്ട കുരിശിന്റെ ഭാരം നാളുകൾ പിന്നിട്ടിട്ടും തെല്ലും കുറഞ്ഞിട്ടില്ല. പ്രതീക്ഷിച്ചിരുന്ന നീതിയും സമാധാനവും ലഭിച്ചിട്ടില്ല. വാർധക്യത്തിലെത്തിയ ജീവിതം ഇപ്പോൾ അക്ഷരാർഥത്തിൽ ഇരുളിന്റെ നിഴലിലാകേണ്ടതാണ്. എന്നാൽ, ഞങ്ങൾ ഇതിനെ മറികടക്കുന്നത് എങ്ങനെയെന്നോ? പരസ്പരം സ്നേഹിച്ചും മറ്റുള്ളവർക്ക് നന്മ ചെയ്യാൻ ലഭിക്കുന്ന ഓരോ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും. ഞങ്ങൾ വഹിക്കുന്നതിലും ഭാരമേറിയ കുരിശ് സ്വയം ഏറ്റെടുത്തു കാൽവരി കയറി ക്ഷമയുടെയും കരുണാർദ്രസ്നേഹത്തിന്റെയും മാതൃക കാണിച്ചുതന്ന ക്രൂശിതനായ ഈശോയിലാണ് ജീവിതത്തിന്റെ സന്ധ്യാവേളയിൽ ഞങ്ങൾ പ്രകാശം കണ്ടെത്തുന്നത്.

കർത്താവേ, നിരപരാധിയായിരുന്നിട്ടും നിന്നെ ഉപദ്രവിക്കുകയും നഗ്നനാക്കുകയും പരിഹസിക്കുകയും ചെയ്തതോർത്ത് ഞങ്ങൾ ദുഖിക്കുന്നു. അതിക്രമങ്ങളും തിന്മകളും അനുഭവിക്കേണ്ടിവന്ന സകലരെയും ദൈവപിതാവിന്റെ കരങ്ങളിലേയ്ക്ക് ഭരമേല്പിക്കുന്നു.

**നമുക്ക് പ്രാർഥിക്കാം**

ഏകജാതനെ ഞങ്ങളുടെ രക്ഷയ്ക്കായി അനുവദിച്ചുതന്ന പിതാവേ, ഞങ്ങളുടെ ഇരുളടഞ്ഞ ജീവിത സാഹചര്യങ്ങളിൽ പ്രത്യാശയുടെ കിരണം വീശണമേ. "അവിടത്തെ രാജ്യം വരണമേ" എന്ന് നിത്യം പ്രാർഥിക്കുന്ന ഞങ്ങളുടെ സഹനങ്ങളിൽ ആശ്വാസവും പരീക്ഷകളിൽ തുണയുമാകേണമേ.

## 3 ഈശോ ഒന്നാം പ്രാവശ്യം വീഴുന്നു (ഏശ 53,46)

***വിചിന്തനം: ഒരു തടവുകാരൻ***

'ഒരു തവണയേ ഞാൻ വീണിട്ടുള്ളു, എന്നാൽ ആ വീഴ്ച മാരകമായിരുന്നു, മറ്റൊരാളുടെ ജീവൻ അപഹരിക്കാൻ മാത്രം ഗൗരവമേറിയത്. അന്നുവരെ നിർദോഷമായിരുന്ന ജീവിതത്തിൽ 'കൊലപാതകി' എന്ന ലേബൽ പതിച്ചുകിട്ടാൻ വൈകാരിക വിക്ഷോഭത്തിന് അടിമയായിപ്പോകുന്ന ഒരൊറ്റ നിമിഷം മതി എന്ന് ഞാൻ തിരിച്ചറിഞ്ഞു.'

'എന്നെയും ഓർക്കണേ' എന്ന് കുരിശിൽ നിലവിളിച്ച വലതുവശത്തെ കള്ളന്റെ പുതിയ പതിപ്പാണ് ഞാൻ എന്ന് തോന്നാറുണ്ട്. പലരിൽ നിന്നും മുറിവേറ്റ ഒരു ബാല്യകാലമായിരുന്നു എന്റേത്. എല്ലാവരും തങ്ങളുടെ താത്പര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുന്നതായി തോന്നി. ഒരുതരം പകയോടെ വളർന്നു വരാൻ അത് ഇടയാക്കി. ഉള്ളിൽ വെറുപ്പിന്റെ കൊടിയ വിഷം പടരുന്നത് തിരിച്ചറിഞ്ഞപ്പോഴേയ്ക്കും ഒരു മനുഷ്യജീവന്റെ ഉത്തരവാദിയായി ഞാൻ മാറിയിരുന്നു. തടവറയ്ക്കുള്ളിൽ എല്ലാവരിൽ നിന്നും പീഡനമേൽക്കേണ്ടിക്കൂടി വന്നപ്പോൾ ജീവനൊടുക്കാൻ പലതവണ ആലോചിച്ചതാണ്.

കുടുംബത്തിന്റെ സൽപേര് ഞാൻ കളഞ്ഞു കുളിച്ചു. ചെയ്തുപോയ തെറ്റിന് ഒരു തരത്തിലുള്ള ന്യായീകരണത്തിനും മുതിരുന്നില്ല. എന്നാൽ, നഷ്ടപ്പെട്ടുപോയ ദൈവവിശ്വാസം തിരികെക്കിട്ടാൻ ജയിലിൽ കണ്ടുമുട്ടിയ ചിലർ ഇതിനോടകം സഹായിച്ചു. സത്യത്തിൽ, എന്റെ ആദ്യവീഴ്ച ലോകത്തിലെ നന്മ തിരിച്ചറിയാൻ കഴിയാതെപോയി എന്നതാണ്. അതിന്റെ ഒരു പരിണിതഫലം മാത്രമായിരുന്നു ഞാൻ ചെയ്ത കൊടിയ പാതകം.

ഈശോ പരിക്ഷീണിതനായി നിലത്തു വീണുവല്ലോ. ഒരുപക്ഷേ, അപ്രതീക്ഷിതമായ ആ ആദ്യവീഴ്ചയിലായിരിക്കാം അവിടന്ന് ഏറ്റവുമധികം വേദന അനുഭവിച്ചത്. തങ്ങൾക്ക് വന്നുപോയ വീഴ്ചകൾ അംഗീകരിക്കാതെ അതിനെ ന്യായീകരിക്കുന്ന സകലരെയും മാനസാന്തരത്തിനായി തിരുക്കരങ്ങളിലേയ്ക്ക് സമർപ്പിക്കുന്നു.

**നമുക്ക് പ്രാർഥിക്കാം**

ദൈവമേ, പാപത്തിൽ വീണുപോയ മനുഷ്യകുലത്തെ പുത്രനെ അയച്ചു കൈപിടിച്ചുയർത്താൻ അങ്ങ് തിരുമനസ്സായല്ലോ. ഞങ്ങളുടെ ബലഹീനതകളിൽ തുണയാവുകയും പ്രപഞ്ചം നിറഞ്ഞിരിക്കുന്ന അങ്ങയുടെ സ്നേഹം ഞങ്ങളുടെ അനുദിന ജീവിതത്തിലനുഭവിക്കുവാൻ സഹായിക്കുകയും ചെയ്യണമേ.

## 4 ഈശോ തന്റെ അമ്മയെ കണ്ടുമുട്ടുന്നു (യോഹ 19,25-27)

***വിചിന്തനം: ഒരു തടവുകാരന്റെ അമ്മ***

കുറ്റക്കാരനായി വിധിക്കപ്പെട്ട എന്റെ മകനെ തള്ളിപ്പറയാൻ ഒരു നിമിഷം പോലും എനിക്ക് തോന്നിയിട്ടില്ല. അവനെ അറസ്റ്റ് ചെയ്ത നാൾ മുതൽ എന്റെയും കുടുംബം മുഴുവന്റെയും മനസ്സ് അവനോടൊത്താണ്. ആളുകളുടെ ക്രൂരമായ വാക്കുകളും പരിഹാസം കലർന്ന നോട്ടവും എന്റെ ഹൃദയം വ്യാകുലവാളാൽ പിളർത്തുന്നുണ്ട്. ഈ സങ്കടവേളകളിലൊക്കെ പരിശുദ്ധ മറിയത്തിന്റെ സാന്ത്വനം ഞാൻ അനുഭവിക്കുന്നുണ്ട്. സമാനമായ വേദനയിലൂടെ കടന്നുപോയ അവൾക്കല്ലാതെ മറ്റാർക്കാണ് എന്നെ മനസ്സിലാക്കാനാകുക!

സ്നേഹിച്ചവരൊക്കെ തള്ളിപ്പറഞ്ഞപ്പോഴും ഭയന്നോടി മറഞ്ഞപ്പോഴും പിന്മാറാതെ കുരിശിന്റെ ചുവട്ടിൽ നിന്ന മറിയമാണ് എന്റെ മാതൃക. അവളുടെ വാത്സല്യം നിറഞ്ഞ മിഴികളിൽ നോക്കിയാവണം ക്രിസ്തു കുരിശിലേറാനുള്ള ധൈര്യം സംഭരിച്ചത്. എന്റെ കുഞ്ഞിന് വന്നുപോയ തെറ്റുകൾക്ക് ഞാൻ എന്നെത്തന്നെയാണ് കുറ്റപ്പെടുത്തുന്നത്. അവൻ ഈ ശിക്ഷാനാളുകൾ നന്മയിലേയ്ക്ക് തിരികെവരാനുള്ള അനുതാപകാലമാക്കി മാറ്റാൻ തീക്ഷ്ണമായി ഞാൻ പ്രാർഥിക്കുന്നുണ്ട്.

**അനുതപിക്കുന്ന ഹൃദയത്തിൽ നിന്ന് ഉതിർന്നു വീഴുന്ന കണ്ണുനീർത്തുള്ളികൾ കൃപയുടെ വിത്തുകളാണ്, നമുക്ക് സങ്കല്പിക്കാനാവാത്ത സൗന്ദര്യമുള്ള മണിമുത്തുകൾ!**

ഈശോയെ, കുരിശുമായുള്ള യാത്രയിൽ അമ്മയെ കണ്ടുമുട്ടിയ നിമിഷമാവും അവിടന്ന് ഏറ്റവും വ്യാകുലപ്പെട്ടത്. തങ്ങളുടെ പ്രിയപ്പെട്ടവർക്കു സംഭവിച്ച ദുർവിധിയോർത്ത് പരിതപിക്കുന്ന സകലരെയും പരിശുദ്ധ മറിയത്തിന്റെയും ഈശോയുടെയും ആർദ്രമായി പരസ്പരം നോക്കിനിന്ന മിഴികൾക്കിടയിലേക്ക് സമർപ്പിക്കുന്നു.

**നമുക്ക് പ്രാർഥിക്കാം**

മറിയമേ, ദൈവമാതാവേ, തിരുസഭയുടെ അമ്മേ, തങ്ങളുടെ മിഴിനീർ എന്നേയ്ക്കുമായി തുടച്ചുമാറ്റപ്പെടുന്ന ആ നാളിനായി നോക്കിപ്പാർക്കുന്ന സകലരെയും അവിടത്തെ അനുകമ്പാർദ്ര നോട്ടത്തിനായി ഭരമേൽപിക്കുന്നു. ആമ്മേൻ.

## 5 ശിമയോൻ ഈശോയെ സഹായിക്കുന്നു (ലൂക്ക 23,26)

*വിചിന്തനം: ഒരു തടവുകാരൻ*

അനേകം വിദ്യാർഥികളെ എന്റെ ഇടപെടലിലൂടെ ആത്മവിശ്വാസത്തിലേയ്ക്ക് വളർത്തിക്കൊണ്ടു വന്നിട്ടുണ്ട്. എന്നാൽ, ഒട്ടും നിനച്ചിരിക്കാതെയാണ് ജീവിതഗതി തന്നെ മാറ്റിമറിച്ചുകൊണ്ട് അപകീർത്തികരമായ ഒരു കുറ്റം ആരോപിക്കപ്പെട്ടത്. അത് സാധൂകരിക്കാൻ എന്റെ ജോലി തന്നെ അവർ ആയുധമാക്കി. തടവറയ്ക്കുള്ളിലായി ഞാൻ, തടവറ എന്നിലും. നാട്ടിലും വീട്ടിലും ദുഷിക്കപ്പെട്ടവനായി, ജീവിതം കൈവിട്ടു പോയി. പലപ്പോഴും ഈ അവസ്ഥയ്ക്ക് കാരണക്കാരനായ ആ കുട്ടിയുടെ ചിത്രം മനസ്സിൽ തെളിയാറുണ്ട്.

മുഷിഞ്ഞ ഷൂസും ഡ്രസ്സും ധരിച്ച അവനെപ്പോലെ തന്നെയായിരുന്നു ഒരിക്കൽ ഞാനും. മൂന്നു പോലീസുകാർ വന്ന് എന്നെ അറസ്റ്റ് ചെയ്ത ആ നിമിഷമോർക്കുമ്പോൾ ഇപ്പോഴും നടുങ്ങാറുണ്ട്. എന്റെ മേൽ വച്ചുതന്ന ഭാരമേറിയ കുരിശിനോട് പൊരുത്തപ്പെടാൻ ഞാൻ എന്തുമാത്രം ക്ലേശിച്ചുവെന്നോ! എത്രയോ രാത്രികൾ അതോർത്ത് വ്യസനിച്ച് ഉറക്കമില്ലാതെ കഴിച്ചുകൂട്ടി.

എന്നാൽ, ഇവിടെ വച്ചാണ് ഞാൻ കിറേനേക്കാരനായ ശിമയോനെ കണ്ടുമുട്ടിയത്. എന്റെ കുരിശിന്റെ ഭാരം ലഘൂകരിക്കാൻ സഹായിച്ച ഓരോരുത്തരും എനിക്ക് ശിമയോനാണ്. എന്റെ ഭാര്യ ആദ്യം എന്നെ സന്ദർശിക്കാൻ ജയിലിൽ വന്നപ്പോൾ തന്റെ കൈയിലുണ്ടായിരുന്ന മിഠായിപ്പൊതി അവൾക്കു കൊടുക്കാൻ നിർബന്ധിച്ചു തന്നുവിട്ട സഹതടവുകാരൻ മുതൽ അനേകരുണ്ടിപ്പോൾ എനിക്ക് ചുറ്റും ശിമയോനായി. എനിക്ക് പ്രായമേറി വരുകയാണ്. എങ്കിലും എന്റെ ആഗ്രഹവും പ്രാർഥനയും ഇതാണ്: ജീവിതത്തിൽ ഇനിയും മറ്റുള്ളവരെ വിശ്വസിക്കാൻ എനിക്ക് കഴിയുന്ന ഒരു നാൾ വരണം. ചിലരുടെയെങ്കിലും കുരിശു താങ്ങാൻ സഹായിക്കുന്ന ശിമയോനാകണം.

കർത്താവായ ഈശോയെ, പുൽക്കൂടു മുതൽ കുരിശു വരെ അവിടത്തേയ്ക്ക് മനുഷ്യന്റെ സഹായവും തുണയും വേണമായിരുന്നല്ലോ. ഭാരമേറിയ നുകങ്ങൾ വഹിക്കുന്ന സഹോദരങ്ങൾക്ക് തുണയാകുന്ന ശിമയോനാകാൻ ഞങ്ങൾക്കും സാധിക്കട്ടെ.

**നമുക്ക് പ്രാർഥിക്കാം**

പാവങ്ങളുടെ സങ്കേതവും വേദനിക്കുന്നവരുടെ സമാശ്വാസവുമായ തമ്പുരാനേ, അങ്ങയുടെ സ്നേഹത്തിന്റെ പ്രമാണം മടികൂടാതെ വഹിച്ചുകൊണ്ട് ജീവിതവഴിയിൽ സഞ്ചരിക്കാൻ ഞങ്ങളെ തുണയ്ക്കണമേ.

## 6 വേറോണിക്ക ഈശോയുടെ തിരുമുഖം തുടയ്ക്കുന്നു (സങ്കീ 27,8-9)

*വിചിന്തനം: ജയിലിലെ ഒരു പ്രബോധകൻ*

തകർന്ന ഹൃദയത്തോടെ നിലവിളിച്ചു കരയുന്ന പലരുടെയും കണ്ണീരൊപ്പാൻ തടവറയിൽ ദൈവം എന്നെ ഉപകരണമാക്കുന്നുണ്ട്. പലപ്പോഴും അവ ഒഴുകിത്തീരാൻ ഞാൻ അനുവദിക്കാറുമുണ്ട്. തങ്ങൾക്ക് അതിജീവിക്കാനാകാത്ത തിന്മയുടെ പിടിയിലമർന്ന് കരകയറാൻ സാധിക്കാതെ നിരാശയുടെയും പരാജയത്തിന്റെയും ഏകാന്തതയുടെയും പശ്ചാത്താപത്തിന്റെയും ചിന്തകളുമായി കരൾ നീറിക്കഴിയുന്ന അനേകർ ഇവിടുണ്ട്. എന്റെ സ്ഥാനത്ത് ഈ തടവറയിൽ ഈശോ ആയിരുന്നു നിയോഗിക്കപ്പെട്ടിരുന്നതെങ്കിൽ ഇവരെ എങ്ങനെ സമാശ്വസിപ്പിക്കുമായിരുന്നു എന്ന് ഞാൻ ആലോചിക്കാറുണ്ട്.

ഉത്തരം മനുഷ്യന്റെ കേവലയുക്തിക്ക് അപ്പുറമാണെങ്കിൽപ്പോലും ഇങ്ങനെ ചെയ്യാൻ എന്നോട് ഈശോ ആവശ്യപ്പെടുന്നതായി പലപ്പോഴും തോന്നാറുണ്ട്. “നീ മുൻവിധിയില്ലാതെ അവരുടെ അരികിലായിരിക്കുക, വേദനകൾക്ക് കാതോർക്കുക, നിശ്ശബ്ദതയെ മാനിക്കുക, നിന്റെ കുറവുകളേയും പോരായ്മകളേയും ഞാൻ അനുകമ്പയോടെ കാണുന്നതുപോലെ അവരോടും പെരുമാറുക.” ജീവനും പ്രതീക്ഷയും പകരുന്ന ക്രിസ്തുവിന്റെ കരുണാർദ്രമായ നോട്ടം എല്ലാവർക്കും പ്രത്യേകിച്ച് തടവറമക്കൾക്ക് ഓരോ ദിവസവും നവീകരിക്കപ്പെടാനുള്ള അവസരം നൽകുന്നുവെന്നതിൽ സംശയമില്ല. അനുതപിക്കുന്ന ഹൃദയത്തിൽ നിന്ന് ഉതിർന്നു വീഴുന്ന കണ്ണുനീർത്തുള്ളികൾ കൃപയുടെ വിത്തുകളാണ്, നമുക്ക് സങ്കല്പിക്കാനാവാത്ത സൗന്ദര്യമുള്ള മണിമുത്തുകൾ!

കർത്താവായ ഈശോയേ, സഹിക്കുന്ന ഒരാളിൽ തമ്പുരാന്റെ മുഖം ദർശിച്ച് ആശ്വസിപ്പിക്കാൻ വേറോനിക്കായ്ക്കു സാധിച്ചുവല്ലോ. വേദനിക്കുന്നവരുടെ കണ്ണീരൊപ്പാൻ നിയുക്തരായിരിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർഥിച്ചുകൊണ്ട് അവരെ അവിടത്തെ കരങ്ങളിലേയ്ക്ക് ഏൽപിച്ചു തരുന്നു.

**നമുക്ക് പ്രാർഥിക്കാം**

സത്യപ്രകാശവും സകല വെളിച്ചത്തിന്റെ ഉറവിടവുമായ ദൈവമേ, ഞങ്ങളുടെ ബലഹീനതകളിൽ അങ്ങേ സ്നേഹത്തിന്റെ ശക്തിയും തീവ്രതയും വെളിപ്പെടുത്തുന്നവനേ, തിരുമുഖഛായ ഞങ്ങളുടെ ഹൃദയങ്ങളിലും പതിപ്പിക്കണമേ. സഹിക്കുന്ന മനുഷ്യരിൽ ദൈവഛായ ദർശിച്ച് അവരെ സമാശ്വസിപ്പിക്കുവാൻ അങ്ങനെ ഞങ്ങൾക്കും സാധിക്കട്ടെ. ആമേൻ

## 7 ഈശോ രണ്ടാം പ്രാവശ്യം വീഴുന്നു (ലൂക്കാ 23,34)

*വിചിന്തനം: ഒരു തടവുകാരൻ*

പണ്ടൊക്കെ ഒരു ജയിലിന്റെ മുന്നിലൂടെ കടന്നു പോകാനിടയായാൽ ഞാൻ മുഖം തിരിച്ചുകളയുമായിരുന്നു. അഥവാ അങ്ങോട്ട് നോക്കാൻ ഇടയായാൽതന്നെ ഉള്ളിൽ സങ്കടവും ഇരുളും നിറഞ്ഞിരുന്നു. ജീവനുണ്ടെങ്കിലും മരിച്ചവർക്ക് തുല്യരായ കുറെ മനുഷ്യരെ മറവു ചെയ്തിരിക്കുന്ന സെമിത്തേരി സമാനമാണ് ജയിലെന്ന് എനിക്ക് തോന്നിയിരുന്നു. ‘ഞാൻ ഒരിക്കലും അവിടെ എത്തുകയില്ല’ എന്ന് അഹങ്കാരത്തോടെ ചിന്തിച്ചിരുന്നു. എന്നാൽ, ഞാനിതെഴുതുന്നത് അവിടെ നിന്നാണ്. ഞാൻ മാത്രമല്ല എന്റെ കുടുംബം മുഴുവൻ ജയിലഴികൾക്കുള്ളിലാക്കാൻ എന്റെ ദുഷ്പ്രവൃത്തികൾ ഇടയാക്കി. എന്റെ പിതാവും സഹോദരനും ഞാനും ഒരു മുറിയിലും അമ്മ തൊട്ടപ്പുറത്തെ മുറിയിലുമായി ശിക്ഷ അനുഭവിക്കുന്നു.

**ജീവിതത്തിൽ രണ്ടു തവണ വീണുപോയിട്ടുണ്ടെന്ന് ഏറ്റു പറയുന്നു. ആദ്യത്തേത്, ദിവസം പത്തു മണിക്കൂറോളം നടുവൊടിഞ്ഞു പണിയെടുത്ത് സമ്പാദിക്കുന്ന അപ്പനെ പുച്ഛിച്ച് പണമുണ്ടാക്കാൻ കുറുക്കുവഴി തേടി മയക്കുമരുന്ന് വിൽക്കാൻ തുടങ്ങിയപ്പോഴാണ്.**

എനിക്ക് എന്നെക്കുറിച്ചു വല്ലാത്ത ലജ്ജ തോന്നുന്നു. ഞാനൊരു മനുഷ്യനാണോ എന്നുപോലും ചിന്തിച്ചുപോകാറുണ്ട്. പാവം എന്റെ മാതാപിതാക്കൾ. വാർധക്യത്തിൽ ഞാൻ മൂലം അവർക്ക് ഈ ഗതി വന്നല്ലോ.

ജീവിതത്തിൽ രണ്ടു തവണ വീണുപോയിട്ടുണ്ടെന്ന് ഏറ്റു പറയുന്നു. ആദ്യത്തേത്, ദിവസം പത്തു മണിക്കൂറോളം നടുവൊടിഞ്ഞു പണിയെടുത്ത് സമ്പാദിക്കുന്ന അപ്പനെ പുച്ഛിച്ച് പണമുണ്ടാക്കാൻ കുറുക്കുവഴി തേടി മയക്കുമരുന്ന് വിൽക്കാൻ തുടങ്ങിയപ്പോഴാണ്. രണ്ടാമത്തേത്, ദുർമാർഗങ്ങളിൽ സഞ്ചരിച്ച് കുടുംബം തകർത്ത ശേഷം ‘എനിക്കുവേണ്ടി മരിക്കാൻ ഞാൻ ക്രിസ്തുവിന് ആരാണ്...? എന്ന് ചോദ്യം ചെയ്ത് അവിടത്തെ രക്ഷാകരസ്നേഹത്തെ തള്ളിപ്പറഞ്ഞപ്പോഴാണ്. എന്നാൽ, “പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവരറിയുന്നില്ല, ഇവരോട് പൊറുക്കേണമേ” എന്ന ക്രിസ്തുവിന്റെ നിലവിളി എന്റെ അകൃത്യങ്ങൾ മൂലം വേദന തിന്നുന്ന അമ്മയുടെ കണ്ണുകളിൽ എനിക്ക് കാണാനായി.

പിന്നീട് ജയിൽ മുറിക്കുള്ളിൽ നിശ്ശബ്ദനായി തേങ്ങിയിരുന്ന അപ്പന്റെ മുഖത്തും ഞാനത് കണ്ടു. ഉള്ളിൽ ഇരുട്ട് നിറഞ്ഞ ആ നാളുകളിൽ എന്താണ് ചെയ്തുകൂട്ടുന്നതെന്നു ഒരു വെളിവും ഇല്ലായിരുന്നു. ഇപ്പോൾ ദൈവസഹായത്താൽ ജീവിതം പുനർനിർമിക്കാൻ പരിശ്രമിക്കുകയാണ്. ഞാൻ തെരുവിലാകാതിരിക്കാൻ എനിക്കുവേണ്ടി തങ്ങൾക്കുള്ള സമ്പത്തെല്ലാം വിൽക്കാൻ തയ്യാറായ പൊന്നു മാതാപിതാക്കളോട് ഞാൻ എന്തുമാത്രം കടപ്പെട്ടിരിക്കുന്നുവെന്നോ! ഇനി ഒരിക്കലും തിന്മയുടെ വഴികളിൽ സഞ്ചരിക്കയില്ലെന്നു തീരുമാനമെടുക്കാൻ എനിക്ക് സാധിച്ചത് വലിയ ദൈവാനുഗ്രഹമായി ഞാൻ കാണുന്നു.

ഈശോനാഥാ, തിന്മയോടുള്ള എന്റെ ആസക്തി മൂലമാണല്ലോ നീ വീണ്ടും മുഖംകുത്തി നിലത്തു വീണത്. ഇനിയും തിന്മയുടെ വശീകരണത്തിൽ നിന്നു മോചിതരാകാൻ സാധിക്കാതിരിക്കുന്ന എല്ലാവർക്കുംവേണ്ടി ഞങ്ങൾ സ്വർഗീയ പിതാവിനോട് വിശ്വാസത്തോടെ കേണപേക്ഷിക്കുന്നു.

**നമുക്ക് പ്രാർഥിക്കാം**

ഓ! ദൈവമേ, അവിടന്ന് ഞങ്ങളെ ഒരിക്കലും ഇരുളിലും മരണത്തിന്റെ നിഴലിലും ഉപേക്ഷിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ ബലഹീനതകളിൽ ബലം പകർന്നാലും, തിന്മയുടെ കെട്ടുകളിൽ നിന്ന് സ്വതന്ത്രരാക്കി അങ്ങയുടെ കരുത്തേറിയ സംരക്ഷണത്താൽ പൊതിഞ്ഞു പിടിച്ചാലും. ആമേൻ.

*(അടുത്ത ലക്കത്തിൽ ശേഷിക്കുന്ന ഇതിന്റെ ഏഴു ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്)*



അഥീന കാരേക്കാട്ടിൽ, പാലക്കാട്

## കുട്ടികളെ അവരുടെ പാട്ടിനു വിട്ടേക്കൂ...

ഞാൻ കൈക്കുഞ്ഞായിരിക്കുമ്പോൾ മുതൽ എന്റെ മാതാപിതാക്കൾ എന്നെയുംകൊണ്ട് നിരവധി ജീസസ് യൂത്ത് പരിപാടികളിൽ പോയിട്ടുണ്ട്. ധാരാളം ജീസസ് യൂത്ത് ചേട്ടന്മാരും ചേച്ചിമാരും ഞങ്ങളുടെ വീട്ടിൽ വരുകയും പ്രയർ മീറ്റിംഗ് നടത്തുകയും ചെയ്യാറുണ്ടായിരുന്നു. ഇതൊക്കെ കണ്ടാണ് ഞാൻ വളർന്നുവന്നത്. അതുകൊണ്ടുതന്നെ ഓരോ പ്രോഗ്രാമും എനിക്ക് ഓരോ ഫാമിലി മീറ്റായാണ് അനുഭവപെട്ടിട്ടുള്ളത്.

'യെസ് ലോർഡ്' എന്ന ഗാനം പാടിയാണ് ഞാൻ വളർന്നുവന്നത്. നന്നേ ചെറുപ്പത്തിൽതന്നെ അപ്പൻ എനിക്ക് ആക്ഷൻ സോങ്ങ്സ് പഠിപ്പിച്ചു തന്നിരുന്നതിനാൽ പരിപാടികളിൽ പാട്ടുകൾ പാടുമ്പോൾ എനിക്ക് വലിയ ഇഷ്ടമായിരുന്നു. വീട്ടിൽ എപ്പോഴും പാട്ട് വയ്ക്കുക പതിവുണ്ടായതിനാൽ ചെറുപ്പത്തിൽതന്നെ എനിക്ക് നിരവധി പാട്ടുകൾ അറിയാമായിരുന്നു. അങ്ങനെ എനിക്ക് പാടാനുള്ള കഴിവുണ്ടെന്ന് തിരിച്ചറിഞ്ഞ അപ്പൻ എന്നെ നന്നായി പ്രോത്സാഹിപ്പിച്ചു. കൂടാതെ ഞങ്ങളെല്ലാവരെയും മ്യൂസിക് ഇൻസ്ട്രുമെന്റ്സ് പഠിപ്പിച്ചു തുടങ്ങി. ഇതിനുള്ളിൽ ഞങ്ങളുടെ പ്രായത്തിനനുയോജ്യമായ ജീസസ് യൂത്തിന്റെ നിരവധി പ്രോഗ്രാമുകളിൽ ഞങ്ങൾ കുടുംബം ഒന്നിച്ചു പങ്കെടുത്തിരുന്നു. ഇതിലൂടെയെല്ലാം ഈശോയും ഞാനുമായി നല്ലൊരു ബന്ധം ഞാൻ പോലുമറിയാതെ എന്നിൽ വളർന്നുവന്നു.



കുഞ്ഞിലേ മുതൽ എല്ലാ ദിവസവും രാവിലെ, അമ്മ നിർബന്ധിച്ചു ദിവ്യബലിക്ക് കൊണ്ടുപോകുമായിരുന്നു. അതിന്നും ഞാൻ തുടരുന്നു. നിരവധി ദൈവവചനങ്ങൾ പഠിപ്പിക്കുകയും ജപമാല ചൊല്ലുമ്പോൾ വിവിധ ഭാഷകളിൽ ചൊല്ലിക്കുകയും പതിവായിരുന്നു. വലുതായപ്പോൾ വിവിധ സംഗീത ഉപകരണങ്ങൾ കൊണ്ട് ഞങ്ങൾ കുടുംബപ്രാർഥന രസകരമാക്കി തുടങ്ങി. ഇതിലൂടെ മാതാവുമായും നല്ലൊരു ബന്ധം എന്നിൽ രൂപപ്പെട്ടു.

ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ ചേട്ടനും കൂട്ടുകാരും ചേർന്ന് ഒരു മ്യൂസിക് ബാൻഡ് ഫോം ചെയ്തു. അതിന്റെ പ്രാക്ടീസ് ഞങ്ങളുടെ വീട്ടിൽ വച്ചായിരുന്നു നടത്തിയിരുന്നത്. പാരന്റ്സിന്റെ മേൽനോട്ടത്തിലായിരുന്നു ഇതെല്ലം നടന്നിരുന്നത്. ഈശോയെ ലോകമെങ്ങും പോയി പ്രഘോഷിക്കണം എന്നതായിരുന്നു ഞങ്ങളുടെ പ്രാർഥന. പ്രാർഥനയുടെ മറുപടിയെന്നപോലെ പിറ്റേവർഷം ശാലോം ടീവിയിൽ ധാരാളം പ്രോഗ്രാം ചെയ്യാൻ ഈശോ അവസരം നൽകി.

എവിടെ പ്രോഗ്രാമിനു പോകുമ്പോഴും ചേച്ചിയും ചേട്ടനും ഉള്ളതാണ് എന്റെ ബലം. അതിലുപരി അപ്പനും അമ്മയും ചേട്ടനും ചേച്ചിയും അനിയനും ഞാനും അടങ്ങുന്ന എന്റെ ഫാമിലി സ്ട്രെങ്ത് പറഞ്ഞാൽ തീരില്ല. അനേകം വേദികളിൽ വയലിൻ വായിച്ചും പാട്ടുപാടിയും ഈശോയെ മഹത്വപ്പെടുത്താൻ, ദൈവം ദാനമായി നൽകിയ കഴിവുപയോഗിച്ചു ദൈവത്തെ പ്രഘോഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.



എലിയ മരിയ സാബി, തലശ്ശേരി

## ഒരു 'ചലോ' അനുഭവം

ദൈവം എനിക്കുതന്ന നിരവധി അനുഗ്രഹങ്ങളിൽ ഒന്നാണ് ചലോ എന്ന പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിച്ചു എന്നത്. രണ്ടുവർഷം മുമ്പ് മധ്യപ്രദേശിൽ വച്ചു നടന്ന ഈ പ്രോഗ്രാം എന്നെ ഒരുപാട് ദൈവാനുഭവങ്ങളിലേക്ക് നയിക്കാൻ ഇടയായി. വളരെ വ്യത്യസ്തമായൊരു മിഷൻ അനുഭവമാണ് ഈ പ്രോഗ്രാംവഴി എനിക്ക് ലഭിച്ചത്.



മധ്യപ്രദേശിലെ ഉൾഗ്രാമങ്ങളെ അറിഞ്ഞുകൊണ്ടുള്ള മിഷൻ യാത്ര എനിക്ക് നല്ലൊരു ദൈവാനുഭവമായിരുന്നു. ക്രിസ്തുവിനെ കുറിച്ചോ ക്രിസ്ത്യാനികളെ കുറിച്ചോ അധികം കേട്ടിട്ടില്ലാത്തവരുടെ ഗ്രാമത്തിലായിരുന്നു ഞങ്ങൾ പ്രവർത്തിച്ചത്. ഞങ്ങളെ സ്വന്തം കുടുംബാംഗങ്ങളെ പോലെ സ്വീകരിക്കുകയും ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ വളരെ സന്തോഷത്തോടെ മനസ്സിലാക്കുകയും ചെയ്ത അവർ ഞങ്ങളെ ശരിക്കും വിസ്മയിപ്പിച്ചു. അതിൽ പ്രമീള എന്നൊരു പെൺകുട്ടി യേശുവിനെക്കുറിച്ച് ഞങ്ങളോട് വന്നു ചോദിച്ച്, അവളുടെ കുടുംബാംഗങ്ങളോടും കൂട്ടുകാരോടും ഞങ്ങളേക്കാൾ ആവേശത്തോടെ പറഞ്ഞ് യേശുവിനു സാക്ഷിയായി മാറിയത് ഞങ്ങളെ വലിയ തിരിച്ചറിവിലേക്കും അതുപോലെതന്നെ വലിയൊരു ദൈവാനുഭവത്തിലേക്കും നയിച്ചു.'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന് ഈശോയുടെ വാക്കുകൾ വളരെ ആനന്ദത്തോടെയും ഉത്സാഹത്തോടെയും നിറവേറ്റിയ പ്രമീള ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവമാണ്.



മരിയ പോൾ



# തൃശൂരിൽ നിന്നും ഒരു 'തീർഥയാത്ര'

**തൃശൂരിൽ നിന്നും തമിഴ്നാട്ടിലെ തെങ്കാശിക്കടുത്തുള്ള സ്നേഹവീടിന്റെ തീരങ്ങളിലേക്ക് നക്ഷത്രം വഴികാട്ടിയായ ഒരു തീർഥയാത്ര.**

ക്രിസ്മസ് എങ്ങനെ വെറൈറ്റിയായി സെലിബ്രേറ്റ് ചെയ്യാം, ഈശോയെ എങ്ങനെ കൂടുതൽ സന്തോഷിപ്പിക്കാം എന്നെല്ലാം വിചാരിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ഞങ്ങളുടെ തൃശൂർ സോണിൽനിന്നും മിഷൻ ടീമിന്റെ നേതൃത്വത്തിൽ 10 ദിവസത്തെ മിഷൻ യാത്ര പോകുന്നുണ്ടെന്ന കാര്യം അറിഞ്ഞത്. ലീവ് കിട്ടുമോ എന്നൊന്നും നോക്കിയില്ല. ചാടിക്കേറി ഓക്കേ പറഞ്ഞു.

പിന്നെ ഒരു ഒന്നൊന്നര കാത്തിരിപ്പാണ്. എങ്ങനെയായിരിക്കും എന്തായിരിക്കും എന്നൊന്നും അറിയാതെ ആ ദിവസത്തിനു വേണ്ടി പ്രാർഥിച്ചുകൊണ്ടുള്ള കാത്തിരിപ്പ്. പക്ഷേ എന്തു പറയാൻ, ഞങ്ങളുടെ എല്ലാ പ്രതീക്ഷകൾക്കും വിരാമമിട്ടുകൊണ്ട് കേന്ദ്രസർക്കാർ പൗരത്വബിൽ പാസ്സാക്കി. ആകെ പ്രശ്നങ്ങളായി, ബഹളമായി. ഞങ്ങളുടെ അദിയാബാദ് മിഷൻയാത്ര ക്യാൻസലായി. ആകെ ശോകം. എന്നിരുന്നാലും എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം നിറവേറട്ടെ എന്ന് പറഞ്ഞ് ദൈവഹിതത്തിന് ആമേൻ പറഞ്ഞ് ഞങ്ങൾ കാത്തിരുന്നു. പക്ഷേ, നമ്മുടെ ഈശോ അല്ലേയാള്. നമ്മൾ അവസാനിച്ചു എന്ന് വിചാരിക്കുന്നിടത്തുനിന്നാണ് ആളു തുടങ്ങുക എന്ന് പറഞ്ഞത് എത്ര കറക്റ്റാണ്. ക്യാൻസൽ ചെയ്തതിന്റെ പിറ്റേ ദിവസംതന്നെ മിഷൻ യാത്ര റൂട്ട് മാറിവീണ്ടും പ്ലാൻ ചെയ്തു. ലിൻസൺ മാഷും സിബിചേച്ചിയും 4 മക്കളും പിന്നെ ഞങ്ങൾ 10 പേരും വണ്ടികയറി, അങ്ങ് തമിഴ്നാട്ടിലോട്ട്.

തമിഴ്നാട് തെങ്കാശിക്ക് അടുത്ത് അൻപ് ഇല്ലം എന്ന ഒരു സ്ഥലത്തേക്കായിരുന്നു ഞങ്ങളുടെ യാത്ര. രാജേഷച്ചനും 2 സിസ്റ്റേഴ്സും (സുജ സിസ്റ്ററും ക്രിസ്റ്റി സിസ്റ്ററും). പിന്നെ ബുദ്ധിക്ക് സ്ഥിരതയില്ലാത്ത 100-ഓളം മക്കളും അടങ്ങിയ അൻപ് ഇല്ലം എന്ന സ്നേഹത്തറവാട്ടിലോട്ട് (മക്കൾ എന്നാണ് അവിടെ അച്ചൻ അവരെ വിളിക്കുന്നത്). അവരുടെ സ്നേഹത്തിന്റെ ഭാഗമാകാൻ ഞങ്ങൾക്കും ഭാഗ്യം കിട്ടി എന്നു പറയുന്നതാവും അതിന്റെ ശരി. സ്നേഹം എന്നു പറയുമ്പോൾ നിസ്വാർഥമായ സ്നേഹമാണ്. നമ്മുടെ ദൈവം തമ്പുരാൻ നമ്മെ സ്നേഹിച്ച അതേ സ്നേഹം. തിരിച്ച് കിട്ടില്ല എന്നറിഞ്ഞിട്ടും സ്നേഹിക്കുന്ന ഒരുതരം സ്നേഹമില്ലേ, അതേസ്നേഹം. അങ്ങനെയാണ് ഇവിടെയുള്ള ഓരോ മക്കളെയും അച്ചനും സിസ്റ്റേഴ്സും നോക്കുന്നത്.

**പോലീസ് സ്റ്റേഷനിൽ നിന്നും തെരുവീഥികളിൽ നിന്നും പല ജീവിത സാഹചര്യങ്ങളിൽ നിന്നും ജരാനര ബാധിച്ചും വസ്ത്രം ഇല്ലാതെയും പുഴുവരിച്ചും ഒക്കെ കിട്ടിയ ഇവരുടെ അവസ്ഥ ഇപ്പോൾ അങ്ങനെയൊന്നും അല്ലാട്ടോ.**



ഇവിടെയുള്ള ഓരോരുത്തർക്കും വ്യത്യസ്തങ്ങളായ കഥകളാണുള്ളത്. പോലീസ് സ്റ്റേഷനിൽ നിന്നും തെരുവീഥികളിൽ നിന്നും പല ജീവിത സാഹചര്യങ്ങളിൽ നിന്നും ജരാനര ബാധിച്ചും വസ്ത്രം ഇല്ലാതെയും പുഴുവരിച്ചും ഒക്കെ കിട്ടിയ ഇവരുടെ അവസ്ഥ ഇപ്പോൾ അങ്ങനെയൊന്നും അല്ലാട്ടോ.

എന്നും രാവിലെ എഴുന്നേറ്റ് വി. കുർബാനക്ക് ശേഷം ഞങ്ങൾ ഈ അക്കമാരുടെയും അണ്ണന്മാരുടെയും അടുത്തേക്ക് പോകും. അവരെ പല്ലുതേപ്പിക്കും കുളിപ്പിക്കും ഭക്ഷണം കൊടുക്കും അവരോടൊപ്പം ചുമ്മാതങ്ങ് നടക്കും, കളിക്കും, വിശേഷങ്ങൾ പറയും. അവർ പറയുന്നതെല്ലാം കേട്ടിരിക്കും. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:35) എന്ന ഈശോയുടെ വചനം ജീവിക്കാൻ ഈ ഒരാഴ്ചക്കാലം കൊണ്ട് ഞാൻ പഠിച്ചു.

അതിനൊരു കാരണവുമുണ്ട്. ഞാൻ നഴ്സിംഗ് പഠിക്കുന്ന സമയത്ത് സൈക്യാട്രി പോസ്റ്റിംഗിന് പോകുമ്പോൾ ആരോരുമില്ലാത്ത ഒത്തിരി രോഗികളെ കണ്ടിട്ടുണ്ട്, ഇടപഴകാൻ അവസരം കിട്ടിയിട്ടുണ്ട്. പക്ഷേ, അന്നൊക്കെ മരുന്നുകൊടുക്കലും അസൈൻമെന്റ് കംപ്ലീറ്റാക്കലും മാത്രമായിരുന്നു മെയിൻ പണി. എന്നാൽ അതിലുമപ്പുറത്തേക്ക് അവരൊക്കെ ഭക്ഷണം കഴിക്കുന്നുണ്ടോ, കുളിക്കുന്നുണ്ടോ, പല്ലുതേക്കുന്നുണ്ടോ എന്നുള്ള കാര്യങ്ങളൊന്നും ചിന്തയിൽ പോലും വന്നിരുന്നില്ല. അവരെയൊന്നും മനസ്സ് തുറന്ന് സ്നേഹിച്ചിരുന്നില്ല എന്നതായിരുന്നു സത്യം.

ഈ മിഷൻ യാത്ര സ്വന്തം കാഴ്ചപ്പാടുകളെത്തന്നെ മാറ്റിമറിച്ചു എന്നുവേണം പറയാൻ. നമ്മളെ സ്നേഹിക്കുന്നവരെ മാത്രം നമ്മൾ സ്നേഹിച്ചാൽ അതിൽ എന്ത് മേന്മയാണുള്ളത്. നമ്മെ സ്നേഹിക്കാത്തവരെക്കൂടി സ്നേഹിക്കുന്നതല്ലേ ഹീറോയിസം. നമ്മുടെ ഈശോയും അതുതന്നെയല്ലേ നമ്മെ പഠിപ്പിക്കുന്നേ. നമുക്കും പങ്കുചേരാമെന്നേ നമ്മുടെ ചങ്കിന്റെ മിഷനിൽ. മറ്റുള്ളവരെ സ്നേഹിക്കാം, നിസ്വാർഥമായി സ്നേഹിക്കാം. അതിനായി നമ്മുടെ മനസ്സുകളെ ഒരുക്കാം, പ്രാർഥിക്കാം പ്രയത്നിക്കാം.

ഈ യാത്രകൊണ്ട് മറ്റു പല ഗുണങ്ങളും ഉണ്ടായീട്ടോ. വീട്ടിൽ പണിയെടുക്കാനുള്ള ആൺപിള്ളേരുടെ മടിയെല്ലാം മാറി. ചെറിയ വി. കുർബാന നോക്കി അതിനു പോയിരുന്നവർ പാട്ടുകുർബാനയും റാസാകുർബാനയും ഇഷ്ടപ്പെട്ടു തുടങ്ങി. പ്രകൃതിയോടുചേർന്ന് വ്യക്തിപരമായി പ്രാർഥിക്കാൻ തുടങ്ങി. പലവിധത്തിൽ ആന്തരികമായി സൗഖ്യം ലഭിച്ചു. ജീവിതത്തിൽ മറക്കാനാകാത്ത ഒരു ക്രിസ്മസ് ഓർമ ലഭിച്ചു. ഒത്തിരി നനവുള്ള പുഞ്ചിരികൾ, അനുഗ്രഹങ്ങൾ, സ്നേഹത്തലോടലുകൾ... ■





രശ്മി ജോയി പുറക്കാടൻ

*ചൈൽഡ് & അഡോളസെന്റ് കൗൺസിലർ, കുടുംബമായി ബാംഗ്ലൂർ താമസിക്കുന്നു..*
*resmijpurakkadan@gmail.com*

# മുംബൈ *to* കേരള

**മുംബൈയിൽ നിന്നും കേരളത്തിലേക്ക് ജീവിതം മാറ്റപ്പെട്ടപ്പോൾ, നഷ്ടമായെന്ന് കരുതിയ പലതും സത്യത്തിൽ ഇരട്ടിയായി തിരിച്ചു കിട്ടിയതിന്റെ സന്തോഷം പങ്കുവയ്ക്കുകയാണ് ആനി ജോൺ.**

വിവാഹാനന്തരം 2000 മുതൽ 2006 വരെ ആനി ജോൺ ജീസസ് യൂത്ത് ഓഫീസിൽ ജോലി ചെയ്തിരുന്നു. അക്കാലഘട്ടങ്ങളിലെ മനോഹരമായ ഓർമകൾ നിരവധിയാണ്. ജനിച്ചതും വളർന്നതുമെല്ലാം മുംബൈയിലായിരുന്നതിനാൽ ഒരു മുംബൈ മലയാളിയായിരുന്നു ആനി. കല്യാണ ശേഷം കേരളത്തിലേയ്ക്കു വരുന്നതുവരെ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലാണ് ജോലി ചെയ്തിരുന്നത്.

മഹാനഗരത്തിന്റെ തിരക്കും ഒരു വലിയ കുടുംബത്തിന്റെ ഊഷ്മളതയും വിട്ടുകൊണ്ടുള്ള പറിച്ചുനടൽ ആനിയുടെ ജീവിതത്തിൽ ഒരു ഏകാന്തത സൃഷ്ടിച്ചിരുന്നു. വീട്ടിൽ അഞ്ചു സഹോദരങ്ങളായിരുന്നു ആനിക്ക്.



പക്ഷേ ഇവിടെ ഭർത്താവ് ജോണിന്റെ വീട്ടിൽ ജോൺ ഒറ്റ മകനായിരുന്നു. അതുകൊണ്ടുതന്നെയാണ് മുംബൈയിലെ ജോലി ഉപേക്ഷിച്ച് കൊച്ചിയിൽ മാതാപിതാക്കൾക്കൊപ്പം നിൽക്കാൻ ഈ ദമ്പതികൾ അവിടം വിട്ടത്. ആയിടെയാണ് മനോജ് സണ്ണി വഴി ആനി ജീസസ് യൂത്ത് ഓഫീസിൽ എത്തുന്നത്. ഭർത്താവ് ജോണിലൂടെയാണ് ആനി ജീസസ് യൂത്ത് കുടുംബത്തെ അടുത്തറിഞ്ഞത്. ജീസസ് യൂത്ത് ഓഫീസിൽ ആനിയെ കാത്തിരുന്നത് മുംബൈയിൽ നിന്നു പോന്നപ്പോൾ നഷ്ടമായെന്നു കരുതിയ സഹോദരസ്നേഹത്തിന്റെ ഊഷ്മളതയായിരുന്നു.

അക്കാലഘട്ടങ്ങളിൽ ലിന്റൊ സി.പി. (ഫാ. ലിന്റൊ), പ്രീത, ധന്യ, സനീഷ് തുടങ്ങിയവരും ആനിക്കൊപ്പമുണ്ടായിരുന്നു. ആ ആറു വർഷക്കാലവും അത്രമേൽ മനോഹരമായിരുന്നുവെന്നാണ് ആനി പറയുന്നത്. ജീസസ് യൂത്ത് ദേശീയ തലത്തിലൊക്കെ വളർന്നു തുടങ്ങിക്കൊണ്ടിരുന്ന നാളുകളായിരുന്നു അത്. ഓഫീസിൽ വലിപ്പചെറുപ്പമില്ലാതെ എല്ലാ ജോലികളും എല്ലാവരും ഒത്തൊരുമയോടെ ചെയ്യുമായിരുന്നു. കത്തുകളും പോസ്റ്റൽ കാർഡുകളുമായിരുന്നു ആശയവിനിമയ മാർഗം. ആനി പ്രത്യേകമായി നോക്കിയിരുന്നത് 'ദിവ്യജ്യോതി' പ്രൊജക്ടാണ്. അതിനായി സഹായിച്ചുകൊണ്ടിരുന്നത് കേരളത്തിലെ ജീസസ് യൂത്ത് വോളന്റിയേഴ്സും. അതിനാൽതന്നെ ഇവരുമായെല്ലാം നല്ല ബന്ധങ്ങൾ രൂപപ്പെട്ടിരുന്നു. കൂടാതെ പ്രൊജക്ടുമായി ബന്ധപ്പെട്ട കത്തിടപാടുകളിലൂടെയും ഫോൺവിളികളിലൂടെയും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും യുവജനങ്ങളുമായും രൂപതകളുമായും കൂടുതൽ അടുത്തു. അങ്ങനെ മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാനും പല മിഷൻ പ്രദേശങ്ങളിൽ പോകാനും ഒക്കെ സാധിച്ചു.

അയക്കുന്ന കത്തിന്റെ മറുപടികളിലും ഫോൺവിളികളിലും ആനിയുടെ പേരിന്റെ കൂടെ ഒരു വിശേഷണം വന്നുതുടങ്ങി, റവ. സി. ആനി ജോൺ. ഒരു കുടുംബസ്ഥയായ ആനിയെ പലരും സിസ്റ്ററാക്കി. ഫോണിൽ വിളിക്കുന്നവരോട് ഞാൻ സിസ്റ്ററല്ല, വിവാഹജീവിതം നയിക്കുന്ന വ്യക്തിയാണ് എന്ന് ആനി പറയുമ്പോൾ പലർക്കും അത്ഭുതമാണത്. "എങ്ങനെ ഒരു കുടുംബിനിയ്ക്ക് ഇങ്ങനെ ജീവിക്കാൻ പറ്റും?!" അതിനുള്ള മറുപടികൂടിയാണ് ആനി ജീസസ് യൂത്ത് കൂട്ടായ്മയെ ഉയർത്തിക്കാട്ടുന്നത്. ഓഫീസിലെ ജോലി മിക്കപ്പോഴും വീട്ടിലും തുടർന്നിരുന്നു. ഒപ്പം സഹായിക്കാൻ ആനിയുടെ മൂന്നു വയസ്സുകാരൻ മകൻ ഐസക്കും കൂടിയിരുന്നു. കത്തുകളിൽ സീലുവയ്ക്കാനും കവർ ഒട്ടിക്കാനുമെല്ലാം ആ കുഞ്ഞും സഹായിച്ചിരുന്നു. അങ്ങനെ നല്ലൊരു കാലഘട്ടമാണ്, നല്ലൊരു ജീവിതമാണ് ജീസസ് യൂത്ത് ഓഫീസിലൂടെ ആനിക്ക് ലഭിച്ചത്. മുമ്പുണ്ടായിരുന്ന ഗവൺമെന്റ് ജോലിയേക്കാളുപരി എന്നെ തൃപ്തിപ്പെടുത്തിയത് ഇവിടെ ജീസസ് യൂത്ത് ഓഫീസിലെ വോളന്ററി ജോലിയാണ് എന്നാണ് ആനി പറയുന്നത്.

കർത്താവിന്റെ മുന്തിരിത്തോപ്പിലെ ജോലിയ്ക്കു പറഞ്ഞറിയിക്കാനാവാത്ത എന്തോ ഒരു പ്രത്യേകതയുണ്ട്. ഇന്നും നിലനിൽക്കുന്ന ഒത്തിരി ബന്ധങ്ങളും ആ കാലഘട്ടങ്ങളിൽ വളർന്നു. അന്നുലഭിച്ച ആനന്ദം ഇന്നും ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്നു. ഒരർഥത്തിൽ പറഞ്ഞാൽ ജീസസ് യൂത്ത് ഓഫീസും അവിടത്തെ കൂട്ടായ്മയുമാണ് എന്നെ കേരളത്തിൽ പിടിച്ചു നിറുത്തിയത് എന്നും ആനി സാക്ഷ്യപ്പെടുത്തുന്നു.

*(ജീസസ് യൂത്ത് മുൻ നാഷണൽ ടീം മെമ്പറായിരുന്ന ആനി ജോൺ കുടുംബമായി എറണാകുളത്ത് താമസിക്കുന്നു. ഭർത്താവ് ജോൺ വിൽഫ്രഡ്. ജീസസ് യൂത്തിന്റെ ക്യാമ്പസ് ടീം, പ്രൊഫഷണൽ മിനിസ്ട്രി, കൊച്ചി സബ്സോൺ, എറണാകുളം ഷെയറിംഗ് ഗ്രൂപ്പ് തുടങ്ങി നിരവധി ടീമുകളുടെ എൽഡേഴ്സായി ഈ ദമ്പതികൾ സേവനമനുഷ്ടിച്ചിട്ടുണ്ട്. അഞ്ചോളം ഫുൾടൈമേഴ്സ് ബാച്ചുകളുടെ ആനിമേറ്ററായും ആനി ജോൺ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ജീസസ് യൂത്തിന്റെ എറണാകുളം സോൺ എൽഡറാണ് ആനി. മക്കൾ ഐസക്ക്, ജോസഫ്)*

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

# ഓൺലൈൻ കുർബാന അപൂർണം



ഓൺലൈനിൽ കുർബാന കാണുന്നത് പൂർണമായ ആത്മീയതയാണെന്ന് കരുതുന്നവർ ഇന്ന് വർധിച്ചിരിക്കുന്നു. അസാധാരണമായൊരു സാഹചര്യത്തിൽ മാത്രമാണ് ഇതിനു പ്രസക്തിയുള്ളത്. എങ്കിലും അപൂർണമായ വിശ്വാസ ജീവിതമാണിതെന്ന് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. കൂട്ടായ്മയിലാണ് സഭ നിലകൊള്ളുന്നത്. കൂട്ടായ്മയില്ലാതെ, ദിവ്യകാരുണ്യമില്ലാതെ നമ്മുടെ വിശ്വാസ ജീവിതം പൂർണമാകുന്നില്ല. അരൂപിയിലുള്ള ദിവ്യകാരുണ്യ സ്വീകരണം ഒരിക്കലും കൗദാശികമായ ദിവ്യകാരുണ്യ സ്വീകരണത്തിനു പകരമാകുന്നില്ല. തന്റെ ചാപ്പലിലെ ദിവ്യബലിയ്ക്കിടയിലുള്ള പ്രസംഗത്തിലാണു മാർപാപ്പ ഇക്കാര്യം പരാമർശിച്ചത്.

# മാത്തപ്പൻ ചേട്ടന്റെ ലൗ ഹോം

ഇക്കഴിഞ്ഞ ഏപ്രിൽ 20-ന് രാത്രി 9 മണിക്ക് ശാലോം വിഷനിൽ 'ക്രൂശിതന്റെ പാതയിൽ' എന്ന പരിപാടി മാനസിക പ്രശ്നങ്ങളുള്ള സ്ത്രീകൾക്കു വേണ്ടി കടവൂരിൽ ലൗ ഹോം എന്ന സ്ഥാപനം നടത്തുന്ന മാത്തപ്പൻ ചേട്ടനെക്കുറിച്ചായിരുന്നു. കേരള കരിസ്മാറ്റിക് രംഗത്തെ പ്രമുഖനായ ഇടുക്കി തങ്കച്ചായനാണ് മാത്തപ്പൻ ചേട്ടനെ ഇന്റർവ്യൂ ചെയ്തത്. തന്റെ 56-ാം വയസ്സിൽ ആരംഭിച്ച സ്ഥാപനം ഇന്ന് 20 വർഷത്തിനു ശേഷവും വളരെ നല്ല രീതിയിൽ മുന്നോട്ടു പോകുന്നുവെന്ന് മാത്തപ്പൻ ചേട്ടൻ അഭിപ്രായപ്പെട്ടു. പൂർണമായും ദൈവത്തിലാശ്രയിച്ചു നടത്തുന്ന ഈ സ്ഥാപനം നൂറുകണക്കിനു പേർക്ക് ആശ്രയം നല്കിയിരിക്കുന്നു. പലരും ജോലിയിൽ നിന്നും വിരമിക്കുന്ന പ്രായത്തിലാണ് ഇത്രയും വലിയൊരു സ്ഥാപനം പടുത്തുയർത്താൻ മാത്തപ്പൻ ചേട്ടനു കഴിഞ്ഞത്. ഒരുവന്റെ ഹൃദയത്തിൽ വീഴുന്ന വചനം മാംസമായി മാറുന്ന അസുലഭ കാഴ്ചയാണ് നാമിവിടെ കാണുന്നത്.



# കാലുകൊണ്ടു ജീവിതം കെട്ടിപ്പടുത്തവൾ

കൈകളില്ലാതെ പിറന്നവളാണ് തൊടുപുഴ കരിമണ്ണൂർ നെല്ലാനിക്കാട്ട് ജിലുമോൾ മാരിയറ്റ്. 1991-ലായിരുന്നു ജനനം. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ബി.എ ആനിമേഷൻ ആൻഡ് ഗ്രാഫിക്സ് ഡിസൈനിങ്ങിൽ ബിരുദം കരസ്ഥമാക്കി. ഡ്രൈവിങ്ങും പഠിച്ചു. കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടിയാൽ കാലുകൊണ്ടു കാറോടിക്കുന്ന അപൂർവ വ്യക്തിത്വത്തിന് ഉടമയായി മാറും. രണ്ടു കൈകളും രണ്ടു കാലുകളും ഉണ്ടായിട്ടും ഒന്നും നേടാത്തവർ ജിലുമോളുടെ അനുഭവങ്ങൾ പഠിക്കണം.





ജോസഫ് അന്ത്രപ്പേർ

*കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്. josephja@gmail.com*

# ദി ക്രൂഡ്സ്

**ഭൂമിയിൽ സമൂലമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുക്കുകയാണെന്നും, എത്രയും പെട്ടെന്ന് അവിടെ നിന്ന് രക്ഷപ്പെട്ടില്ലെങ്കിൽ മഹാദുരന്തം സംഭവിക്കുമെന്നും 'ഗൈ' മുന്നറിയിപ്പു നൽകുന്നു.**

കൂടുമ്പോൾ ഇമ്പമുള്ളതാണ് 'കുടുംബം'. കുഞ്ഞുങ്ങളെ സ്നേഹത്തിന്റെയും, പങ്കുവയ്ക്കലിന്റെയും, ആദ്യപാഠങ്ങൾ പരിശീലിപ്പിക്കുന്ന, മാനവികതയുടെ ഈറ്റില്ലമായ കുടുംബത്തെ, സഭ ഗാർഹിക ദേവാലയം എന്നാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ, യാഥാർഥ്യം പലപ്പോഴും വ്യത്യസ്തമാണ്. ഒരു ചെറിയ ശതമാനത്തിനെങ്കിലും പലപ്പോഴും കുടുംബം വേദനയുടെയും, മുറിവുകളുടെയും ഓർമകളാണ് സമ്മാനിച്ചിട്ടുള്ളത്.

ഡ്രീംവർക്സ് മൂവീസ് നിർമിച്ചു കിർക് ഡിമിക്കോയും, ക്രിസ് സാൻഡേർസും സംവിധാനം നിർവഹിച്ച 2013-ലെ ചിത്രമാണ് 'ദി ക്രൂഡ്സ്'. അതിപുരാതന കാലഘട്ടത്തിലെ 'ക്രൂഡ്സ്' എന്ന്വിളിക്കപ്പെടുന്ന ഒരു




സാങ്കൽപിക കുടുംബത്തിന്റെ കഥയാണു ചലച്ചിത്രത്തിന്റെ ഇതിവൃത്തം - കുടുംബനാഥൻ ഗ്രെഗ്, ഭാര്യ ഉഗ്ഗ, കൗമാരത്തിലെത്തിയ മകൾ ഈപ്, മകൻ തുങ്ക്, ഇളയ മകനും വൃദ്ധയായ ഭാര്യാമാതാവും ഉൾപ്പെട്ട കുടുംബം. ചുറ്റുമുള്ള ഗുഹാമനുഷ്യരുടെ കുടുംബങ്ങളോരോന്നായി പല പല കാരണങ്ങളാൽ മരിക്കുമ്പോളും, ഗ്രെഗ് തന്റെ അസാമാന്യ ശക്തിയാലും, നിർബന്ധ ബുദ്ധിയാലും കാത്ത് പരിപാലിക്കുന്നു. ചുറ്റുമുള്ള ആപത്തുകളെക്കുറിച്ചു തികഞ്ഞ ബോധ്യമുള്ള ഗ്രെഗ്, തന്റെ കുടുംബത്തിനു വ്യക്തമായ പരിമിതികളും, അതിർ വരമ്പുകളും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചുറ്റുമുള്ള എന്തിനോടും പിതാവിന്റെ വർധിച്ചു വരുന്ന ഭയവും, അതുമൂലമുള്ള നിയന്ത്രണങ്ങളും, മകൾ ഈപിനെ വീർപ്പുമുട്ടിക്കുന്നു.

അങ്ങനെ പിതാവറിയാതെ ഒരു രാത്രിയിൽ, താൻ കണ്ട വെളിച്ചത്തിന്റെ സ്രോതസറിയാൻ ഗുഹയിൽ നിന്നും പുറത്തുകടക്കുന്ന ഈപ്, 'ഗൈ' എന്നു പേരുള്ള ഒരു മനുഷ്യനെ കണ്ടുമുട്ടുന്നു. രൂപത്തിലും, ഭാവത്തിലും തന്നെപ്പോലെയെങ്കിലും, താൻ അറിഞ്ഞിട്ടുള്ള ഗുഹാമനുഷ്യരിൽ നിന്നും ഒത്തിരി വ്യത്യസ്തനാണ് ഗൈ എന്ന് ഈപ് മനസ്സിലാക്കുന്നു - പ്രശ്നങ്ങളെ ശക്തിയേക്കാൾ ബുദ്ധിയുപയോഗിച്ചു നേരിടുന്ന മനുഷ്യൻ. ഭൂമിയിൽ സമൂലമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നും, എത്രയും പെട്ടെന്ന് അവിടെ നിന്ന് രക്ഷപ്പെട്ടില്ലെങ്കിൽ മഹാദുരന്തം സംഭവിക്കുമെന്നും ഗൈ മുന്നറിയിപ്പു നൽകുന്നു. എന്നാൽ തന്റെ കുടുംബത്തെ വിട്ടുപോകുവാൻ താത്പര്യമില്ലാത്ത ഈപ്, തിരിച്ചു വീട്ടിൽ എത്തിയെങ്കിലും, വലിയൊരു ഭൂമികുലുക്കത്തിൽ അവരുടെ ഗുഹ പാടേ നശിക്കുന്നു. ഭൂമികുലുക്കങ്ങളുടെയും, അഗ്നിപർവ്വത സ്ഫോടനങ്ങളുടെയും ഇടയിലൂടെ, കീഴ്മേൽ മറിക്കപ്പെട്ട പുതിയ കാഴ്ചകളുടെ ലോകത്തിൽ മറ്റൊരു ഗുഹയും അന്വേഷിച്ചു ഗ്രെഗ് തന്റെ കുടുംബത്തെയും കൂട്ടിയാത്രയാകുന്നു - കൂടെ ഗൈയും ചേരുന്നു.

ക്രൂഡ്സ് കുടുംബാംഗങ്ങൾ എല്ലാംതന്നെ ഗൈയുടെ പുതിയ നിലപാടുകളെയും, രീതികളെയും ഇരു കൈകളും നീട്ടി സ്വീകരിക്കുമ്പോൾ, അവയെ സംശയത്തോടെ മാത്രംകാണുന്ന ഗ്രെഗ് താമസിയാതെ അവരുടെയിടയിൽ ഒറ്റപ്പെടുന്നു. തുടർന്നുള്ള അവരുടെ സാഹസികത നിറഞ്ഞ യാത്രയും, അതിലൂടെ അവരോരുത്തരും കണ്ടെത്തുന്ന സത്യങ്ങളുമാണ് പിന്നീടുള്ള ചിത്രത്തിന്റെ പ്രമേയം.

ആലങ്കാരികമായി ഇത് എല്ലാ കാലഘട്ടങ്ങളുടെയും കഥയാണ് - മുതിർന്നവരുടെ ചട്ടങ്ങൾക്കും, അതിരുകൾക്കും എതിരെ കലഹിക്കുന്ന യുവതലമുറയും, പുതിയ എന്തിനെയും സംശയത്തോടെ മാത്രം വീക്ഷിക്കുന്ന പഴയതലമുറയും തമ്മിലുള്ള സംഘർഷം. അതിനിടയിലും ഒരു യഥാർഥ പിതാവിന്റെ സ്നേഹവും, കരുതലും, ത്യാഗവും വരച്ചു കാട്ടുവാൻ ക്രൂഡ്സിനു സാധിച്ചിട്ടുണ്ട്. കുടുംബ സദസ്സുകൾക്കു ആസ്വദിക്കാൻ പറ്റുന്ന നല്ല ഒരു ചലച്ചിത്രമാണ് ക്രൂഡ്സ്.



അനിതാ ബാബു

*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.* anithajcyriac@gmail.com


# ആത്മകഥ
## ഫിലിപ്പോസ് മാർ ക്രിസോസ്റ്റം




ക്രിസോസ്റ്റം തിരുമേനിയുടെ പേര് ഹൃദയത്തിൽ സ്നേഹവും ചുണ്ടിൽ പുഞ്ചിരിയും നിറയ്ക്കുന്ന ഒരു അനുഭവമാണ് നമുക്ക്. ജാതിമത ഭേദമെന്യേ മലയാളികളുടെ സ്വകാര്യസ്വത്താണ് അദ്ദേഹം. “ദാ, ഞങ്ങൾ ചിരിക്കാൻ റെഡിയാണ്” എന്ന മനോഭാവത്തോടെയാണ് നാം അദ്ദേഹത്തെ കേൾക്കുന്നതും വായിക്കുന്നതും. അദ്ദേഹത്തിന്റെ മഹദ്വ്യക്തിത്വത്തിന്റെ വേരുകൾ പാകിയ അനുഭവങ്ങളെക്കുറിച്ചും വ്യക്തികളെക്കുറിച്ചുമുള്ള ഓർമപുസ്തകമാണ് ‘ആത്മകഥ’. ചിലപ്പോഴെങ്കിലും അദ്ദേഹത്തിന്റെ മഹത്തായ ജീവിതദർശനങ്ങളെയും പ്രതിഭയെയും കുറിച്ച് അജ്ഞരായ നാം വെറുമൊരു ‘തമാശക്കാരൻ കാരണവരായി’ അദ്ദേഹത്തെ വിലയിരുത്തുന്നതിനെ ഡോ. ബാബു പോൾ ഈ പുസ്തകത്തിന്റെ അവതാരികയിൽ വിമർശിച്ചിട്ടുണ്ട്. ഈ തെറ്റ് തിരുത്തി, നൂറിൽപരം വർഷങ്ങളുടെ അനുഭവ സമ്പത്തിനെ ഒരു പാഠപുസ്തകമാക്കുവാനുള്ള അവസരമാണ് ഈ കൃതി.

പമ്പാനദിക്കരയിലെ വിശ്രമജീവിതത്തിനിടയിൽ വെള്ളപ്പൊക്കം പോലെ പൊങ്ങിയും താഴ്ന്നും ബാല്യകാല സ്മരണകൾ. ഒറ്റമുണ്ടും കൗപീനവും ധരിച്ചുള്ള സ്കൂൾ ജീവിതം പുതിയ തലമുറയ്ക്ക് സങ്കൽപിക്കാനാവുമോ? സ്കൂളിൽനിന്ന് അടികിട്ടുന്ന ദിവസം വീട്ടിൽ നിന്നും കിട്ടുമെന്നത് അലിഖിത നിയമം. കുട്ടി കോപ്പിയടിച്ചത് തന്റെ ഉത്തരവാദിത്വത്തിലുള്ള വീഴ്ചയാണ് എന്ന് പറഞ്ഞ് ശിക്ഷ ഏറ്റുവാങ്ങിയ അധ്യാപകനോളം വലിയ തിരുത്തൽശക്തി ലോകത്തേതുണ്ട്. ‘ധർമിഷ്ഠൻ’ എന്ന പേര് വഴങ്ങാത്തതിനാൽ ‘അമ്പട്ടൻ’ എന്ന് വിളിച്ച കൂട്ടുകാർ ജീവിതസായാഹ്നത്തിലും പുഞ്ചിരിയുണർത്തുന്ന ഓർമയാണ്. മോഷ്ടിച്ച ചക്കപ്പഴം ഹോസ്റ്റൽ വാർഡന് സ്നേഹത്തോടെ പങ്കുവച്ച്, അദ്ദേഹത്തെ കൂട്ടുപ്രതിയാക്കി ശിക്ഷയിൽ നിന്ന് രക്ഷപെട്ടത് എങ്ങനെ മറക്കാനാകും?

ഫിലിപ്പ് ഉമ്മൻ ദൈവവേലയ്ക്ക് ഇറങ്ങിയത് ‘സുബാഷ് ചന്ദ്രബോസ്’ വിളിച്ചതുകൊണ്ടാണ് എന്ന് എത്ര പേർക്കറിയാം? സുവിശേഷത്തിന്റെ ബാലപാഠം തന്നെ പഠിപ്പിച്ചത് ഒരു ഹൈന്ദവ വയോധികനാണ് എന്നു പറയാൻ അദ്ദേഹം ഒട്ടും മടിക്കുന്നില്ല. താൻ ബിഷപ്പാകുവാൻ കാരണം വീട്ടിൽ തേങ്ങയിട്ടിരുന്ന ശങ്കുവാണെന്ന് പറഞ്ഞ് അദ്ദേഹം മനുഷ്യരുടെ പരസ്പര ആശ്രയത്വത്തെക്കുറിച്ചുള്ള വലിയ പാഠം നമ്മെ പഠിപ്പിക്കുന്നു. ജൊലാർപേട്ട് റയിൽവേ സ്റ്റേഷനിലെ പോർട്ടർമാരുടെ കൂടെ ജോലി ചെയ്ത് ഏകദേശം ഒരു മാസത്തോളം അവരെ സ്നേഹിച്ച് സ്വാധീനിച്ച ഈ പുരോഹിതന്റെ ഹൃദയ ഔന്നത്യത്തെ എങ്ങനെ അളക്കാനാവും?

“Joy in one's heart and some laughter on one's lips is a sign that the person has a good grasp of life” അമേരിക്കൻ പത്രപ്രവർത്തകനായ ഹ്യൂ സൈഡിയുടെ വാക്കുകളാണിത്. സ്നേഹിക്കുന്ന, തിരുത്തുന്ന, ചിന്തിപ്പിക്കുന്ന, വേദനിപ്പിക്കാത്ത നർമബോധം ജീവിതത്തെക്കുറിച്ചുള്ള ആഴമേറിയ ബോധ്യത്തിൽനിന്ന് ഉടലെടുക്കുന്നതാണ്. ഇപ്രകാരമുള്ളള ദാത്തമായ നർമബോധത്തിനുടമയായ ക്രിസോസ്റ്റം തിരുമേനിയെ അടുത്തറിയുന്നതിനുള്ള അവസരമാണ് ഈ പുസ്തകം.

# വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

*ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള കെയ്റോസിന്റെ കാഴ്ചപ്പാടുകൾ ഈ പംക്തിയിലൂടെ സംവദിക്കുകയാണ് പ്രഭാഷകനും വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ലേഖകൻ.* sunnykokkappillil@gmail.com

## കോവിഡ് കാലത്തെ ചില ധാർമിക വിചാരങ്ങൾ

കോവിഡിന്റെ ആദ്യ ഘട്ടങ്ങളിൽ ഇറ്റലിയിൽ നിന്നും ബ്രിട്ടനിൽ നിന്നും രണ്ടു നഴ്സുമാരുടെ ഫോൺ സന്ദേശം കേൾക്കാനിടയായി. അവിടെ രോഗികളുടെ വർധനവിനനുസരിച്ച് വേണ്ടത്ര വെന്റിലേറ്ററുകൾ ഇല്ലാതായി. അപ്പോൾ പ്രായം കുറഞ്ഞവർക്കുവേണ്ടി വെന്റിലേറ്റർ മാറ്റേണ്ട അവസ്ഥവന്നു.



ചിലപ്പോഴെങ്കിലും കൂടിയ പ്രായമുള്ളവരെ വെന്റിലേറ്റർ ഒഴിവാക്കി മരണത്തിനു വിട്ടുകൊടുക്കേണ്ടിവന്നത് കുറ്റബോധമുണ്ടാക്കിയെന്ന് അവർ പറഞ്ഞു. അവർക്കു കിട്ടിയ ഓർഡർ അങ്ങനെയായിരുന്നു. അത്രയും നേരംവരെ പുഞ്ചിരി പൊഴിച്ചുകൊണ്ടിരുന്ന വൃദ്ധർ മരണത്തിലേക്കു കടന്നുപോയത് തീവ്രമായ വേദനയോടെ നോക്കിനില്ക്കേണ്ടിവന്നുവെന്ന് നഴ്സുമാർ പങ്കുവച്ചു. ഉരുകിയ മനസ്സോടെ ഒരു നഴ്സ് മനസ്സു തുറന്നത് ഇങ്ങനെയാണ്. "യുവത്വത്തിലുള്ള ഒരു കോവിഡ് രോഗിക്കുവേണ്ടി ഒരു വെന്റിലേറ്റർ കണ്ടെത്തുമ്പോൾ, അതിൽ കിടന്നിരുന്നത് എന്റെ അമ്മ ആയിരുന്നുവെങ്കിൽ ഞാനതു ചെയ്യുമായിരുന്നോ?"

ഒരു യുവതിക്കോ യുവാവിനോ വേണ്ടി പ്രായമായ ഒരാളെ കൊലയ്ക്കുകൊടുക്കേണ്ടി വരുന്നു. വൃദ്ധരുടെ ഉപയോഗം കഴിഞ്ഞു, യുവജനങ്ങളെക്കൊണ്ട് സമൂഹത്തിന് ഇനിയും ധാരാളം ഉപകാരമുണ്ട് എന്ന വാദത്തിലാണ് ഇറ്റലിയിലും മറ്റും വയോജനങ്ങളുടെ വെന്റിലേറ്റർ പിൻവലിക്കാൻ കാരണം. നിയന്ത്രണാതീതമായ ഒരു സാഹചര്യം കടന്നു വരുമ്പോൾ ഇങ്ങനെയൊക്കെയേ പറ്റൂ എന്നത് ധാർമികമായി ശരിയാണോ?

ഇത് അവസാനത്തെ വൈറസ് രോഗമാണെന്നു പറയാൻ നമുക്കു കഴിയില്ല. ഇതിലും വലുത് ഇനിയും കടന്നുവന്നേക്കാം. ആകെയുള്ള വെന്റിലേറ്ററുകളുടെ അഞ്ചും പത്തും ഇരട്ടി രോഗികൾ ഉണ്ടായേക്കാം. വൃദ്ധർ മുഴുവൻ മരിച്ചു പൊയ്ക്കോട്ടെ എന്നു ചിന്തിച്ചാൽ എന്തായിരിക്കും അവസ്ഥ! ഇറ്റലിയിലെ നഴ്സ് പറഞ്ഞതുപോലെ സ്വന്തം മാതാപിതാക്കളെവരെ മരണത്തിനു വിട്ടുകൊടുത്തിട്ട് യുവജനങ്ങൾ മാത്രം ഇനി ജീവിച്ചാൽ മതിയെന്നു നിയമമുണ്ടായാൽ പൂർണമനസ്സോടെ എത്ര പേർക്ക് അനുസരിക്കാൻ കഴിയും? കോവിഡാനന്തര കാലഘട്ടത്തിൽ ഇനിയും ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണിത്. ഇറ്റലിയിലും മറ്റും ഇതു സംഭവിച്ചതായാണ് പറയപ്പെടുന്നത്.

ഒരു യുവാവിനു വേണ്ടി വിശുദ്ധനായ ഒരു വൈദികൻ വെന്റിലേറ്റർ സ്വമനസ്സാ വിട്ടുകൊടുത്ത് മരണം പുൽകിയത് ഇറ്റലിയിലാണ്. സ്വമേധയാ ഇങ്ങനെ ചെയ്യുന്നതും ബോധപൂർവം നിഷേധിക്കപ്പെടുന്നതും വ്യത്യസ്തമാണ്.

## യുവജനങ്ങൾക്കു പ്രത്യാശ നൽകുന്ന സന്ദേശം

ആഗോള കത്തോലിക്കാ സഭയിലെ യുവജന ദിനം ഓശാന ഞായറാഴ്ചയാണ്. 35-ാമത്തെ യുവജന ദിനമാണിത്. ഇതോടനുബന്ധിച്ചു നൽകിയ യുവജന സന്ദേശത്തിൽ മാർപാപ്പ മുന്നോട്ടു വച്ച പ്രധാനമായൊരു ചോദ്യമിതാണ്: "യുവജനങ്ങളേ, നിങ്ങൾക്കു കരയാൻ കഴിയുമോ?" എന്നതാണത്. ഭൗതിക സുഖങ്ങൾക്കു പിന്നാലെ ഓടി നടക്കുന്നവരാണ് ഏറെ യുവജനങ്ങളും. എന്നാൽ, ഈ യാത്രയ്ക്കിടയിൽ പട്ടിണി കിടക്കുന്ന ഒരു കുഞ്ഞിനെ കാണുമ്പോൾ തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവരെ കാണുമ്പോൾ, ചൂഷിതരെ കാണുമ്പോൾ, ദുരുപയോഗിക്കപ്പെട്ടവരെ കാണുമ്പോൾ മനസ്സു നോവാറുണ്ടോയെന്ന് ഫ്രാൻസിസ് പാപ്പാ ചോദിക്കുന്നു. മകന്റെ ശവമഞ്ചത്തിനു പിന്നാലെ കരഞ്ഞുകൊണ്ടു പോകുന്ന നായിനിലെ വിധവയെ കണ്ടപ്പോൾ ക്രിസ്തുവിന്റെ മനസ്സലിഞ്ഞു.

തകർന്നു പോയ യുവജനങ്ങളോട് മാർപാപ്പ പറയുന്നത് മൃതനായി മാറിയ വിധവയുടെ മകനോടു പറഞ്ഞ അതേകാര്യം തന്നെയാണ്:

“സങ്കടങ്ങളിൽ നിന്ന് ഉണർന്നെണീക്കുക.” വിധവയുടെ മകൻ ജീവനിലേക്കു വന്നതു പോലെ നിരാശയിലും തകർച്ചയിലും വീണുകിടക്കുന്ന യുവജനങ്ങൾ അതിൽ നിന്നും ഉയിർത്തെഴുന്നേൽക്കുക.

വലിയ ആഴ്ചയിൽ പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ആത്മീയമായി ആചരിക്കുന്നതു പോലെ ഉയിർപ്പു ഞായറിന്റെ യഥാർഥ സന്ദേശം നാം ഏറ്റുവാങ്ങുന്നുണ്ടോയെന്നു സംശയമാണ്. പെസഹാ ദിനത്തിൽ, ശിഷ്യരുടെ കാൽകഴുകലും വിശുദ്ധ കുർബാനയുടെ സ്ഥാപനവും യൂദാസിന്റെ ഒറ്റിക്കൊടുക്കലുമൊക്കെ നമ്മുടെ ചിന്തയിലേക്കുവരുന്നു. ദുഃഖവെള്ളിയാഴ്ച ഈശോയുടെ പീഡാസഹനവും കുരിശുമരണവും തീവ്രമായ വേദനയോടെ നാം ഉൾക്കൊള്ളുകയും ധ്യാനവിഷയമാക്കുകയും ചെയ്യുന്നു. എന്നാൽ ഈസ്റ്റർ ദിനത്തിൽ ഉയിർത്തെഴുന്നേറ്റ ഈശോയെപ്പറ്റി വിശുദ്ധ കുർബാനയ്ക്കിടയിൽ അനുസ്മരിക്കുന്നുണ്ടെങ്കിലും ദിവസത്തിന്റെ കാതലായ ഭാഗത്ത് ആഘോഷത്തിന്റെ അഥവാ നോമ്പുവീടലിന്റെ തിമർപ്പുകളിലേക്ക് ഒഴുകി വീഴുകയാണ് ചെയ്യുന്നത്. പ്രത്യാശാഭരിതമായ ഒരു നാളെയെക്കുറിച്ച് ഏറെ പ്രതീക്ഷയോടെ കാത്തിരിക്കാനുള്ള അവസരമാണിത്. തകർച്ചയുടെയും നാശത്തിന്റെയും പടുകുഴിയിലാണെങ്കിലും ഈശോയുടെ ഉയിർപ്പ് നവമായ ജീവനിലേക്ക് നമ്മെ ഉയർത്തുന്നുവെന്ന് മാർപാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. അതിനാൽ ഇനിയും ഉയിർപ്പു തിരുനാൾ ഭക്ഷണ സന്തോഷങ്ങളിൽ മാത്രം കുടുങ്ങിക്കിടക്കാനുള്ളതല്ല. ഈ തിരുനാളിന്റെ സന്ദേശമാണ് സകലതും മറന്ന് ഭാവിയിലേക്കു പ്രതീക്ഷയോടെ നോക്കാൻ നമുക്കുകരുത്തു പകരുന്നത്.

# അപ്പൻമാരേ നിങ്ങൾ കാലുപിടിക്കരുത്, തട്ടിമാറ്റും ഞങ്ങൾ

15/04/2020–ലെ ദീപിക ദിനപത്രത്തിൽ വന്ന ഒരു വാർത്ത ഒരു ക്രിസ്ത്യൻ പെൺകുട്ടി അന്യമതക്കാരന്റെ കൂടെ പോയതിനെപ്പറ്റിയായിരുന്നു. ആ വാർത്തയിലെ ഒരു വാക്യം വായിച്ച് അനേകം പേർക്കു ഹൃദയം നൊന്തതായി അറിയാൻ കഴിഞ്ഞു. “സ്റ്റേഷനിൽവച്ച് പെൺകുട്ടിയുടെ അപ്പൻ കരഞ്ഞ് അവളുടെ കാലു പിടിച്ചിട്ടും അപ്പനെ തട്ടിമാറ്റി ആ കുട്ടി ഇറങ്ങിപ്പോയി.” ഈ വാർത്ത വായിച്ചിട്ട് തലശ്ശേരി അതിരൂപതയിലെ കെ.സി.വൈ.എം. ജനറൽസെക്രട്ടറി വിപിൻ ജോസഫ് മാറാടുകുന്നേൽ സോഷ്യൽ മീഡിയയിൽ ഇട്ട കുറിപ്പ് ഇപ്പോൾ വൈറലാണ്. ഈ വിഷയത്തിൽ സഭയുടെ ഭാഗത്ത് തികഞ്ഞ അനാസ്ഥയുണ്ടെന്ന് പ്രസ്തുത കുറിപ്പിൽ ആരോപിക്കുന്നു. വിശ്വാസ പരിശീലനത്തിൽ വലിയ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് വിപിൻ പറയുന്നു. കഴിഞ്ഞ 10–15 വർഷങ്ങളായി അനേകായിരങ്ങൾ ഈ വഴിയിലൂടെ നഷ്ടപ്പെട്ടിട്ടും വേണ്ടത്ര ഗൗരവത്തോടെ ഈ വിഷയത്തെ പ്രായോഗികമായി സമീപിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോയെന്നു സംശയമാണ്. ഇക്കഴിഞ്ഞ 36 വർഷങ്ങളായി വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തി എന്ന നിലയിൽ ഈ ലേഖകനു പറയാനുള്ളതിതാണ്:



1. വിശ്വാസ പരിശീലന രംഗത്തെ ഉടനടി ഉടച്ചു വാർക്കുക.
2. ഈ രംഗത്തുള്ള സകല മത്സര പ്രവണതകളും ഒഴിവാക്കുക.
3. മുതിർന്ന ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാറ്റി കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി അടിയന്തിരമായി പുറത്തിറക്കുക. എന്നു പറഞ്ഞാൽ യുദ്ധകാലാടിസ്ഥാനത്തിൽ ഒരു വർഷത്തിനകമെങ്കിലും തയ്യാറാക്കുക. ഇന്നത്തെ രീതിയിൽ പോയാൽ ഒരു പുതിയ പുസ്തകമുണ്ടാകണമെങ്കിൽ ആറോ ഏഴോ വർഷമെടുക്കും.
4. ക്രിസ്തുവിന്റെ അനന്യതയെ ആഴത്തിൽ പഠിപ്പിക്കുക. ക്രിസ്തുവിലൂടെയല്ലാതെ മറ്റാരിലും രക്ഷയില്ലെന്ന് ബോധ്യപ്പെടുത്തുക.
5. പ്രണയത്തിന്റെ വഞ്ചനാപരവും ക്രൂരവുമായ പൊയ്മുഖങ്ങളെപ്പറ്റി കുട്ടികളെ ബോധവത്ക്കരിക്കുക.
6. സൗഹൃദത്തിന്റെ അതിരുകളെപ്പറ്റി തിരിച്ചറിവു നൽകുക.
7. മാതാപിതാക്കൾക്ക് അവബോധം നൽകുക.
8. വികാരിയച്ചൻമാർ കൂടുതൽ ശുഷ്കാന്തി കാണിക്കുക.

ഈ വിഷയത്തിൽ ഇനിയും വേണ്ടത്ര ഗൗരവത്തോടെ പ്രായോഗിക നടപടികളിലേക്കു കടന്നില്ലെങ്കിൽ നെഞ്ചു തകർന്ന പതിനായിരക്കണക്കിനു മാതാപിതാക്കളുടെ കണ്ണീരിന്റെ വില നൽകാൻ ആർക്കുകഴിയും?


ചിത്രീകരണം: വെങ്കി


കഥ: ആൽഡ്രിൻ ജോസഫ്

# എല്ലാം കടന്നുപോകും

മഴതോർന്ന്, അവസാന തുള്ളികൾ മെല്ലെ കാറ്റിലാടി ചില്ലയിൽ തട്ടി മംഗളവനത്തെ കുതിർന്ന രാവ്...! മെല്ലെ പകലൊളി കിഴക്കുനിന്നുദിച്ച് തുടങ്ങുന്നു. ഒരു പുതിയ അതിഥി, വസന്തകാലം വരവായി. പൂക്കൾ മൊട്ടിട്ടു; മൊട്ടിട്ട പൂക്കളിൽ തേൻ തേടി അലയുന്ന ചിത്രശലഭങ്ങൾ. താഴ്‌വാരത്തെ തഴുകിയൊഴുകുന്ന ഇളംകാറ്റ് ശാന്തമായി വീശിയടിച്ചുകൊണ്ടിരുന്നു. ശാന്തം സുന്ദരം.

ഊഷ്മളമായ സ്നേഹത്തിന്റെയും കാലം. പൂക്കൾ മാത്രമല്ല സൗഹൃദങ്ങളും കുടുംബബന്ധങ്ങളും മൊട്ടിടുന്ന വസന്തം. കഴിഞ്ഞ വേനൽ കടുത്ത വരൾച്ചയായിരുന്നു. നദികളും വനത്തിലെ എല്ലാ ജലാശയങ്ങളും വറ്റിവരണ്ടു... കടുവയും സിംഹവും മുതലയും ആനയും മാനും മുയലും അങ്ങനെ എല്ലാവരും ഒരേ ഉറവയിൽ നിന്നാണ് വെള്ളം കുടിച്ചത്.

ഒരിക്കലും വറ്റാത്ത ആ ഉറവയിൽനിന്ന് ഓരോ കൂട്ടവും ക്ഷമയോടെ കാത്തിരുന്ന് വെള്ളം കുടിക്കുമ്പോൾ അവർ ഭയവും പരസ്പര വൈരവും മറന്നിരുന്നു. പിന്നാലെ വരൾച്ചയേക്കാൾ പ്രയാസകരമായ മഞ്ഞുകാലം. പ്രധാനമായും പ്രായമായവർക്ക് അതിജീവിക്കാനായില്ല. 'മരണം' ദിനവും കൂടിക്കൂടിവന്നു. മൂകമായി അവർ യാത്ര പറഞ്ഞൊഴിഞ്ഞു.



ഭയാനകമായ ശബ്ദത്തോടെ ആലിപ്പഴം വീഴുകയും ഇടിവെട്ടുകയും ചെയ്ത ഒരു രാത്രി. അമ്മക്കടുവ തന്റെ കുഞ്ഞുങ്ങളെയെല്ലാം ചേർത്തണച്ചു പിടിച്ച് ഉറങ്ങുകയായിരുന്നു. മഞ്ഞും മഴയും കാരണം പുറത്തിറങ്ങിയിട്ട് നാളുകളായി. എല്ലാവരും പട്ടിണിയിലാണ്. വിശന്നിട്ട് ഉറക്കം വരാതെ കടുവക്കുഞ്ഞ് ചോദിച്ചു. "പേടിയാവുന്നമ്മേ... നാമെല്ലാവരും മരിക്കുമോ" പൊടുന്നനെ ഒരുഇടിവെട്ട്...! സകലരും ഭയന്നുവിറച്ചു.

അമ്മക്കടുവ ഗുഹയുടെ പുറത്തേക്ക് നോക്കിയിട്ട് പറഞ്ഞു, "ഈ ഇടിവെട്ടും മഞ്ഞും മഴയും കഴിയും, നാളെ പുതിയ പ്രഭാതമുണ്ടാകും, സൂര്യവെളിച്ചം വരും... ഭയപ്പെടേണ്ട എല്ലാം കടന്നുപോകും... ഈ വലിയ സങ്കടത്തിന്റെ നാളുകളും കടന്നുപോകും..." വിശ്വാസത്തിന്റെ ആഴമായ പാഠങ്ങൾ കാടിനെ പ്രകൃതി പഠിപ്പിച്ചതാകാം.

നാമിന്ന് അനുഭവിക്കുന്ന ഈ കൊറോണക്കാലവും കടന്നുപോകും. സമൃദ്ധിയുടെയും സമാധാനത്തിന്റെയും നാളുകൾ വരും. ഭയപ്പെടേണ്ട, തത്ക്കാലം നമ്മളെല്ലാം നമ്മുടെ വീടാകുന്ന ഗുഹകളിൽ തന്നെയിരിക്കുക. കണ്ണുകളടച്ച് ഉൾകണ്ണ് തുറന്ന് പുറത്തേക്കു നോക്കുക, പുതിയൊരു സുവർണകാലം വരാനൊരുങ്ങുകയാണ്.

അതേ, ഇതെല്ലാം കടന്നുപോകും...


AT HOME

 കാർട്ടൂൺ: ജോയ്സ് കെ.ജോസ്

 ആശയം: ജോസ് കുര്യൻ






Subscribe

**Print Magazine / Online Magazine**

www.kairos.global




**Instagram**

www.instagram.com/kairosmalayalam

www.instagram.com/readkairos




Subscribe

**Audio Magazine / YouTube Channel**

www.youtube.com/c/kairosmedia




**Twitter**

www.twitter.com/kairosmalayalam

www.twitter.com/readkairos




**Facebook**

www.facebook.com/ReadKairos

www.facebook.com/ReadKairosGlobal




**Donation**

www.kairos.global

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21, Date of publication: 01/05/2020, ₹50.00

SUBSCRIBE

Print Magazine / Online Magazine

**www.kairos.global**



Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662